UNIVERSITY LIBRARY
20 JAN 1935
MADRAS

# ഗുരുനാഥൻ.

| ലക്കം 4 | 1110 വൃശ്ചികം | പുസ്തകം 14 |
| --- | --- | --- |

## വൎത്തമാനപ്പത്രങ്ങൾ.

(ആർ. ഈശ്വരപിള്ള ബി. എ.)

ലോകവിദ്യാഭ്യാസവിഷയത്തിൽ പ്രവൎത്തിക്കുന്ന ശക്തികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഭാഗം വൎത്തമാനപ്പത്രങ്ങൾ വഹിക്കുന്നുണ്ട്. വിദ്യാലയങ്ങൾ അവയുടെ വ്യാപാരപരിധിയിൽ ബാലന്മാരേയും ആരബ്ധയൗവ്വനന്മാരേയും മാത്രമെ ഉൾപ്പെടുത്തുന്നുള്ളു. ഈ ഘട്ടത്തിൽ അവ പ്രവൃത്തി നിറുത്തുന്നു. ഇത്രയും കഴിഞ്ഞു് അവ അവയുടെ ധൎമ്മസന്താനങ്ങളെ വിസ്തൃതമായ ലോകവീഥിയിലേക്കു തള്ളുന്നു. എന്നാൽ ഇത്രയുംകൊണ്ടു് അവരുടെ വിദ്യാഭ്യാസം അവസാനിക്കുന്നില്ല. അതിനെ തുടൎന്നുകൊണ്ടുപോകുന്നതിനു വേറെ പലതും ഉണ്ടെങ്കിലും അവയിൽ പ്രഥമഗണനീയമായിട്ടുള്ളവ വായനശാലകളും വൎത്തമാനപ്പത്രങ്ങളുമാണ്. പുസ്തകങ്ങളും വൎത്തമാനപ്പത്രങ്ങളും അബദ്ധബോധങ്ങളെ സാവധാനത്തിലെങ്കിലും നിശ്ചയമായി ഉന്മൂലനം ചെയ്യുന്നതിനുള്ള ആയുധങ്ങളാണെന്നു പറയപ്പെട്ടിരിക്കുന്നു. ഇതു് എത്രയൊ വാസ്തവമാണെന്നു പറയേണ്ടതില്ലല്ലൊ. വിദ്യാലയങ്ങൾ വാസ്തവത്തിൽ നമ്മെ വിദ്യ അഭ്യസിപ്പിക്കയല്ല വിദ്യ അഭ്യസിക്കുന്നതിനുള്ള ഉപകരണങ്ങളായ ബുദ്ധിയുടെ വിവിധശക്തികളേയും ഉന്നിദ്രങ്ങളാക്കി ഉത്തേജിപ്പിക്കയും അവയെ ജ്ഞാനസമ്പാദനത്തിനു സന്നദ്ധമാക്കുകയും ലോകരംഗത്തിൽ നേരിടാവുന്ന ദുൎഘടങ്ങളെ ധൈൎയ്യസമേതം അഭിമുഖീകരിക്കുന്നതിനുവേണ്ട ശിക്ഷണം നൽകുകയും സ്വഭാവത്തിന്റെ കോണിച്ച അംശങ്ങളെ സമീകരിക്കയും മററും ചെയ്യുകയാണ്. എന്നാൽ ഇതൊക്കെയുംതന്നെ വിദ്യാലയങ്ങൾ നിൎവ്വഹിക്കുന്നുണ്ടോ എന്നും സംശയമാണ്. വിദ്യാലയത്തിലെ പരാജയം വലിയ സാരമായി ഗണിക്കാനില്ല. ലോകത്തിലെ പരാജയം നമ്മുടെ ജീവിതത്തെ വിഫലമാക്കി എന്നു വന്നേക്കാം. ഇവിടെയാണു നാം സൂക്ഷിക്കേണ്ടതു്.

വിദ്യാഭ്യാസം ബാലന്മാൎക്കും യുവാക്കന്മാൎക്കും നൽകുന്നതുകൊണ്ടു മതിയാകുന്നില്ല. അവരുടെ ഇരുകൂട്ടരുടേയും സംഖ്യയോളംതന്നെയൊ അതിലധികമായൊ "അതീതയൗവന"ന്മാർ, ലോകത്തിലുണ്ട്. അവർതന്നെയാണു ലോകരംഗത്തിലെ പ്രധാന നടന്മാർ. ഇവരാണു ലോകരഥത്തിന്റെ നേമിയെ മുമ്പോട്ടു തള്ളുവാൻ ചുമതലപ്പെട്ടവർ. ഇവരാണു ലോകത്തിലെ പ്രധാന ധുൎയ്യന്മാർ. ഇവരാണു ലോകത്തിന്റെ ഭരണകൎത്താക്കന്മാർ. ഇവരാണു ലോകത്തെ നന്നാക്കുകയൊ വഷളാക്കുകയൊ ചെയ്യുന്നതു്. ഇവരാണു ലോകപോതത്തിന്റെ കൎണ്ണധാരന്മാർ. ഇവരാണ് അടുത്ത തലമുറക്കാരുടെ ഉപദേഷ്ടാക്കളും നേതാക്കളും മാൎഗ്ഗദർശികളുമായിരിക്കുന്നതു്. അവർ അഭ്യസ്തവിദ്യന്മാരായിരുന്നാൽ മാത്രം പോരാ, വൎത്തമാനജ്ഞാനംകൊണ്ടു വൎദ്ധമാനന്മാരായും ഇരിക്കണം. ഇതിനു് ഉപയുക്തമായ ഉപകരണം വൎത്തമാനപ്പത്രങ്ങൾതന്നെയാണു്.

വൎത്തമാനപ്പത്രങ്ങൾ ആദ്യകാലത്തിൽ വാൎത്താവിതരണംകൊണ്ടു തൃപ്തിപ്പെട്ടിരുന്നു. അവയുടെ ചുമതലയും അതുമാത്രംകൊണ്ടു നിൎവ്വഹിക്കപ്പെട്ടു എന്നും വിചാരിച്ചു വന്നിരുന്നു. എന്നാൽ മനുഷ്യവൎഗ്ഗത്തിന്റെ സൎവ്വതോമുഖവും ദ്രുതഗതിയിലുമുള്ള പുരോഗമനം അതിന്റെ സാഹചൎയ്യങ്ങളെക്കൂടി മുമ്പോട്ട് ആകർഷിക്കുന്നതു സഹജമാണല്ലൊ. അതുകൊണ്ടു വൎത്തമാനപ്പത്രങ്ങൾ സ്വഭാവത്തിലും കാൎയ്യത്തിലും കൎത്തവ്യത്തിലും ആദൎശങ്ങളിലും ഒരു ഉയൎന്ന പദം അവലംബിക്കേണ്ടിവന്നു. ഇങ്ങനെ ക്രമേണ വളൎന്നുവളൎന്നു വൎത്തമാനപ്പത്രങ്ങൾ ഇന്നു ലോകത്തിൽ പ്രയുക്തങ്ങളായ ശക്തികളിൽ ഏററവും ബലവത്തായ ഒന്നായിത്തീൎന്നിട്ടുണ്ടു്. ഈ ശക്തി ഇന്ന് ഏതെല്ലാം വിധത്തിൽ വ്യാപരിക്കുന്നുണ്ടെന്നു പറവാൻ പ്രയാസമാണു്. അതു് ഇരുമുനയുള്ള ഒരു ആയുധമാണു്. ഇന്നു ഭരണകൎത്താക്കന്മാരും രാജ്യതന്ത്രജ്ഞന്മാരും അതിനെ അല്പം ശങ്കയോടെ ആണു വീക്ഷിക്കുന്നതു്. അതിന്റെ ശക്തിയെ യഥാമാൎഗ്ഗം ഉപയോഗിക്കുന്നതായാൽ അതിനു പല നല്ല കാൎയ്യങ്ങളും ചെയ്യുന്നതിനു സാധിക്കും. വിപരീതമായാൽ വിപരീതഫലവും അപ്രകാരംതന്നെ. ഇങ്ങനെ രണ്ടിനും മതിയാകുന്ന ഒരായുധത്തെ എത്രയും വിവേകപൂൎവ്വം ഉപയോഗിക്കേണ്ടതാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

പത്രങ്ങൾക്കു് ഇത്ര മഹത്തായ ശക്തിയുള്ളതു് അവ ഒരു രാജ്യത്തെ പൗരാവലിയുടെ പൊതുവായുള്ള അഭിപ്രായത്തെ പ്രതിബിംബിപ്പിക്കുന്നു എന്നുള്ളതുകൊണ്ടാണു്. ചിലപ്പോൾ ഒരു സമുദായത്തിന്റേയൊ ജനവിഭാഗത്തിന്റേയൊ രാഷ്ട്രീയകക്ഷിയുടേയൊ പ്രാതിനിധ്യം വഹിച്ചു എന്നും വരാം. എന്നാൽ അധികവും മററുവിധത്തിലാണു്. ഏതു പത്രത്തിനും പിൻബലമായി ഒരു ജനകീയശക്തി ഇല്ലാതെ വരികയില്ല. അതു

കൊണ്ടു് അതിൻെറ ശബ്ദത്തിന് (അഭിപ്രായത്തിന്) ഒരിക്കലും വിലയില്ലാതെ വരികയില്ല. ഇന്നു ജനാധിപത്യഭരണത്തെ ലാക്കാക്കിയാണല്ലൊ മിക്ക രാജ്യങ്ങളും പ്രയാണം ചെയ്യുന്നതു്. ജനങ്ങൾക്കാണു പ്രതിദിനമെന്നപോലെ ശക്തിവദ്ധിച്ചുവരുന്നതു്. ഈ സ്ഥിതിക്കു ജനങ്ങളുടെ "രസന" എന്നപോലെ കരുതാവുന്ന പത്രങ്ങൾക്കും ശക്തി ഒട്ടുംതന്നെ കുറവല്ല. പാശ്ചാത്യരാജ്യങ്ങളിലൊക്കെ വത്തമാനപ്പത്രങ്ങൾ ഏററവും പരിഷ്കൃതരീതിയിലും കായ്യക്ഷമമാകുംവണ്ണവും നിദ്ദിഷ്ടമാഗ്ഗത്തിൽനിന്നും വ്യതിചലിക്കാതെയും നിഷ്പാക്ഷിണ്യമായും ജനാഭിപ്രായത്തെ നിഭ്ഭയം പ്രതിഫലിപ്പിച്ചുകൊണ്ടും ആണു നടത്തപ്പെട്ടുന്നതു്. അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തിൻെറ യഥാത്ഥവില എന്താണെന്നു് അവർ ഗ്രഹിച്ചുകഴിഞ്ഞു. ഇതിൻെറ ഫലമായി ഇന്നു പത്രപ്രവത്തനം ഒരു ഉയന്നപദത്തെ പ്രാപിച്ചിട്ടുണ്ടു്. അതു രാജ്യത്തിൻെറ ഗണ്യമായ ഒരു ശക്തിയായും തീന്നിട്ടുണ്ടു്.

പൌരസ്ത്യരാജ്യങ്ങളിലും പത്രങ്ങൾ ഈ കാഷ്ടയിൽ എത്തിയിട്ടില്ലെങ്കിലും ഏറെക്കുറെ അവയെ അനുകരിച്ചാണു പ്രവത്തിച്ചുവരുന്നതു്. അവ ഇനിയും നാനാവഴിക്കും വികസിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിലും പത്രപ്രവത്തനം പൂണ്ണതയെ പ്രാപിച്ചുവെന്നു പറയുവാൻപാടില്ലാ; എങ്കിലും അവയുടെ പരമലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണം ഒട്ടും മന്ദഗതിയിലല്ലെന്നും പറയേണ്ടിയിരിക്കുന്നു. അചിരേണ അതു ശങ്കനീയമായ ഒരു ശക്തിയായി തീരുമെന്നു പറയുന്നതിനു ദീഘദശനം ആവശ്യമില്ല. എന്നാൽ ഭൂരിപക്ഷവും അവയുടെ പാവനകൃത്യങ്ങളെ വ്യതിചലനംകൂടാതെ നിവ്വഹിക്കുന്നുണ്ടെന്നുതന്നെ പറയാം. ഇന്നത്തെ രാഷ്ട്രീയവും സാമുദായികവുമായ പുരോഗമനത്തിനു പത്രങ്ങൾ ഒട്ടധികം സഹായിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. നിയമിതമായ പ്രക്ഷോഭണംകൊണ്ടു പല കായ്യങ്ങളും സാധിക്കേണ്ടിയിരിക്കുന്നു. ഈ അവസരത്തിൽ പത്രങ്ങൾക്കു വിലയേറിയ സഹായം ചെയ്‌വാൻ കഴിയുന്നതാണു്. ഭാരതത്തിൻെറ രാഷ്ട്രീയഭാവി ഇനിയും തൈജസാവത്തിനിയിൽ ഉരുകിക്കിടക്കുന്നതേയുള്ളു. അവ ഏതു രൂപത്തെയാണു് അവലംബിക്കാൻ പോകുന്നതെന്നും അവലംബിക്കേണ്ടതെന്നും ഉള്ള പ്രശ്നം ഇനിയും തീരുമാനമായിട്ടില്ല. ഈ ഘട്ടത്തിൽ പൊതുജനാഭിപ്രായത്തെ രൂപവൽക്കരിക്കേണ്ടതു പത്രങ്ങളുടെ ചുമതലയാണു്.

തിരുവിതാംകൂറിലും ഇന്നു പത്രങ്ങൾ ഒട്ടും കുറവല്ല. പത്രങ്ങളുടെ വദ്ധന ജനങ്ങളുടെ പുരോഗമനത്തിൻെറ അസന്നിഗ്ദ്ധമായ ചിഹ്നമാണു്. എന്നാൽ അവയിൽ പലതും വഗ്ഗീയപദത്തിൽനിന്നും ഇനിയും ഉയരേണ്ടതായിട്ടാണിരിക്കുന്നതു്. പത്രങ്ങൾ വിശാലമായ ജനകീയപദ

ത്തിൽനിന്നും കാൎയ്യങ്ങളെ വീക്ഷിച്ചാൽ മാത്രമെ സൎവ്വപ്രകാരേണ അഭിവൃദ്ധ്യുന്മുഖമായി പരിണമിക്കയുള്ളു. വിവിധസമുദായങ്ങളുള്ള ഒരു രാജ്യത്തിൽ—ഭിന്നങ്ങളായ വീക്ഷണകോണങ്ങളെ അവലംബിച്ചു വൎത്തിക്കുന്ന ജനതയുടെ മദ്ധ്യത്തിൽ—പ്രത്യേകതാല്പൎയ്യങ്ങളുടെ സംരക്ഷണത്തിൽ ബദ്ധശ്രദ്ധന്മാരായ പൗരാവലിയുടെ ഇടയിൽ—സമഭാവനയോടുകൂടിയ ഒരു നില അത്ര സുസാദ്ധ്യമാണെന്നു വിചാരിച്ചുകൂടാ. ഇങ്ങനെയുള്ള ഘട്ടങ്ങളാണു പത്രങ്ങളുടെ നീതിയേയും നിൎദ്ദാക്ഷിണ്യതയേയും സന്മാൎഗ്ഗധൈൎയ്യത്തേയും പരീക്ഷിക്കുന്ന നികഷപാഷാണങ്ങൾ. ഇങ്ങനെയുള്ള ഒരു പരീക്ഷയിൽനിന്നും നമ്മുടെ രാജ്യത്തുള്ള എത്രപത്രങ്ങൾ ക്ഷതംപററാതെ നിൎഗ്ഗമിക്കുമെന്നു തീൎച്ചപറയാൻ സാധിക്കയില്ല. എന്നാൽ ചിലതെല്ലാം ഈ ആദൎശത്തെ ലാക്കാക്കി പ്രവൎത്തിക്കുന്നുണ്ടെന്നു പറയാതെ തരമില്ല. ഇങ്ങനെയിരുന്നാലും നമ്മുടെ പത്രപ്രവൎത്തനത്തിൽ ഇനിയും പലതും സ്പൃഹണീയമായിട്ടുതന്നെയിരിക്കുന്നു. ഇവിടെ പത്രപ്രവൎത്തനം ഇനിയും അതിന്റെ കൗമാരദശയിൽ ഇരിക്കുന്നതേയുള്ളു. കാലക്രമേണ അതു പൂൎണ്ണതയെ പ്രാപിക്കുമെന്നു നമുക്ക് ആശിക്കാം.

പത്രപ്രവൎത്തനത്തിൽ നാം കാണുന്ന ന്യൂനതകൾക്കു പല കാരണങ്ങളും ഉണ്ട്. അതിനുവേണ്ട യോഗ്യതകൾ എന്തെല്ലാമെന്ന് ആലോചിച്ചിട്ടല്ല പലരും അതിലേക്കു ചാടുന്നത്. ചിലർ വേറെ തൊഴിലില്ലാത്തതുകൊണ്ടും മററുചിലർ ധനാൎജ്ജനോപായമായും വേറെ ചിലർ ഇതിലുള്ള വാസനകൊണ്ടും ചിലർ സ്വസമുദായാവകാശസംരക്ഷണത്തിനുവേണ്ടിയും ചിലർ ഏതെങ്കിലും ഒരു രാഷ്ട്രീയകക്ഷിക്കുവേണ്ടിയും ചുരുക്കം ചിലർ ജനക്ഷേമത്തെ ഉദ്ദേശിച്ചും മററുമാണു പത്രപ്രവൎത്തനം ഒരു തൊഴിലായി വരിക്കുന്നത്. ഇവരിൽ ഒടുവിൽ പറഞ്ഞവരാണ് അധികവും ജനോപകാരികളായി ഭവിക്കാൻ ഇടയുള്ളത്. എന്നാൽ ഉദ്ദേശ്യം എന്തുതന്നെയായിരുന്നാലും ശരിയായ പത്രപ്രവൎത്തനത്തിന് ഏറെക്കുറെ അഭ്യസനം ആവശ്യമാണ്. സാമാന്യവിദ്യാഭ്യാസത്തിനു പുറമെ ഇതിലേക്കു പ്രത്യേകപരിശീലനവും ആവശ്യമാണ്. ഇതാൎക്കും കൈദയററു കാൎയ്യക്ഷമമാകുംവണ്ണം നടത്താവുന്ന ഒരു കൃത്യമാണെന്നു വിചാരിക്കുന്നുവെങ്കിൽ ആ വിചാരം അടിസ്ഥാനരഹിതമാണ്. പത്രപ്രവൎത്തനവിഷയത്തിലും ചില വ്യവസ്ഥകളും നിയമങ്ങളും മൎയ്യാദകളും അനുസരിക്കേണ്ടതായിട്ടുണ്ട്. മാനസികമായും സാത്വികമായും പല ഗുണങ്ങളും ഇതിലേക്ക് അത്യാവശ്യമാണ്. വിശാലമനസ്കത, ലോകജ്ഞാനം, കൃത്യബോധം, നീതിബോധം, സത്യനിഷ്ഠ, സ്വാൎത്ഥത്യാഗം, നിൎദ്ദാക്ഷിണ്യത, വിമൎശനശീലം, സഹിഷ്ണുത, വിവേചനശക്തി, ഉദ്ദേശ്യശുദ്ധി, അഭിപ്രായസ്ഥിരത, അദ്യതനമായ ലോകപരിജ്ഞാനം ഇവ പത്രപ്രവൎത്തനത്തിൽ വിജയസിദ്ധിക്ക് അനുപേക്ഷണീയങ്ങളായ

ഗുണങ്ങളാണ്. ഈ വക ഗുണങ്ങൾ നമ്മുടെ പത്രപ്രവർത്തകന്മാരിൽ എത്രപേർക്കുണ്ടെന്ന് അറിയാൻ നിവൃത്തിയില്ല. ഏതു പത്രത്തിന്റേയും വില അതവലംബിക്കുന്ന നയത്തെ ആശ്രയിച്ചിരിക്കും. ഗവമ്മേന്റിനെ സ്ഥാനത്തിലും അസ്ഥാനത്തിലും സ്തുതിക്കയൊ അതല്ലെങ്കിൽ ശകാരിക്കയൊ സമുദായവഴക്കിൽ കക്ഷിപിടിച്ചുനില്ക്കയൊ പൊതുജനാഭിപ്രായത്തെ തെററായി പ്രതിധ്വനിപ്പിക്കയൊ കാൎയ്യങ്ങളെ തെററായി വ്യാഖ്യാനിക്കയൊ പൌരധൎമ്മത്തിൽനിന്നും വ്യതിചലിക്കയൊ ചെയ്യുന്നതു് ഒരിക്കലും നീതീകരിക്കത്തക്കതല്ല. എന്നാൽ ഇങ്ങനെയുള്ള പത്രങ്ങളും ഇന്നു് ഒട്ടും കുറവല്ല. ഇപ്രകാരമുള്ള വ്യതിയാനങ്ങളെ തടയുന്നതിനായിരിക്കും പ്രസ്സ് നിയമം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. അല്ലാതെ ജന്മസിദ്ധമായ സ്വാതന്ത്ര്യത്തെ തടയുവാനായിട്ടല്ലെന്നു വിചാരിക്കണം. ഒരു പത്രത്തിന്റെ കൎത്തവ്യപരിധിയിൽ രാജ്യത്തിന്റെ അഭിവൃദ്ധിപരമായ സകല വിഷയങ്ങളും ഉൾപ്പെട്ടിരിക്കുന്നതാണ്. എങ്കിലും സാമാന്യജനത്തിന്റെ വിദ്യാലയാനന്തരമുള്ള ജീവിതവിദ്യാഭ്യാസോപകരണമായിട്ടാണ് അതു വൎത്തിക്കേണ്ടതു്.

# മനുഷ്യന്റെ അണിമയും മഹിമയും.

(ഡാക്ടർ ജാബസ് ടി. സണ്ടർലൻഡ്.)

എന്നാൽ ആധുനികജ്യോതിശാസ്ത്രത്തിന്റെ അപാവരണങ്ങൾ മനുഷ്യനെ തുച്ഛീകരിക്കുന്നു എന്നു സമ്മതിക്കുന്നപക്ഷവും ശാസ്ത്രങ്ങൾ ഇതിനു വിപരീതമായ ഫലങ്ങളെ നൽകുന്ന മററു് അപാവരണങ്ങളേയും നമുക്കു സുജ്ഞാതങ്ങളാക്കുന്നുണ്ടു്. മനുഷ്യന്റെ തലയ്ക്കുമീതെ ശോഭിക്കുന്ന നക്ഷത്രസങ്കീൎണ്ണമായ ആകാശത്തെപ്പോലെതന്നെ അത്ഭുതകരമായ ഒരു പ്രപഞ്ചം മനുഷ്യന്റെ കാൽചുവട്ടിലും ദൃശ്യമായി ഭവിക്കുന്നു. ഇവയിൽ ഒന്നിനെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ ഫലം മനുഷ്യനെ നിസ്സാരനാക്കുന്നുവെങ്കിൽ മററതിനെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ ഫലം മനുഷ്യനെ അത്രത്തോളം ഉൽകൃഷ്ടനാക്കുകയും ചെയ്യുന്നു. ഇപ്രകാരം ദൂരദൎശിനിയന്ത്രം നിമിത്തം മനുഷ്യനു സംഭവിച്ചേക്കാവുന്ന മാനനഷ്ടം ഭൂതക്കണ്ണാടി പരിഹരിക്കുന്നു.

മനുഷ്യവർഗ്ഗത്തിൻെറ താണപടിയിൽ സ്ഥിതിചെയ്യുന്ന പ്രപഞ്ചത്തിൻെറ വിസ്താരവും രമ്യതയും ഗ്രഹിക്കുന്നതിന് അല്പംചില സംഗതികൾ നമ്മെ സഹായിക്കും.

വസന്തകാലത്തു നാം ഒരു ചിത്രശലഭത്തെ പിടിക്കുന്നതായാൽ പൊടി എന്നു നമുക്കു തോന്നാവുന്ന ഒരു വസ്തു അതിൻെറ ചിറകിൽനിന്നും നമ്മുടെ കൈയിൽ പററിയിരിക്കുന്നതായി കാണാം. നാം എത്രതന്നെ സൂക്ഷ്മതയോടെ അതിനെ ഒരു ഭൂതക്കണ്ണാടിയുടെ സഹായം കൂടാതെ പരിശോധിച്ചാലും അത് ഒരു അണുപ്രായമായ പൊടി അല്ലെന്നു നമുക്ക് ഒരിക്കലും വിചാരിക്കാൻ സാധിക്കുന്നതല്ല. എന്നാൽ ഒരു ഭൂതക്കണ്ണാടി മുഖേന നോക്കുക. അപ്പോൾ അത് എന്തെല്ലാം നമുക്കു ദൃഷ്ടിഗോചരമാകുന്നു എന്നു കാണാം. ഇപ്പോൾ ഈ രേണു ശരിയായി അട്ടക്കട്ടക്കായി വയ്ക്കപ്പെട്ടതും വിചിത്രവർണ്ണത്തോടുകൂടിയതും ഭംഗിയായി നിർമ്മിക്കപ്പെട്ടതുമായ ഒരുകൂട്ടം പക്ഷികളുടെ പക്ഷങ്ങളാണെന്നു നമുക്കനുഭവപ്പെടുന്നു. എന്നാൽ ആ ചിറകിൻെറ ഓരോ ചതുരശ്രഅംഗുലത്തിലും ഒരുലക്ഷം അതിസൂക്ഷ്മങ്ങളായ തൂവലുകൾ അടങ്ങിയിട്ടുണ്ട്.

ഒരു ജലബിന്ദു വളരെ ചെറുതും മററു പദാർത്ഥങ്ങളൊന്നും അടങ്ങാത്തതും ആയ ഒരു ഒററവസ്തുവുമാണെന്നു തോന്നും. എന്നാൽ വാസ്തവത്തിൽ ആ ജലബിന്ദു ഒരു ലോകമാണ്. കെട്ടിനില്ക്കുന്ന വെള്ളത്തിൻെറ ഒരു ഘനഅംഗുലത്തിൽ ആയിരംകോടി ജീവശരീരികൾ ഉള്ളതായി കാണാം. ന്യൂയാർക്കിലുള്ള ഒരു പ്രസിദ്ധനായ ജീവശാസ്ത്രജ്ഞൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഞാൻ കുറെ തിളപ്പിച്ച നീർവാളവെള്ളം ഒരു ശോധനചെയ്ത കുപ്പിയിൽ ആക്കിയിട്ട് ഒരു ബ്രഷിൻെറ ഏതാനും നാരുകൾ അതിൽനിക്ഷേപിച്ചു. നാലുദിവസത്തിനുള്ളിൽ എണ്ണമററുള്ള അണുജാലങ്ങളെക്കൊണ്ടു കുപ്പി നിറഞ്ഞിരിക്കുന്നു. മററുവിധത്തിൽ പറയുന്നതായാൽ ലോകാരംഭംമുതൽ ഇന്നേവരെ ഭൂമിയിലുണ്ടായിട്ടുള്ള മനുഷ്യരുടെ എണ്ണത്തേക്കാളധികം ജീവികൾ രണ്ടൗൺസു കൊള്ളുന്ന ആ കുപ്പിയിലുണ്ടായിരുന്നു."

ബൊഹിമിയായിൽ 40 ചതുരശ്രമൈൽ വിസ്താരവും 8 അടി ആഴവുമുള്ളതായ ഒരു ഉറച്ച സ്ലേററുകൽപ്രദേശം ഉണ്ടെന്നും അതിലെ ഓരോ ഘനഅംഗുലത്തിലും 41000,000000 അണുജീവികൾ ഉള്ളതായി ഭൂതക്കണ്ണാടികൊണ്ടുള്ള പരിശോധനയിൽ കാണപ്പെട്ടിരിക്കുന്നുവെന്നും പ്രസിദ്ധ ജർമ്മൻപ്രകൃതിശാസ്ത്രജ്ഞനായ ഈറൻബർഗ് പറയുന്നു.

ഇപ്രകാരം ആധുനികശാസ്ത്രം രംഗപ്രവേശം ചെയ്യുന്നതുവരെ വസ്തുശൂന്യങ്ങളായിരുന്ന ആകാശത്തിൽ നഗ്നദൃഷ്ടിക്ക് അദൃശ്യങ്ങളായ ലോകത്തിനു മീതെ ലോകങ്ങളെ ഭൂതക്കണ്ണാടി നമുക്കു ദൃശ്യമാക്കിത്തരുന്നു. ഈ ലോകങ്ങൾ ദൂരദർശിനി നമുക്കു കാണിച്ചുതരുന്നവയേപ്പോലെതന്നെ അത്ഭുതകരങ്ങളും. എന്നാൽ ആകാശത്തിൽ കാണുന്ന മഹത്തായ സൂര്യബിംബങ്ങളെ അപേക്ഷിച്ച് മനുഷ്യൻ എത്ര ചെറുതായിരിക്കുന്നുവോ അതുപോലെ മനുഷ്യനെ അപേക്ഷിച്ച് അത്രയും ചെറുതായിരിക്കുന്ന ജീവികളെക്കൊണ്ടു നിറഞ്ഞിരിക്കുന്നവയുമാകുന്നു.

ഒരു വൃക്ഷത്തിൻെറ ഒരിലതന്നെ ഒരു ലോകമാണ്. ആ വൃക്ഷം തന്നെ ഒരു പ്രപഞ്ചവുമാണ്. നമ്മുടെ നഗ്നങ്ങളും അപരിചിതങ്ങളുമായ കണ്ണുകൾ ഒന്നും കാണുന്നില്ല. എന്നാൽ ഒരു ഭൂതക്കണ്ണാടി കൊണ്ടുവന്ന് ഒരു വിദഗ്ദ്ധനായ ശാസ്ത്രജ്ഞൻെറ ഉപദേശം അനുസരിച്ച് അതിൽക്കൂടി നോക്കിയാൽ നമ്മുടെ ദൃഷ്ടികളെ ആവരണം ചെയ്യുന്ന മറയെ നീക്കി രഹസ്യത്തിനുമേൽ രഹസ്യത്തേയും അത്ഭുതത്തിനുമേൽ അത്ഭുതത്തേയും അദ്ദേഹം നമുക്കു കാണിച്ചുതരും. ഇങ്ങനെ നാം നോക്കുന്ന ദിക്കിലെല്ലാം അന്തമില്ലാത്ത അണുലോകത്തിലേക്കു നയിക്കുന്നതായ കവാടങ്ങളും പ്രതോളികളും നമുക്കു ദൃശ്യങ്ങളാകുന്നു. ഈ അണുക്കൾ ദൂരദർശിനി നമ്മെ കാണിക്കുന്ന അപ്രമേയവസ്തുക്കളെപ്പോലെ തന്നെ ഭയാത്ഭുതജനകങ്ങളും അനന്തങ്ങളുമാകുന്നു.

മനുഷ്യൻെറ സ്വശരീരംതന്നെ ഒരു പ്രപഞ്ചമാണ്. അവൻെറ ഓരോ രക്തബിന്ദുവിലും 30,00000 സജീവങ്ങളായ അണുഗോളങ്ങൾ ഉണ്ട്. ഇങ്ങനെ സംഘടിതങ്ങളായ ബിന്ദുക്കളുടെ സംഖ്യയെക്കുറിച്ചു പര്യാലോചിക്കുമ്പോൾ മനുഷ്യൻതന്നെ ഒരു പ്രപഞ്ചമാണ്. അവൻെറ നാഡികൾ നക്ഷത്രവീഥികളും സംഖ്യാതീതങ്ങളായ അണുഗോളങ്ങൾ അവയെ ചുററിത്തിരിയുന്ന ഗ്രഹങ്ങളുമാകുന്നു.

ഈ അത്ഭുതകരങ്ങളായ സംഗതികൊണ്ടു മാത്രം അവസാനിച്ചില്ല. അവ കേവലം പ്രാരംഭം മാത്രമെ ആയുള്ളു. എത്ര ശക്തിയുള്ള ഭൂതക്കണ്ണാടിയുടെ വ്യാപ്തിയിലും ഉൾപ്പെടാത്ത അണുലോകത്തിലേക്കു ഗവേഷണം ചെലുത്തുന്ന നമ്മുടെ ഭൗതികശാസ്ത്രജ്ഞന്മാരും രസതന്ത്രജ്ഞന്മാരും മററും ഇവയിലൊക്കെയുംവച്ച് അണീയസ്സുകളും പ്രോട്ടോൺസ് (Protons)ഇലക്ട്ററ്റോൺസ് (Electrons) (Neutrons) ന്യൂട്രോൺസ് എന്നിങ്ങനെ നാമകരണം ചെയ്യപ്പെട്ടവയുമായ ശരീരികളുണ്ടെന്നു കണ്ടുപിടിച്ചിട്ടുള്ളതായി പറയുന്നു.

ഇങ്ങനെ മനുഷ്യൻ ഈശ്വരസൃഷ്ടിയിൽമദ്ധ്യമാർഗ്ഗത്തിൽ നില്ക്കുന്നുവെന്നു നാം കാണുന്നു. അവൻെറ തലയ്ക്കുമുകളിലായി ലോകങ്ങളും, യൂഥങ്ങളും,നക്ഷത്രപംക്തികളും ഉണ്ടെങ്കിൽ അവനിലും അവൻെറ കാൽചുവ

ട്ടില്ല. അതുപോലെതന്നെ ലോകങ്ങളും യൂഥങ്ങളും നക്ഷത്രപംക്തികളും ഉണ്ട്. ആകാശത്തിലുള്ള അനന്തതകൾ അവനെ അണുമാത്രനാക്കുന്നെങ്കിൽ ഭൂമിയിലുള്ള തൃണനാളങ്ങളും ജലബിന്ദുക്കളും സ്വശരീരവും, പ്രോട്ടോൺ, ഇലക്റ്റ്റോൺ മുതലായവയും അവയുടെ അനന്തത്വംകൊണ്ട് അവനെ മഹനീയനാക്കുന്നു.

അതുകൊണ്ടു നമ്മുടെ അല്പത്വത്തെ പററി ആക്ഷേപിക്കുകയും നക്ഷത്രഖചിതമായ ആകാശത്തിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ സംഖ്യാതീതങ്ങളായ ലോകങ്ങളുടെ നിയന്താവു നിങ്ങളെ അല്പമെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ എന്നു ചോദിക്കുകയും ചെയ്യുന്നതിനു മാത്രം ആക്കെങ്കിലും ഔദ്ധത്യമുണ്ടെങ്കിൽ അവരോടു കീഴ്പ്പോട്ട് അനന്തമായ അണുലോകത്തിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ട് "ഈ അണുക്കളെ ഒരിക്കലും വിസ്മരിക്കാത്ത സർവ്വവിത്തായ ആ ചൈതന്യം എന്നേയും രക്ഷിക്കുമെന്ന് എനിക്കു പൂർണ്ണവിശ്വാസമുണ്ട്" എന്നു നമുക്കു സമുചിതമായ ഉത്തരം പറയാം.

ഈ വിധമായ മനോഗതി മനുഷ്യന്റെ മഹത്വം കേവലം ഭൌതികമല്ല ആത്മീയമാണ് എന്ന ചിന്തയിലേക്ക് എന്നെ നയിക്കുന്നു. മനുഷ്യൻ ഉൽകൃഷ്ടസ്ഥാനം വഹിക്കുന്നതു ശരീരംനിമിത്തമല്ല, അവന്റെ ബുദ്ധിചൈതന്യംനിമിത്തമാണ്. അതുകൊണ്ട് അയാൾ അധിവസിക്കുന്ന ഭൌതികലോകം വലുതായൊ ചെറുതായൊ ഇരിക്കുന്നുവെന്നുള്ളത് അത്ര സാരമായി ഗണിക്കാനില്ല. മഹത്തായ ഭൌതികവസ്തുക്കൾ മീതെയ്ക്കുമീതെ കൂട്ടിവച്ചാൽ അവയ്ക്കു ഭൌതികസീമകളെ നിശ്ശേഷം അതിലംഘിച്ചുനില്ക്കുന്നതും പരിമാണത്തിന് അധീനമല്ലാത്തതും ആയ മനസ്സിനെ തുച്ഛീകരിക്കാൻ കഴിയുമോ?. ജഡവസ്തുക്കളുടെ അതിമഹത്തായ സംഘാതത്തിന്റെ സാന്നിദ്ധ്യംകൊണ്ട് ആത്മാവിനെ ഛായാഗ്രസ്തമാക്കാൻ സാധിക്കുമോ? ഒരു പർവ്വതം ഒരു ചിന്തയേക്കാൾ മഹത്താണെന്നു നമുക്കു പറയാമോ? അപാരമായ സമുദ്രം അതിന്റെ അഗാധത ഗണിക്കാൻ ശക്തിയുള്ളതും അതിനെ ഒരു രാജപാതയാക്കിത്തീക്കാനും, ഒരു കരയിൽനിന്നു മറുകരയിൽ കേൾക്കത്തക്കവണ്ണം വാരാശിയെ ഗോഷ്പദീകൃതമാക്കി സംസാരിക്കാനും, അതിന്റെ ഭയങ്കരങ്ങളായ തരംഗങ്ങളെ അടിമകളാക്കാനും കഴിവുള്ളതുമായ ബുദ്ധിശക്തിയെ നിസ്സാരമാക്കുന്നു എന്നു പറയുന്നതു ശരിയാണോ? ദൂരദർശിനി അപാവരണം ചെയ്യുന്നതും കേവലം ചിന്താശക്തിയില്ലാത്തതും ആയ ഈ ലോകങ്ങൾക്കു ചിന്താശക്തിയോടുകൂടിയ മനുഷ്യമനസ്സിനെ തുച്ഛീകരിക്കാൻ കഴിവുണ്ടോ?

നിശ്ചയമായും സാദ്ധ്യമല്ല! ഭൂമിക്കു പൂർവ്വകാലത്തു ഖഗോളങ്ങളുടെ മദ്ധ്യത്തിൽ ഉണ്ടെന്നു വിചാരിക്കപ്പെട്ടിരുന്ന പ്രഥമസ്ഥാനം ആധുനികജ്യോതിശ്ശാസ്ത്രം നിശ്ശേഷം നിഷേധിക്കുന്നുണ്ടെങ്കിലും അതിനു മനുഷ്യൻ

ചിന്തകനായിരിക്കുന്നിടത്തോളംകാലം അവന്റെ മാഹാത്മ്യത്തെ ഇളക്കാൻ കഴിയുന്നതല്ല. മനുഷ്യൻ തന്റെ ജാത്യാതന്നെയുള്ള മാഹാത്മ്യം കൊണ്ടാണു മഹാനായിരിക്കുന്നതു്. അതുകൊണ്ടു ഭൗതികലോകത്തിൽ ശാസ്ത്രജ്ഞന്മാർ അപാവരണം ചെയ്തിട്ടുള്ള രഹസ്യങ്ങൾ ആ മാഹാത്മ്യത്തിന്ന് ഒരിക്കലും ബാധകമായി ഭവിക്കുകയില്ല. ഗ്രഹണശക്തി, യുക്തിനിപുണത, ആശ, പ്രേമം, ഭക്തി ഈ ഗുണങ്ങളെക്കൊണ്ടാണു മനുഷ്യൻ ഉൽകൃഷ്ടനായിരിക്കുന്നതു്. ഇതെല്ലാം അവനു ചെയ്യാൻ കഴിയുന്നതു മനുഷ്യൻ ഒരാത്മാവാകകൊണ്ടാണ്. ഇതെല്ലാം ആത്മാവിന്റെ ലക്ഷണങ്ങളാണ്. എന്നാൽ ദൂരദർശിനി എന്നെങ്കിലും അപാവരണം ചെയ്തിട്ടുള്ളതിൽവച്ചു് ഏററവും മഹത്തായ ലോകവും കേവലം ഭൗതികസംഘാതമെന്ന നിലയിൽ ഭൂമിയുടെ അന്തരിക്ഷത്തിൽ ഒഴുകിനടക്കുന്ന അണീയസ്സായ അണുവിനെപ്പോലെ ഇതിൽ ഏതെങ്കിലും ഒന്നു ചെയ്യുന്നതിന്ന് അസമർത്ഥമാണ്. സംഖ്യയിൽ സമുദ്രതീരത്തുള്ള മണൽത്തരികളെപ്പോലെ അവസാനമില്ലാത്തതും അനന്തമായ ആകാശത്തെ അവയുടെ പ്രകാശമാനങ്ങളായ തേജസ്സുകളെക്കൊണ്ടു നിറയ്ക്കുന്നതും ആയ ഭൗതികലോകങ്ങളെ അതിശയിക്കുന്ന മനുഷ്യന്റെ അപരിമിതമായ ഔൽകൃഷ്ട്യം ഇവിടെയാണു നാം കാണുന്നതു്.

മനുഷ്യനു നക്ഷത്രഖചിതമായ ആകാശത്തിന്റെ സന്ദർശനത്തിൽ വിസ്മയം ജനിക്കുന്നതു് അവന്റെ അല്പത്വം കൊണ്ടല്ലാ വാസ്തവത്തിൽ അയാളുടെ മാഹാത്മ്യം കൊണ്ടാണ് എന്നു നാം ഓർത്തിരിക്കണം. ഈ മഹത്തായ കാഴ്ചയിൽ മനുഷ്യരെ രോമാഞ്ചഭരിതനാക്കുന്നതു് അവനിൽ ലയിച്ചിരിക്കുന്ന ദിവ്യത്വമാണ്. ഒരു കല്ലിനോ മൺകട്ടയ്ക്കോ വിസ്മയബോധമില്ല. മനുഷ്യനെ ഭക്തിബഹുമാനംകൊണ്ടു നമ്രജാനുവാക്കുന്ന നക്ഷത്രങ്ങളേയും നക്ഷത്രവ്യൂഹങ്ങളേയും ഒരു തിര്യക്കു കേവലം നിർവികാരിയായി വീക്ഷിക്കുന്നു, മനുഷ്യൻ വിസ്മയിക്കുകയും ആരാധിക്കുകയും ചെയ്യുന്നതു് അവനു ജ്ഞാനം, വിവേചനശക്തി, ചേതോവികാരം ഇവ ഉള്ളതുകൊണ്ടാണ്. എന്നുതന്നെയല്ല, മനുഷ്യന്റെ ആന്തരസത്വവും മഹത്തായ ആകാശങ്ങളും തമ്മിൽ ഉള്ള പരസ്പരബന്ധം കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു്. വിക്ററർ ഹ്യൂഗോ ഇപ്രകാരം പറയുന്നു: "സമുദ്രത്തേക്കാൾ മാഹാത്മ്യമേറിയ ഒരു വസ്തുവുണ്ടു്. അതു് ആകാശമാണ്. ആകാശത്തേക്കാൾ മഹനീയമായ ഒരു വസ്തുവുണ്ടു്. അതു മനുഷ്യന്റെ ആത്മാവാണ്. ലോകത്തെ ചിന്തിക്കുക എന്നുള്ളതു ലോകത്തിനെ കവിഞ്ഞുനില്ക്കുന്ന ഒരു സ്ഥാനമാണ്. നക്ഷത്രങ്ങളെ അറിയുക എന്നുള്ളതു് അവയേക്കാൾ ഉയർന്ന ഒരു സ്ഥാനമാണ്".

സൂര്യൻ പരിണാഹത്തിൽ വളരെ വലുതാണ്. അതിന്റെ മഹത്തായ പരിണാഹം ആപേക്ഷികമായി ഭൂമിയെ വളരെ ചെറുതായി

തോന്നിപ്പിക്കുന്നു. അതുകൊണ്ടെന്താ ദോഷം? ആ സംഗതി മനുഷ്യനെ ലജ്ജിപ്പിക്കണമെന്നുണ്ടോ? ഈ അതിമഹത്തായ സൂര്യനു സ്വയം അളക്കാനോ, തൂക്കാനോ, ആകാശത്തിൽകൂടിയുള്ള അതിൻെറ രാശിചക്രത്തെ ഗണിക്കുന്നതിനോ, അതു കണ്ണടച്ചനുസരിക്കുന്ന നിയമങ്ങളെ മനസ്സിലാക്കുന്നതിനോ ശക്തിയുണ്ടോ? എന്നാൽ മനുഷ്യന് ഇതെല്ലാം ചെയ്യുവാൻ കഴിയുന്നു. അതുകൊണ്ടു മനുഷ്യന് അഞ്ചോ ആറോ അടി മാത്രമേ പൊക്കമുള്ളുവെങ്കിലും സൂര്യനേക്കാൾ ശ്രേഷ്ഠനാണ്.

ജ്യോതിശ്ശാസ്ത്രം നക്ഷത്രപംക്തികളെക്കുറിച്ചു വിസ്തരിച്ചു പറയുന്നുണ്ട്. അതു മനുഷ്യനെക്കുറിച്ചും അതുപോലെ തന്നെ വിസ്തരിച്ചു പറയുന്നുണ്ടെന്നും നാം വിചാരിക്കുന്നുണ്ടോ? മനുഷ്യൻെറ ബുദ്ധി ജ്യോതിശ്ശാസ്ത്രജ്ഞാനത്തിനോടൊപ്പംതന്നെ പുരോഗമനംചെയ്യുന്നുണ്ടെന്നുമാത്രമല്ല അത് ആ പുരോഗമനത്തിൻെറ നിദാനവും കൂടിയാണ്. ആകാശം ഈശ്വരമാഹാത്മ്യത്തെ തെളിയിക്കുന്നുവെങ്കിൽ അത് അതിലധികം മനുഷ്യാത്മാവിൻെറ മാഹാത്മ്യത്തെ പ്രസ്പഷ്ടമാക്കുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യൻെറ ആത്മാവു മഹത്തായതുകൊണ്ടാണു ആകാശത്തിൽ കാണുന്ന ഈശ്വരമാഹാത്മ്യത്തെ അയാൾക്കു ഗ്രഹിക്കാൻ കഴിയുന്നത്.

ചിന്തയും പ്രേമവുമാണു പ്രപഞ്ചത്തിലുള്ള സൃഷ്ടിശക്തികൾ. അനന്തചിന്തകനും അനന്തപ്രണയിയും ആയ ഈശ്വരൻ എങ്ങനെ അപരിമിതബ്രഹ്മാണ്ഡത്തിൻെറ സ്രഷ്ടാവായിരിക്കുന്നുവോ അപ്രകാരം മനുഷ്യനും ചിന്തിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതുകൊണ്ട് ഈ പരിമിതവൃത്തത്തിൽ ഒരു സ്രഷ്ടാവായിരിക്കുന്നു.

മനസ്സുകളെല്ലാം ഒരൊററ വർഗ്ഗത്തിലുൾപ്പെട്ടവയാണെന്നു കാനിംഗ് (Chaning) പറയുന്നു. ഇതു വാസ്തവമാണെങ്കിൽ എൻെറ മനസ്സും ഈശ്വരമനസ്സും സജാതീയങ്ങളാണ്. ഞാൻ ഈശ്വരശക്തിയാൽ സൃഷ്ടിക്കപ്പെട്ട ഒരു പദാർത്ഥം മാത്രമല്ല; അദ്ദേഹം ആത്മാവായിരിക്കുന്നതുപോലെ തന്നെ ഞാനും ആത്മാവായിരിക്കുന്നതുകൊണ്ടും അദ്ദേഹം ജ്ഞാനി ആയിരിക്കുന്നതുപോലെ ഞാനും ജ്ഞാനി ആയിരിക്കുന്നതുകൊണ്ടും അദ്ദേഹം സ്നേഹിക്കുന്നതുപോലെ ഞാനും സ്നേഹിക്കുന്നതുകൊണ്ടും ഞാൻ അദ്ദേഹത്തിൻെറ ഒരു ജ്ഞാതികൂടിയാണ്. അതുകൊണ്ട് ഈശ്വരമുഖം അനന്തതാരാവലികളുടെ ശോഭകൊണ്ട് ഉജ്വലത്തായിരിക്കുന്നുവെങ്കിലുംഅദ്ദേഹത്തിൻെറആ മുഖത്തുനോക്കി "ഭഗവാൻ ഒരു വിശാലാർത്ഥത്തിൽ എൻെറ പിതാവാണ്. ഞാൻ അവിടത്തെ കൈയിൽനിന്നു പ്രക്ഷിപ്തമായ ഒരു വസ്തുവല്ല. ഞാൻ അവിടത്തെ അപത്യമാണ്. അതുകൊണ്ട് അവിടത്തെ മഹത്വമെന്നിലുമുണ്ട്." എന്നുപറയുന്നതിനു എനിക്ക് അവകാശമുണ്ട്.

പക്ഷെ മനുഷ്യന്റെ മാഹാത്മ്യത്തിനും ഭൗതികവസ്തുക്കളേക്കാളും ഉള്ള ഔൽകൃഷ്ട്യത്തിനും ഏററവും അപ്രതിഷേധ്യവുമായ തെളിവ് ശ്രേഷ്ഠമായ "പരിണാമ സിദ്ധാന്ത"ത്തിൽ നിന്നുമാണ് നമുക്കു ലഭിക്കുന്നത്.

എന്നാൽ നേരെ വിപരീതമായിട്ടാണു നാം ഇതുവരെ വിചാരിച്ചുവന്നത്. പരിണാമസിദ്ധാന്തം വളരെക്കാലം ജനങ്ങളുടെ ആശങ്കയ്ക്കു പാത്രമായിരുന്നു. മനുഷ്യോല്പത്തിയെ പ്രകൃതിയുടെ ഭാവഭേദത്തോടു ഘടിപ്പിക്കയും മനുഷ്യന്റെ സത്വവികാസം താണതരം ജീവജാലങ്ങളിൽ നിന്നാണെന്നു സൂചിപ്പിക്കുകയും ചെയ്തിരുന്നതുകൊണ്ട് അതു മനുഷ്യന്റെ അഭിമാനഭംഗത്തിനു ഹേതുവായി ഗണിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ഇതെല്ലാം മാറിത്തുടങ്ങിയിരിക്കുന്നു. അഗാധബുദ്ധികളും തത്വാന്വേഷികളും ആയ വിദ്വാന്മാർ പരിണാമസിദ്ധാന്തം മനുഷ്യനു അപരിമിതമായ ഔൽകൃഷ്ട്യം നൽകുന്നുവെന്ന് പൂർവ്വാധികം ഗണിച്ചുതുടങ്ങിയിട്ടുണ്ട്. മനുഷ്യൻ നിസ്സംശയമായി അവന്റെ പൂർവ്വജീവികളുടെ എല്ലാവരുടേയും പരിപൂർണ്ണവികാസത്തിന്റെ ഉച്ചശൃംഗമായതുകൊണ്ട് അവയ്ക്കെല്ലാത്തിനും സയുക്തികവും തൃപ്തികരവും ആയ സമാധാനം നൽകുന്നു. പരിണാമ പ്രസ്ഥാനം അതിന്റെ ആരംഭമായ ആഗ്നേയനീഹാരത്തിൽനിന്നും അതിദീർഘമായ ഒരു മാർഗ്ഗത്തിൽക്കൂടി സഞ്ചരിച്ചു നാം ഇന്നു ഭൂമിയിൽ കാണുന്ന പതനത്തിൽ എത്തിയിരിക്കുന്നു. എന്നാൽ ഈ പുരോഗമനം മുഴുവനും മേല്പോട്ടേയ്ക്കുള്ള ഒരു കയററമായിരുന്നു. അതിന്റെ ഉച്ചസ്ഥാനം മനുഷ്യനും ആണ്. അചേതനങ്ങളിൽനിന്നും സചേതനങ്ങളിലേക്കും നികൃഷ്ടജീവികളിൽനിന്നും ഉൽകൃഷ്ടജീവികളിലേക്കും തിര്യഗ്യോനികളിൽനിന്നും മനുഷ്യനിലേക്കും ഇപ്രകാരമാണു പരിണാമക്രമം. ഇങ്ങനെ മനുഷ്യൻ സൃഷ്ടിയുടെ ശിരോരത്നവും അതിന്റെ പരമകാഷ്ഠയും ആയിട്ട് ഉച്ചസ്ഥാനത്തു സ്ഥിതിചെയ്യുന്നു. ഭൗതികലോകം അതിന്റെ ശക്യതയുടെ പരമകാഷ്ഠയിൽ എത്തിയപ്പോൾ ആന്തരസത്വമായ മനസ്സ് ആവിർഭവിച്ചു. അന്നുമുതൽ മനസ്സാണു സർവ്വാധിപത്യം വഹിക്കുന്നത്. ചിന്തകനായ മനുഷ്യൻ അനന്തചിന്തകനായ ഈശ്വരനോടു അടുത്തുള്ള മാന്യസ്ഥാനം വഹിച്ചുവരുന്നു.

പരിണാമപ്രവർത്തനം ഭൂമിയിൽ പ്രാപിച്ചിട്ടുള്ള ഉന്നതഘട്ടത്തിൽ മററു എത്ര ലോകങ്ങളിൽ എത്തീട്ടുണ്ടെന്ന് അറിയുന്നതിനുള്ള ശക്തി നമുക്കില്ല. എവിടെയെങ്കിലും അത് ഔന്നത്യം പ്രാപിച്ചിരുന്നാൽ അവിടെ ഏറെക്കുറെ മനുഷ്യന്റെ സഹോദരനും ആത്മീയപ്രതിനിധിയും ആയ ഒരു സത്വത്തിനെ അതു ഉല്പാദിപ്പിച്ചിരിക്കണം. അതായതു മനുഷ്യനെപ്പോലെ ജ്ഞാനവും ബുദ്ധിശക്തിയുമുള്ളതും മനുഷ്യനെപ്പോലെ ഈശ്വരമാഹാത്മ്യത്തെപ്പററി ചിന്തിക്കുന്നതിനു ശക്തിയുള്ളതുമായ ഒരു ബുദ്ധിചൈതന്യ

മോ അഥവാ ഈ ലോകത്തിലെ മനുഷ്യനെപ്പോലെ മററുലോകത്തിലൊ ലോകങ്ങളിലൊ പരിണാമപ്രവൎത്തനത്തിൻെറ മകുടമോ പരിപൂൎണ്ണതയൊ ആയ ഒരു സത്വമായിരിക്കാം. അതുകൊണ്ടു മനുഷ്യൻ ഈ ലോകത്തിൽ എങ്ങിനെയൊ അതുപോലെ യഥാൎത്ഥത്തിൽ ഈശ്വരൻെറ പ്രതിബിംബവും അപത്യവുംആയ ഒരു സത്വമായിരിക്കും അതു്.

ഇപ്രകാരം മൂലപ്രകൃതിയുടെ ആദ്യചലനം മുതൽ ഏതൽക്ഷണം വരെ ഉള്ള പരിണാമപ്രവൎത്തനം മുഴുവനും ഈ ലോകത്തിലൊ അഥവാ മറെറവിടെയെല്ലാം ലോകങ്ങളിലൊ മനുഷ്യനേയൊ തൽസമനേയൊ അതായതു് ചിൽപ്രേമസ്വരൂപനായ സനാതനബ്രഹ്മത്തിൻെറ സന്താനങ്ങളായ സചേതനാത്മാക്കളെ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു ദീൎഘമായ സൂതിവായുവികാരമായിരുന്നുവെന്നു് പറയുന്നതിൽ അത്യുക്തിയുണ്ടെന്നു തോന്നുന്നില്ല.

പ്രപഞ്ചത്തിൻെറ ശക്തിവ്യയഹേതുമായ മനുഷ്യൻെറ ഉൽപത്തിയിൽനിന്നും ഉൽകൃഷ്ടമായ പ്രകൃതിയിൽനിന്നും ഈശ്വരൻെറ പിതൃത്വത്തിൽനിന്നും അവൻെറ ജന്മോദ്ദേശ്യത്തെ ഗ്രഹിക്കുന്നതിന് നമുക്കു സാധിക്കയില്ലെ? മനുഷ്യനെ ജനിപ്പിക്കുന്നതിനു പ്രപഞ്ചത്തിന് ഇത്ര വളരെ ശക്തിവ്യയം ചെയ്യേണ്ടിവരികയും അവൻെറ ജന്മം അത്ര ഉൽകൃഷ്ടമായിരിക്കയും ചെയ്യുന്നുവെങ്കിൽ തത്തുല്യ ഗൌരവമുള്ള ഒരു ഭാവിക്ക് അവൻ അൎഹനല്ലേ? ഇങ്ങനെ ഇരിക്കുന്ന മനുഷ്യൻ ഈ നിസ്സാരമായ മൺകട്ടയേയും ഈ ഹ്രസ്വമായ കാലത്തേയും അതിക്രമിച്ചുനില്ക്കുന്ന ഒരു പദപ്രാപ്തിക്കു കല്പിക്കപ്പെട്ടിട്ടില്ലയോ? സൎവ്വലോകങ്ങളുടേയും സൃഷ്ടികൎത്താവായിരിക്കുന്ന ഈശ്വരൻ തൻെറ ഉൽകൃഷ്ടസൃഷ്ടിയെ ആരംഭത്തിൽതന്നെ നശിപ്പിക്കുന്നതിനുമാത്രം ബുദ്ധിശൂന്യനാണോ? പ്രപഞ്ചത്തിൻെറ അത്യുത്തമസന്താനം ദീനമാത്രജീവിയാണെങ്കിൽ ആ പ്രപഞ്ചം നിഷ്ഫലവും മിഥ്യയുമല്ലയോ? മനുഷ്യൻ ഈശ്വരസന്താനവും തന്മൂലം അദ്ദേഹത്തിൻെറ വിശിഷ്ടഗുണങ്ങളിൽ അയാൾ ഭാഗഭാക്കും ആണെങ്കിൽ അയാൾ മരണത്തിനു അധീനനാണോ? അയാൾ ഈശ്വരൻെറ അമരത്വത്തിനു തുല്യമായ ഒരവസ്ഥയ്ക്കു അവകാശിയായിരിക്കുകയില്ലയോ?

സ്രഷ്ടാവിന് അദ്ദേഹത്തിൻെറ ലോകങ്ങളിൽ ഏതാനും ചിലതു കൂടാതെ കഴിക്കാം. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിനു വേണ്ടതിലധികം ഉണ്ടു്. എന്നാൽ ആരുടെ അഭാവത്തിൽ ലോകങ്ങൾ നിരൎത്ഥകങ്ങളായി ഭവിക്കുന്നുവോ ആ സത്വത്തെ അദ്ദേഹത്തിന് ഉപേക്ഷിക്കുവാൻ സാധിക്കുമോ? ഈ പ്രശ്നമാണു മനുഷ്യൻെറ സ്വഭാവത്തേയും ഭാവിയേയും സംബന്ധിച്ച പ്രശ്നത്തിൽ അന്തൎഭവിച്ചിരിക്കുന്നതു്.

മനുഷ്യവൎഗ്ഗത്തെ തുച്ഛീകരിക്കുന്നതും അവയെ അതിക്രമിച്ചു നില്ക്കുന്നതും ആയ ലോകങ്ങളേയും, യൂഥങ്ങളേയും, നക്ഷത്രവ്യൂഹങ്ങളേയും കുറിച്ചു

മനുഷ്യർ ജല്പിക്കുന്നു. എന്നാൽ ചെറുതായ വസ്തുവിനു വലുതായ വസ്തുവിനെ തുച്ഛീകരിപ്പാനോ മറയ്ക്കാനോ ശക്തിയുണ്ടോ? ആഗ്നേയനിഹാരത്തിനോ മൃത്തിനോ പാഷാണത്തിനോ മറേറതെങ്കിലും ഭൗതികവസ്തുവിനോ അതു് എത്രതന്നെ ധനത്തിലും വലുപ്പത്തിലും മഹത്തായിരുന്നാലും ആത്മാവിനെ അതിലംഘിക്കുന്നതിനോ മനസ്സിന്റെ മാഹാത്മ്യത്തെ തുച്ഛീകരിക്കുന്നതിനോ ശക്തിയുണ്ടോ?.

പ്രപഞ്ചം ഈശ്വരന്റെ സൗധമാണു്. അതു ഒരത്ഭുതകരമായ സൗധംകൂടിയാണു്. എന്നാൽ ഒരു ശിശു ഒരു സൗധത്തേക്കാൾ വിലയേറിയതല്ലയോ? നിങ്ങളിൽ ആർക്കെങ്കിലും ഉത്തരധ്രുവം മുതൽ ദക്ഷിണധ്രുവംവരെ വ്യാപിക്കത്തക്ക വിസ്താരമുള്ളതും നക്ഷത്രമാർഗ്ഗത്തിലെത്തത്തക്കവണ്ണം ഉയരമുള്ളതും 'സിറിയസ്സ്' മററസംഖ്യം പ്രദീപ്തങ്ങളായ സൂര്യന്മാരെക്കൊണ്ടു ജാജ്വല്യമാനവും ആയ ഒരു സൗധം ഉണ്ടായിരുന്നാൽതന്നെയും അവയെല്ലാററിനേയുംകാൾ തന്റെ ശിശുവാണു വിലയേറിയതെന്നു പറയാൻ സംശയിക്കുമോ?

ഞാൻ രാത്രിയിൽ മററാരുംകൂടാതെ വെളിയിലിറങ്ങി തേജോമയവും അനന്തവും ആയ ആകാശത്തിലേക്കു നോക്കുമ്പോൾ ദിവ്യസിംഹാസനത്തിൽനിന്നും നിശ്ശബ്ദതയിൽ ഇപ്രകാരം ഒരു ശബ്ദം പുറപ്പെടുന്നതായി കേൾക്കുന്നു. "ഹേ മനുഷ്യ! എന്നെക്കാൾ സ്വല്പംമാത്രം മാഹാത്മ്യം കുറഞ്ഞതായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നീ സകലവസ്തുക്കളേക്കാളും എനിയ്ക്കു ശ്രേഷ്ഠനാണു്. ഞാൻ എന്റെ സൗധത്തെ അലങ്കരിക്കുവാൻ വേണ്ടിയല്ല നിന്നെ സൃഷ്ടിച്ചിരിക്കുന്നതു്. എന്റെ ഈ വിശിഷ്ടമായ സൗധം ഹരിതവർണ്ണമായ ഭൂമിയും തേജോമയമായ ആകാശവും നിനക്കും നിന്നെപ്പോലെയുള്ളവർക്കുംവേണ്ടി ഞാൻ സൃഷ്ടിച്ചിരിക്കുന്നു. സൂര്യനും നക്ഷത്രങ്ങളും ഉത്ഭവിക്കുന്നതിനുമുമ്പുതന്നെ ഞാൻ നിന്നെ സ്നേഹിച്ചു. ആ വിദൂരമായ ആഗ്നേയനിഹാരത്തിൽ, നീ ശയിച്ചിരുന്നകാലത്തും ഞാൻ നിന്നെ കാത്തുസൂക്ഷിച്ചുകൊണ്ടിരുന്നു. നമ്മുടെ ഇരുകൂട്ടരുടേയും ഭാവിഭവ്യം ഒന്നുതന്നെയാണു്. നിന്നെ എന്റെ കൈയിൽനിന്നോ ഹൃദയത്തിൽനിന്നോ പറിച്ചെടുക്കാൻ യാതൊന്നിനും സാധിക്കുകയില്ല."

ഇങ്ങനെ ആ അശരീരിവാക്കു നിലയ്ക്കുന്നതോടുകൂടി തുല്യദിവ്യത്വമുള്ള വേറെ ഒരു ശബ്ദം എന്റെ ആത്മാവിന്റെ നിശ്ശബ്ദതയിൽനിന്നും പുറപ്പെടുന്നതായും സമുദ്രത്തിന്റെ ധ്വനിക്കു പ്രതിധ്വനിയെന്നപോലെയും ഞാൻ കേൾക്കുന്നു. "എന്റെ പ്രാണദാതാവേ! ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. അങ്ങയുടെ അടുക്കൽ നിന്നാണു് പ്രപഞ്ചസൗധത്തിലുള്ള ഈ ഭൗമഗൃഹത്തിൽ ഞാൻ പ്രവേശിച്ചതു്. അങ്ങയോടുകൂടിയും, അങ്ങയുടെസഹായത്തോടും, പ്രകൃതിയിലും എന്റെ ആത്മാവിലുമുള്ള അത്ഭുതങ്ങളെ ഗ്ര

ഹിച്ചുകൊണ്ടും ജീവിതം നൽകുന്ന പാഠങ്ങളെ പഠിച്ചുകൊണ്ടും എന്നാൽ കഴിയുന്നപോലെ എന്റെ സഹോദരന്മാരെ സഹായിച്ചുകൊണ്ടും അങ്ങു കല്പിച്ചിട്ടുള്ള കൃത്യങ്ങളെ നിർവ്വഹിച്ചുകൊണ്ടും ഇവിടെ അല്പകാലം ജീവിച്ചിരിക്കുന്നതിന് അങ്ങു എനിക്കു അനുവാദം നൽകി. ഈ ഹ്രസ്വമായ ഭൗമജീവിതത്തിനു ഞാൻ അങ്ങയോടു കൃതജ്ഞനായിരിക്കുന്നു.

ഇനിയും ഉടനെതന്നെ പുറപ്പെടുകയായി. എങ്ങോട്ടാണെന്നു എനിക്കും നിശ്ചയമില്ല. എന്നാൽ എന്റെ പിതാവായ അങ്ങേയ്ക്കറിയാം. ഞാൻ പിന്നേയും അങ്ങയുടെ സന്നിധിയിൽതന്നെ ഇരിക്കുമെന്നുള്ളതു് എനിക്കു തൃപ്തിഹേതുകമാണ്. മരണം അങ്ങയുടെ അനന്തഗൃഹത്തിലുള്ള മറവുമുറികളിലേക്കുള്ള കവാടോൽഘാടനം മാത്രമാണ്. എനിക്കു ഭയമില്ല. ഏതുലോകത്തിൽ അങ്ങിരിക്കുന്നുവോ ആ ലോകങ്ങളെല്ലാം എനിക്ക് ഹൃദ്യങ്ങളാണ്. നരകംകൂടിയും അങ്ങയുടെ സാന്നിദ്ധ്യത്തിൽ സുരക്ഷിതമായിരിക്കും."

ജ്യോതിശ്ശാസ്ത്രത്തിലും ആധുനികമായ മറ്റെല്ലാശാസ്ത്രങ്ങളിലും വിശ്വസിക്കുന്ന ഒരു വിദ്വാന്റേയും ഭൂമിയിലും നക്ഷത്രസങ്കീർണ്ണമായ ആകാശത്തിലും അവർ കണ്ടുപിടിച്ചിട്ടുള്ള അത്ഭുതങ്ങളുടെ കഥയെ വിശ്വസിക്കുന്ന ഏതു മനുഷ്യന്റേയും ഇന്നത്തെ നില യഥാർത്ഥത്തിൽ ഇതുതന്നെയാണ്.

ആധുനികവിജ്ഞാനം മുഖത്തു പൂർണ്ണമായി പ്രതിബിംബിച്ചിട്ടുള്ള ഏതു ശാസ്ത്രജ്ഞനും സെൻറ്പാൾ പറയുന്നപോലെ ഇങ്ങനെ പറയുന്നതു സയുക്തികമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. "മരണത്തിനാകട്ടെ, ജീവിതത്തിനാകട്ടെ, ദേവന്മാർക്കാകട്ടെ, രാജ്യങ്ങൾക്കാകട്ടെ, വർത്തമാനസംഭവങ്ങൾക്കാകട്ടെ, ഭാവികാര്യങ്ങൾക്കാകട്ടെ, ശക്തികൾക്കാകട്ടെ, ഔന്നത്യത്തിനാകട്ടെ, അഗാധതയ്ക്കാകട്ടെ, പ്രകാശമാനങ്ങളായിരിക്കുന്ന സൂര്യന്മാർക്കാകട്ടെ, നക്ഷത്രങ്ങൾക്കാകട്ടെ, ജ്യോതിർമ്മയമായ ആകാശത്തിനാകട്ടെ, ദൂരദർശിനിക്കാകട്ടെ, പരിണാമവാദത്തിനാകട്ടെ, എന്നുവേണ്ട സൃഷ്ടിയിലുള്ള ഏതുവസ്തുവിനുമാകട്ടെ സനാതനനായിരിക്കുന്ന ഈശ്വരന്റെ സ്നേഹത്തിൽനിന്നും രക്ഷയിൽനിന്നും എന്നെ വേർപെടുത്തുവാൻ ഒരിക്കലും സാധിക്കുകയില്ല."

# ഉദയനൻ.

(ഒരു നിരൂപണം)

(ഒരു പഴയ അദ്ധ്യാപകൻ.)

ഏഴാംക്ലാസ് വിദ്യാൎത്ഥികളുടെ ഏട്ടുകെട്ടുപരീക്ഷയ്ക്കു മുൻകൊല്ലങ്ങളിലെപ്പോലെ ഈയ്യാണ്ടിലും ഭാഷാപാഠ്യപുസ്തകങ്ങൾ ആറെണ്ണമുണ്ട്. അവ രണ്ടു പദ്യഗ്രന്ഥങ്ങളും നാലു ഗദ്യപുസ്തകങ്ങളുമാണ്. കേരളവൎമ്മ വലിയകോയിത്തമ്പുരാന്റെ അന്യാപദേശശതകമണിപ്രവാളവും കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയുമാണു പദ്യഗ്രന്ഥങ്ങൾ. ശ്രീരാമായണം കേരളപാണിനി എന്നീ രണ്ടു ഗദ്യപുസ്തകങ്ങളും Detail ആയും അന്നപൂൎണ്ണാലയം ഉദയനൻ ഇവ Non-detail ആയും പഠിക്കേണ്ടവയാകുന്നു. ഒരു ക്ലാസിലേക്കു നിശ്ചയിക്കുന്ന പാഠ്യപുസ്തകങ്ങൾക്കു വിഷയവൈവിധ്യം ആവശ്യമാണെങ്കിലും രീതിധൎമ്മങ്ങളിലും ഭാഷാശുദ്ധിയിലും സാമാന്യസാമ്യമെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ അവ കുട്ടികളുടെ പ്രായത്തിനും ഗ്രഹണധാരണാദിശക്തികൾക്കും യോജിച്ചവയും ആയിരിക്കണം. മേൽ പറഞ്ഞ പാഠ്യപുസ്തകങ്ങൾ പ്രതിപാദ്യവിഷയം, ആശയം, പ്രതിപാദനാരീതി മുതലായവയിൽ പരസ്പരം യോജിപ്പില്ലാത്തവയും അവയിൽ ചിലതു വിദ്യാൎത്ഥികളുടെ മാനസികശക്തികളെ മന്ദിപ്പിക്കുന്നവയും ആകുന്നു. സംസ്കൃതവിഭക്ത്യന്തപദങ്ങളെ ലോപംകൂടാതെ പ്രയോഗിച്ചു സ്വരവ്യഞ്ജനങ്ങൾക്ക് ഐകരൂപ്യം വരുത്തി ദ്വിതീയാക്ഷരപ്രാസം ദീക്ഷിച്ചും ആശയങ്ങളെ അപദേശിച്ചും തർജ്ജമ ചെയ്തിട്ടുള്ളതാണ് അന്യാപദേശമണിപ്രവാളമെങ്കിൽ ആശയഗാംഭീൎയ്യവും തത്വപ്രതിപാദവൈപുല്യവും കൊണ്ട് ഏഴാംതരക്കാൎക്ക് ദഹിക്കാത്തതും പണ്ഡിതന്മാൎക്ക് ആലോചനാമൃതവും വിവിധാലങ്കാരനിഷ്ഠവും താദാത്മ്യം സിദ്ധിച്ച ഭാഷാപദങ്ങളാൽ ഗ്രഥിതവുമാണു ചിന്താവിഷ്ടയായ സീത. പ്രാചീനഭാഷാകവികളുടെ മനോമുകുരപ്രതിഫലനംകൊണ്ടു സുശ്രാവ്യങ്ങളായ പദ്യങ്ങളെ ലോപംകൂടാതെ ഉദ്ധരിച്ചു കൂട്ടിയിണക്കിയിട്ടുള്ള ഗദ്യമയമായ പ്രസിദ്ധപുരാണകഥയാണു ശ്രീരാമായണമെങ്കിൽ സംസ്കൃതത്തിൽ സാമാന്യം വ്യുല്പത്തി സമ്പാദിച്ചവരേക്കൂടി വിഷമിപ്പിക്കുന്ന സംസ്കൃതപദ്യങ്ങൾ വാരിവിതറിയും ഗ്രന്ഥകാരന്റെ ആത്മകഥാകഥനത്തോടുകൂടിയും രചിച്ചിട്ടുള്ള ഒരു ജീവചരിത്രമാണു "കേരളപാണിനി". ചിന്താവിഷ്ടയായ സീതയുടെ പഠിതാക്കൾക്കു രാമായണകഥയുടെ ജ്ഞാനം ആവശ്യമാണ്. ശ്രീരാമായണം അതിലേക്ക് ഏറെക്കുറെ ഉപകരിക്കാതിരിക്കയില്ല. ഭാഷാസാഹിത്യപരമായും ശാസ്ത്രപരമായും പരിശ്രമിച്ചു കൈരളിക്ക് ഒരു നിലയും വിലയും സ

മ്പാദിച്ച "കേരളപാണിനി" എന്നു സുപ്രസിദ്ധനായ ആ പൂജ്യപുരുഷ ന്റെ ജീവചരിത്രം എല്ലാ കേരളീയരും അറിഞ്ഞിരിക്കേണ്ടതുതന്നെ. ഒരു ബങ്കാളിനോവലിന്റെ വിവൎത്തനമായ അന്നപൂൎണ്ണാലയം പാത്രസൃഷ്ടിയിലും കഥാഘടനയിലും തന്മയത്വമുള്ളതും ലളിതവും കോമളവുമായ ഭാഷാരീതികൊണ്ടു ശോഭിക്കുന്നതും മനുഷ്യപ്രകൃതിയുടെ സാമാന്യസ്ഥിതിയെ ചിത്രീകരിക്കുന്നതുമാണെങ്കിൽ ഉദയനൻ ഈ ഗുണങ്ങളിൽനിന്ന് എത്രയോ അകന്ന ഒരു മേഖലയിലാണ വൎത്തിക്കുന്നതു്.

പാഠ്യപുസ്തകങ്ങൾ ആദൎശയോഗ്യമായ ആശയങ്ങളും അനുകരണീയമായ ഭാഷയുംകൊണ്ട് അലംകൃതവും, അദ്ധ്യാപകാദ്ധ്യേതാക്കളെ വിഷമസന്ധിയിൽപെടുത്താതെ സുഗമമായി ഗ്രഹിപ്പിക്കുന്നതിനും ഗ്രഹിക്കുന്നതിനും പൎയ്യാപ്തവും ആയിരിക്കണം. "പുസ്തകങ്ങൾ ചൂരൽവടി ഉപയോഗിക്കാതെയും കോപം കാട്ടാതെയും പ്രതിഫലം പററാതെയും നമ്മെ പഠിപ്പിക്കുന്ന ഗുരുക്കന്മാരാകുന്നു" എന്നൊരു മഹാൻ പറഞ്ഞിട്ടുണ്ട്. ഏഴാംക്ലാസ് വിദ്യാൎത്ഥികളുടെ ഈ ഉദയനഗുരു അവരെ എന്തു പഠിപ്പിക്കുന്നു അഥവാ അവൎക്ക് എന്തു പഠിക്കാൻ കഴിയുമെന്നു നോക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

കഥാവസ്തു ബൃഹൽകഥാമഞ്ജരിയിൽനിന്നും എടുത്തതാണെന്നും ഉത്തരഭാഗം ഭാസകവിയുടെ സ്വപ്നവാസവദത്തത്തെ അനുകരിക്കുന്നതായും ഗ്രന്ഥകാരൻ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്. പൂൎവ്വോത്തരഭാഗങ്ങളുടെ വിഭജനം ഈ പുസ്തകത്തിൽ ഇല്ല. I., II. എന്നു തുടങ്ങി നമ്പർ ഇട്ടു XIV. ഭാഗങ്ങളാക്കിയിട്ടുണ്ട്. അവ അദ്ധ്യായങ്ങളൊ അങ്കങ്ങളൊ എന്താണെന്നു മനസ്സിലാകുന്നില്ല.

പ്രസ്തുതകഥയെ ഇതിവൃത്തമായി സ്വീകരിച്ചു രചിതമായ സ്വപ്നവാസവദത്തം നാടകം എ. ആർ. രാജരാജവൎമ്മകോയിത്തമ്പുരാൻ ഭാഷയിൽ വിവൎത്തനം ചെയ്തിട്ടുണ്ട്. വത്സരാജചരിതം എന്നൊരു ഗദ്യകൃതിയും വായിച്ചിട്ടുള്ളതായി ഓൎക്കുന്നു. ഭാസമഹാകവിയുടെ സ്വപ്നവാസവദത്തത്തിലെ, യുക്തിതല്പരന്മാൎക്കു തോന്നാവുന്ന അസംഭാവ്യതകളെ പരിഹരിച്ചിട്ടുണ്ടെന്നു ഗ്രന്ഥകാരൻ അഭിമാനിക്കുന്നുണ്ടെങ്കിലും യുക്തിക്കു യോജിക്കാത്ത പലതും ഈ കഥാപുസ്തകത്തിൽ സ്ഥലംപിടിച്ചിട്ടുണ്ടു്.

ഉജ്ജയിനിയിൽ മഹാസേനൻ എന്നൊരു രാജാവു വാണിരുന്നു. അദ്ദേഹത്തിന്റെ ഏകപുത്രി വാസവദത്ത സൌന്ദൎയ്യസൌശീല്യാദിഗുണഗണവിഭൂഷിതയും സംഗീതകലയിൽ അതിനിപുണയും ആയിരുന്നു. കൌശാംബിയിൽ വാണിരുന്ന വത്സരാജാവായ ഉദയനനെ ജാമാതാവായി കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹിച്ചു മഹാസേനൻ സ്വപുത്രിയെ വീണവായന പഠിപ്പിക്കുന്നതിന് അദ്ദേഹത്തെ ഉജ്ജയിനിയിലേക്കു ക്ഷണിക്കു

ന്നു. ഈ ക്ഷണത്തെ ഉദയനൻ അധിക്ഷേപശങ്കയാ തിരസ്കരിച്ചു എന്നു മാത്രമല്ല മഹാസേനന്റെ ധിക്കാരത്തിന് അവശ്യകർത്തവ്യം യുദ്ധംതന്നെ എന്നു തീർച്ചപ്പെടുത്തുകയും ചെയ്തു. എന്നാൽ മന്ത്രിയായ യൌഗന്ധരായണന്റെ നയവാദങ്ങളാൽ യുദ്ധോദ്യമത്തിൽനിന്നു പിൻതിരിഞ്ഞു വിനോദലോലുപനായി കാലയാപനം ചെയ്യുന്നു. വിനോദപ്രിയനും അലസനുമായ ഉദയനന്റെ രാജ്യം മിക്കതും ശത്രുസാമന്തന്മാർ കരസ്ഥമാക്കി. നായാട്ടിൽ വിശേഷിച്ച് ആനവേട്ടയിൽ അതികുതുകിയും വിദഗ്ദ്ധനുമായ ഉദയനൻ ഒരിക്കൽ വേട്ടയ്ക്കു പോയിരുന്ന കാട്ടിൽ ഒരു യന്ത്രഗജത്തെ നിറുത്തി കാണിച്ച് അദ്ദേഹത്തെ വശീകരിച്ചു ബന്ധിച്ചു മഹാസേനന്റെ ആൾക്കാർ ഉജ്ജയിനിയിൽ എത്തിക്കുന്നു. മഹാസേനൻ പുത്രീസഹിതനായി കാരാഗൃഹത്തിൽ ചെന്നു ബന്ധനോദ്ദേശ്യം ഉദയനനെ ധരിപ്പിച്ചു. (ഭർത്താക്കന്മാരെ വലവച്ചു പിടിക്കുന്ന സമ്പ്രദായം ഇന്നത്തെപ്പോലെ പണ്ടും ഉണ്ടായിരുന്നിരിക്കാം.) വാസവദത്തയെ കണ്ടു മതിമങ്ങിയ ഉദയനൻ ബന്ധനത്തെ ഒരു മഹാഭാഗ്യമായി കരുതി രാജകുമാരിയെ വീണവായന അഭ്യസിപ്പിച്ചുതുടങ്ങി. അവരിരുവരും പരസ്പരാനുരാഗബദ്ധരായി കുതൂഹലപൂർവ്വം ദിവസങ്ങൾ നയിച്ചു.

ഉദയനമന്ത്രി യൌഗന്ധരായണൻ രാജബന്ധനവൃത്താന്തം ശ്രവിച്ചപ്പോൾ അതീവവിക്ലബനായി. ഏതുവിധേനയും രാജാവിനെ മോചിപ്പിച്ചുകൊണ്ടുവരുവാൻ ബദ്ധകങ്കണനായി വസന്തകൻ എന്ന തോഴനുമൊരുമിച്ചു വികൃതവേഷധാരിയായി ഉജ്ജയിനിയിൽചെന്നു മോചനമാർഗ്ഗം സ്വസ്വാമിക്കുപദേശിച്ചു. മന്ത്രിയുടെ ഉപദേശാനുസരണം വാസവദത്തയുമൊരുമിച്ച് ഒളിച്ചോടി ഉദയനൻ കൌശാംബിയിലേക്കു തിരിക്കുന്നു. വഴിമദ്ധ്യേ മഹാസേനപുത്രനായ പാലകനുമായി ചില്ലറ എതിർപ്പിന് ഇടയായെങ്കിലും അപകടമൊന്നുംകൂടാതെ സ്വരാജധാനിയിൽ എത്തുകയാണുണ്ടായത്. എന്തായാലും ഉദ്ദേശ്യസാദ്ധ്യത്തിൽ സന്തോഷിച്ചു മഹാസേനൻ സ്വപുത്രനെ സ്ത്രീധനസമേതം അയച്ചു വാസവദത്തയുടെ വിവാഹവും നടത്തിച്ചുകൊടുത്തു.

പതിപ്രിയാചരണൈകനിഷ്ഠയായ പ്രാണപ്രേയസിയൊത്തു വാണുവരവേ ശത്രുജയത്തിനു മഗധരാജാവിന്റെ സഹായലബ്ധിക്കുവേണ്ടി സേനാധിപനുമായി ആലോചിച്ചു വത്സരാജനേയും പത്നിയേയും ലാവാണകഗ്രാമത്തിലേക്കു മാററിപ്പാർപ്പിക്കുന്നു. രാജാവു നായാട്ടിനു പോയിരുന്നപ്പോൾ വാസവദത്തയെ അവിടെനിന്നു മാററി കൊട്ടാരം തീവച്ചു ദഹിപ്പിച്ചു. മന്ത്രിയും വാസവദത്തയും തീയിൽപെട്ടു ദഹിച്ചുപോയതായി പ്രഖ്യാപനംചെയ്യുന്നു. ഇതു വിശ്വസിച്ചു വിരഹാതുരനായ ഉദയനരാജാവു മന്ദബുദ്ധിയായി ദിവസങ്ങളെ ഉന്തിത്തള്ളിക്കഴിച്ചുകൂട്ടുന്നു.

യൌഗന്ധരായണൻ പരിവ്രാജകവേഷംധരിച്ച് ആവന്തികാനാമധാരിണിയായ വാസവദത്തയുമൊരുമിച്ചു മഗധത്തിൽ എത്തി. സ്വസഹോദരിയെന്നുപറഞ്ഞു ആവന്തികയെ, മഗധരാജപുത്രി പത്മാവതിയുടെ കൂടെത്താമസിപ്പിച്ചു മടങ്ങുന്നു. പത്മാവതി, ആവന്തികയെ സഖീനിർവിശേഷം സ്നേഹിച്ചുകഴിഞ്ഞുകൂടുമ്പോൾ അവളെ ഉദയനനു വേളികഴിച്ചുകൊടുക്കണമെന്നുള്ള ഉദ്ദേശ്യത്തിന്മേൽ മഗധരാജാവ് ആ വിരഹാതുരനെ ക്ഷണിച്ചു മഗധത്തിൽ വരുത്തുകയും അചിരേണ അവിടെവച്ചുതന്നെ വിവാഹം നടത്തുകയും ചെയ്തു. ആവന്തിക ഉദയനന്റെ കൺവെട്ടത്തെത്താതെ യൌഗന്ധരായണന്റെ സന്നാഹം പൂർത്തിയാകുന്നതുവരെ ആ കൊട്ടാരത്തിൽ കഴിച്ചുകൂട്ടി. തനിക്കൊരു സഖിയുണ്ടെന്നുള്ള വിവരം പത്മാവതിയും പറക ഉണ്ടായില്ല.

ഒരുദിവസം സന്ധ്യകഴിഞ്ഞതിനുശേഷം പത്മാവതിയുടെ ആലസ്യം അന്വേഷിക്കാനായി ഉദ്യാനഗൃഹത്തിൽചെന്ന വത്സരാജൻ പത്നിയെ അവിടെ കണ്ടില്ലെങ്കിലും ചിന്താമഗ്നനായിശയിച്ചു. ആലസ്യമന്വേഷിച്ചുതന്നെ ആവന്തികയും (വാസവദത്ത) അവിടെ വന്നുചേർന്നു. നിദ്രാണനായ രാജാവിനെ പ്രിയതോഴി പത്മാവതിയാണെന്നു തെററിദ്ധരിച്ചു അവളും കൂടെ ശയിച്ചു. രാജാവു സ്വപ്നംകണ്ടു വാസവദത്തയെ വിളിക്കയും ആലിംഗനത്തിനായി കൈയെടുക്കുകയും ചെയ്തപ്പോൾ അവൾ മാറിക്കളഞ്ഞു. ഉണർന്നനിമിഷംമുതൽ വാസവദത്ത മരിച്ചിട്ടില്ലെന്ന ഒരു ഭ്രമോദയം രാജാവിനുണ്ടായി. (ഈ സ്വപ്നമാണു സ്വപ്നവാസവദത്തം എന്ന നാമകരണത്തിന് അധിഷ്ഠാനം.)

പരോക്ഷമായി യൌഗന്ധരായണനും പ്രത്യക്ഷമായി മഗധരാജസാഹായ്യത്തോടെ സേനാപതി രുമണ്വാനും ശ്രമിച്ചതിന്റെ ഫലമായി ശത്രുക്കളെ ജയിച്ചു നഷ്ടപ്പെട്ട രാജ്യം വീണ്ടെടുത്തെങ്കിലും ഉദയനൻ കുറെക്കാലം മഗധരാജധാനിയിൽതന്നെ താമസിക്കുന്നു.

അപമൃത്യുവടഞ്ഞ പുത്രിയെപ്പററി ദുഃഖിച്ചുകഴിയുന്ന രാജദമ്പതിമാർ (മഹാസേനനും ഭാര്യയും) സംഗതികൾ ഇതുത്തോളമെത്തിയപ്പോഴാണ് ഉദയനന്റെ ക്ഷേമാന്വേഷണാർത്ഥം ആളെ അയക്കുന്നതു്. സമ്മാനമായി വാസവദത്തയുടേയും ഉദയനന്റേയും ചിത്രവും അവർ കൊടുത്തയച്ചിരുന്നു. ചിത്രദർശനാവസരത്തിൽ പത്മാവതി ആവന്തികയെ സ്മരിക്കയും അവളെ ഉദയനസമക്ഷം ആനയിക്കയും ചെയ്തു. പഴയ പരിവ്രാജകനും ആ ഘട്ടവിൽ അവിടെ വന്നെത്തി ന്യാസത്തെ തിരിച്ചുവാങ്ങി ഉദയനസമക്ഷം കാണിച്ചു. ആദ്യഭാര്യയെ തിരിച്ചുകിട്ടിയതുകൊണ്ട് ഉദയനരാജാവ് അതീവസന്തുഷ്ടനായി ദ്വികളത്രസമേതം സുഖമായി വാണു.

ഈ കഥയിലെ പ്രധാന രംഗങ്ങൾ ഉജ്ജെയിനി, കൌശാംബി, മഗധം എന്നീ സ്ഥലങ്ങളാണ്. ഇവ പുരാതനരാജപുത്രരാജധാനികളത്രെ. പഴയരജപുത്രരാജാക്കന്മാർ സ്വയംവരമത്സരങ്ങളും തന്മൂലമുണ്ടാവുന്ന യുദ്ധങ്ങളും അനന്തരമുണ്ടാവുന്ന അനിഷ്ടഫലങ്ങളുംകൊണ്ടു വിജയപതാക പറപ്പിച്ചവരാണെന്നു ചരിത്രംകൊണ്ടു കാണാം. ഉദയനന്റെ വിവാഹം സംബന്ധിച്ച് ആ വക അനിഷ്ടങ്ങൾക്ക് ഇടം കിട്ടിയില്ലെങ്കിലും പൌരുഷഹാനി വെളിപ്പെടുന്നുണ്ട്. രാജപുത്രന്മാർ വരഗുണമായി ഗണിച്ചിരുന്നതു പരാക്രമവും യുദ്ധസാമൎത്ഥ്യവുമാണ്. ഈ രണ്ടു ഗുണങ്ങളും ലവലേശമില്ലാത്ത ഉദയനനെ ജാമാതാവായി ലഭിക്കാൻ ഉജ്ജെയിനീപതിയും സ്യാലനായി ലഭിക്കാൻമഗധാധിപനും വെപ്രാളപ്പെടുന്നതിന്റെ രഹസ്യം മനസ്സിലാകുന്നില്ല. ആദ്യഭാൎയ്യ തന്നെ വഞ്ചിച്ചു ബന്ധനസ്ഥനാക്കിയ രാജാവിന്റെ പുത്രിയാണ്. സ്വതന്ത്രനായിരുന്നപ്പോൾ വലിയ പോരായ്മയായി കരുതിയ വീണവായനാദ്ധ്യാപനം ബന്ധനസ്ഥനായിരിക്കുമ്പോൾ അഭിമാനം കൂടാതെ നിൎവ്വഹിച്ചതും ശിഷ്യയുടെ സൌന്ദൎയ്യലഹരിയിൽ മയങ്ങി കാരാഗാരവാസം ഭാഗ്യമായി ഗണിച്ചതും രാജ്യത്തേയും പ്രജകളേയും കേവലം വിസ്മരിച്ചതും രാജോചിതമല്ല. അഭിമാനം വിടാതെ കൃത്യനിൎവ്വഹണംചെയ്തു ജീവിക്കാൻ പ്രാപ്തി ഉണ്ടാവണമെന്നുദ്ദേശിക്കുന്നെങ്കിൽ ഈവിധനായകന്മാരുടെ ആദൎശം സ്വീകാൎയ്യമായി തോന്നുന്നില്ല. അതിരിക്കട്ടെ, തന്നിൽ ഗാഢാനുരക്തയായ തരുണി—ആലോചനക്കുറവിനു വിധേയയായി വാത്സല്യമേറിയ പിതാക്കളെ ഉപേക്ഷിച്ചു പുറപ്പെട്ട മുഗ്ദ്ധ—തന്നോടുകൂടി താമസിക്കവെ അപമൃത്യുവടഞ്ഞ സ്ഥിതിക്കു പുനൎവ്വിവാഹത്തിനു സന്നദ്ധനായതു ഉത്തമഭൎത്തൃധൎമ്മമാകുമോ? ശ്രീരാമായണവും ചിന്താവിഷ്ടയായ സീതയും പഠിച്ചു രാമനെ അനുകരിക്കാൻ മുതിരുന്നവരെ ഈ ആദൎശം വഴിപിഴപ്പിക്കയില്ലയോ? വിനോദതല്പരതയും വിഷയാസക്തിയുംകൊണ്ടു കൃത്യലോപം വരുത്തുന്ന ആദൎശം വിദ്യാൎത്ഥിസമക്ഷം പ്രദൎശിപ്പിക്കത്തക്കതാവുകയില്ലല്ലോ.

"കണവന്നുസപത്നിയെക്കൊടുത്തും
പ്രണയത്താൽ ഗൃഹണീജനാ തുണയ്ക്കും" എന്നാണ്

നായികയുടെ മുദ്രാവാക്യം. ബഹുഭാൎയ്യാത്വം കാംക്ഷിക്കുന്ന പുരുഷനാൽ നിൎമ്മിതമായ ഈ പദ്യഖണ്ഡം ഇക്കാലത്തെ പെൺകിടാങ്ങൾക്കു രുചിക്കുമെന്നു തോന്നുന്നില്ല. സംഗതിവശാൽ വല്ലവരും അതിനു വിധേയരാകുന്നെങ്കിൽ അവരുടെ ജീവിതം നരകംതന്നെ. ഭൎത്തൃസുഖം സ്വസുഖമായി ഭാൎയ്യയും ഭാൎയ്യാസുഖം തന്റെ സുഖമായി ഭൎത്താവും കരുതണം. പ്രേമത്തിന്റെ ഇപ്രകാരമുള്ള ആദാനപ്രദാനങ്ങളിലാണ് യഥാൎത്ഥദാമ്പത്യസുഖം സ്ഥിതിചെയ്യുന്നതു്. സ്ത്രീപുരുഷസമത്വത്തിനും സ്ത്രീസ്വാതന്ത്ര്യ

ത്തിനും വാദിക്കുന്നവരുടെ അനന്തരതലമുറയെ ഇത്തരം ആദർശങ്ങളാൽ വശീകരിക്കുക സാധ്യമാകുമോ?

ഒരു രാജാവ്, വിവാഹകാര്യം മറച്ചുവച്ചു പുത്രിയെ പഠിപ്പിക്കാൻ മറെറാരു രാജാവിനെ ക്ഷണിക്കുന്നതും ക്രിത്രിമം പ്രയോഗിച്ചു തടവുകാരനാക്കി ഇംഗിത സാദ്ധ്യത്തിനു ശ്രമിക്കുന്നതും സംഭാവ്യമായി വരാനിടയില്ല. തടവുകാരനായ, രാജാവ് ആദ്യം താൻ നീചമെന്നു ഭത്സിച്ച കൃത്യത്തിനു തയാറാവുന്നത് അതിലേറെ അസംഭാവ്യമത്രെ.

കഥാഗതിയുമായി യാതൊരു ബന്ധവുമില്ലാത്ത ശാകുന്തളനിരൂപണത്തെപ്പററിയുള്ള പൂർവ്വപക്ഷവും സിദ്ധാന്തവുംകൊണ്ട് ഈ കഥയ്ക്കു യാതൊരു പുഷ്ടിയും ഉണ്ടായിട്ടില്ല. തന്റെ പുസ്തകത്തെ വല്ലവരും വിമശിക്കാൻ ഭാവമുണ്ടെങ്കിൽ അതിനു പ്രകാരാന്തരേണയുള്ള ഒരു വിലക്കനോട്ടീസ്സായിരിക്കാമതു്. "പരിഷ്കാരമെന്നു ഭ്രമിച്ചു ചിലർ നടപ്പിലുള്ള സമ്പ്രദായങ്ങൾക്കു വിരോധമായി ചില കാര്യങ്ങൾ ചെയ്യുകാണാറുണ്ടെങ്കിലും ഞാൻ ആദ്യമായി തുടങ്ങണമെന്നു വിചാരിക്കുന്നില്ല." "ഒരു സമ്പ്രദായം ഒരുകാലത്തു ആശാസ്യമല്ലെന്നു തോന്നിയാലും അത്രപെട്ടന്നു മാററുന്നതു സാധ്യമല്ല." ഇത്യാദി ഭാഗങ്ങൾ കടുത്ത യാഥാസ്ഥിതികത്വത്തിന്റെ നിഴലുകളായി വിചാരിക്കാം. മായാമൃഗത്തെ പിടിക്കാൻ ഉദ്യുക്തനായ ഉദയനൻ ബന്ധനത്തിലകപ്പെട്ട സംഗതി വിധിവിശ്വാസംകൊണ്ടു സാധുവായി വരികയില്ല. പ്രവൃത്തിഫലത്തെ ശിക്ഷയായി കല്പിച്ചു കൃത്യലോപം വരുത്തിയതിന്റെ അനിഷ്ടഫലമായി വിചാരിച്ചു പശ്ചാത്തപിക്കയാണുത്തമം. ഉദയനൻ വീണവായന പഠിപ്പിക്കാൻ സന്നദ്ധനായപ്പോൾ അദ്ദേഹത്തെ മോചിപ്പിച്ചു പുത്രീപരിണയം നടത്താൻ മഹാസേനൻ ഒരുങ്ങേണ്ടതല്ലേ?. ശത്രുക്കളെ ജയിച്ചു രാജ്യം വീണ്ടെടുപ്പാൻ ജാമാതാവിനെ സഹായിക്കേണ്ടതും ശ്വശ്രുരന്റെ ധമ്മമല്ലേ?. വില്ലും അമ്പും ഉപയോഗിച്ചു യുദ്ധംചെയ്യുന്ന പടയാളികൾ കുതിരപ്പുറത്തുകയറി യുദ്ധംചെയ്യിട്ടുള്ളതായി കേട്ടിട്ടില്ല. കുതിരപ്പടയാളികളുടെ ആയുധം കുന്തമാണ്. രാജപുത്രസൈനികരുടെ പ്രധാനായുധവും ഇതുതന്നെ ആയിരുന്നു. ആനപ്പുറത്തുകയറിയാണു പാലകൻ പോയതെങ്കിലും അയാളുടെ വരവു തുരഗങ്ങളുടെ ക്രൂരശബ്ദംകേട്ട് അറിഞ്ഞതു എന്തുമായത്താലാണെന്നു മനസ്സിലാകുന്നില്ല.

ഉദയനനും വാസവദത്തയും ലാവാണകത്തിലേക്കു തിരിക്കുമ്പോൾ യദൃച്ഛയാ വന്നുകേറിയ ഒരു താപസൻ സുന്ദോപസുന്ദന്മാരുടെ കഥ പറഞ്ഞു രാജാവിനെ കേൾപ്പിക്കുന്നു. ഈ കഥോപദേശംകൊണ്ട് അറിയേണ്ട സാരമെന്തെന്നൂഹിക്കാൻ വായനക്കാരോടാവശ്യപ്പെട്ടു വിരമിക്കുന്നു. ഉദയനന് അവിവാഹിതനായ ഒരു സഹോദരനുണ്ടെങ്കിൽ ഒരുപക്ഷേ ഈ കഥാസാരത്തിന് പ്രസക്തി കല്പിക്കാമായിരുന്നു. അതില്ലതാനും.

പുത്രീപരിണയത്തിന് ആലോചനയുണ്ടാവുമ്പോൾതന്നെ പുത്രീവിയോഗത്താൽ വ്യഥിതനാകുവാൻ സാമാന്യക്കാൎക്ക സാധ്യമല്ല. വരകവി കാളിദാസൻ കണ്വനെക്കൊണ്ടു പറയിച്ചിരിക്കുന്ന ആ പ്രസിദ്ധശ്ലോകം ഇതിൽ കൊണ്ടുവരേണ്ടിയില്ലായിരുന്നു. "അനവസരെയൽഭണിതം സുഭാഷിതമപിഭവന്തിഹാസായ" എന്നുണ്ടല്ലൊ. കൂടാതെ സ്വാമിഭൃത്യഭാവവിമൎശനവും സ്ത്രീവിദ്യാഭ്യാസചൎച്ചയുംമററും ഏച്ചുകെട്ടിയപോലെ മുഴച്ചു പ്രകൃതത്തോടു യോജിക്കാതെ നിൽക്കുന്നു.

സംസ്കൃതകവികളുടെ പ്രതിഭാശക്തി ഏതുതരത്തിൽ നിൎമ്മിച്ചാലും ഈ പുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്ന വൎണ്ണനാരീതിയെപ്പററി പരാമൎശിക്കാതെ ഈ ലേഖനം അവസാനിപ്പിക്കുന്നതു ഭംഗിയല്ലെന്നു വിചാരിക്കുന്നു. 168 വശങ്ങൾ മാത്രമുള്ള ഈ ഗദ്യപുസ്തകത്തിൽ പ്രഭാതം, സായംകാലം, നായാട്ട്, വനം, ചന്ദ്രോദയം, വസന്തകാലം, സ്ത്രീസൌന്ദൎയ്യം മുതലായവയെപ്പററി പഴയകരുവിൽ വാൎത്തെടുത്ത വൎണ്ണനകൾ ഉണ്ട്. ഇവ ഓരോന്നും ഉദ്ധരിച്ചു കാണിപ്പാൻ ലേഖനദൈൎഘ്യം അനുവദിക്കാത്തതുകൊണ്ടു സായംകാലത്തെപ്പററിയുള്ള രണ്ടു വൎണ്ണനകളിൽ ഏതാനുംമാത്രം ഉദ്ധരിച്ചുകൊള്ളുന്നു. "ചക്രവാകമിഥുനത്തിന്റെ ഹൃദയത്തിൽ സന്താപം പതുക്കെ സംക്രമിച്ചും മന്ദാരസ്തബകംപോലെ സുന്ദരനായ ഭഗവാൻ ദിനമണി സന്ധ്യയാകുന്ന നാരീരത്നത്തിന്റെ പത്രലേഖയാണൊ എന്നു തോന്നുമാറു രമണീയനായി ആകാശലക്ഷ്മിയുടെ ശിരോഭൂഷണംപോലെയും പശ്ചിമദിക്കാകുന്ന രാജകന്യകയുടെ കനകക്കണ്ണാടിപോലെയും ശാക്യമുനിയെപ്പോലെ രക്താംശുകംധരിച്ച് അസ്തപൎവ്വതശിഖരത്തിൽ പതുക്കെ ആരോഹണം ചെയ്തുതുടങ്ങി" എന്നൊന്ന്. വേറൊന്നുനോക്കുക. "കാലപാശത്താൽ അന്യോന്യം വിഘടിതമായ ചക്രവാകമിഥുനം സൂൎയ്യാസ്തമയം കണ്ടു ഖേദിച്ചുതുടങ്ങി. ആകാശത്തെ അലങ്കരിക്കാൻപോകുന്ന രജനീപതിയുടെ ദൂതിമാരൊ എന്നു തോന്നുമാറു ഭ്രമരപംക്തികൾ കുമുദിനീസമീപം പറന്നുതുടങ്ങി. സൂൎയ്യനാകുന്ന ഭൎത്താവിന്റെ വിയോഗത്താൽ ദുഃഖിതയായിതീൎന്ന പശ്ചിമദിക്കിന്റെ കണ്ണുനീൎത്തുള്ളികൾപോലെ നക്ഷത്രങ്ങൾ ആകാശമണ്ഡലത്തിൽ തിങ്ങിത്തുടങ്ങി." ഈ രണ്ടു വൎണ്ണനകളും ഏതോ സംസ്കൃതപദ്യത്തിന്റെ ഭംഗികേടുവരുത്തിയ പരാവൎത്തനമല്ലെന്ന് എങ്ങനെ പറയും? പകൽമുഴവൻ മൈഥുനവ്യാപാരത്താൽ തളൎന്ന ചക്രവാകമിഥുനത്തിനു രാത്രിയെങ്കിലും ഒരു ഇളവ് അനുവദിക്കാമെന്ന് ഒരു പ്രാചീനകവി നിശ്ചയിച്ചുപോയെങ്കിൽ ഇപ്പോൾ എങ്ങും ആരുംകാണാത്ത ആ പക്ഷിയെപ്പററിയുള്ള അപവാദം ഇനിയും നിറുത്താറായില്ലയൊ?. കൃത്രിമമായ അലങ്കാരം പ്രയോഗിച്ചു രസഭംഗം വരുത്തുന്നപതിവ് ഈ ഇരുപതാംനൂററാണ്ടിൽ അധികമാരും വകവച്ചു കൊടുക്കയില്ല. കവിളിൽ പ

ത്തിക്കീറെറഴുതുന്ന പെണ്ണുങ്ങൾ ഇന്ന് ഏതു സമുദായത്തിലുണ്ട്?. നക്ഷത്രങ്ങൾ പശ്ചിമദിക്കിൽമാത്രമേ ശോഭിക്കാവൂ എന്നു നിബന്ധിക്കുന്നതെന്തിന്? "ഉന്നതമായ അഹങ്കാരംപോലെയും, നിസ്സാരമായ സംസാരംപോലേയും, ചഞ്ചലമായ ഐശ്വൎയ്യംപോലേയും, നിഷ്ഫലമായ ദുൎന്നീതിപോലേയും, കപടമായ അധൎമ്മംപോലേയും, അസാദ്ധ്യമായ മനോരഥംപോലേയും, മൂൎത്തിമത്തായ കപടപ്രയോഗംപോലേയും വ്യാജനിൎമ്മിതമായ കൂടകുഞ്ജരം രാജദൃഷ്ടിക്കു വിഷയീഭവിച്ചു." ഇങ്ങനെയൊക്കെയാണു കണ്ടതെങ്കിൽ മനുഷ്യരാരും അതിനെ പിടിക്കാൻ ഒരുങ്ങുകയില്ല. അസ്ഥാനത്ത് അലങ്കാരം പ്രയോഗിക്കുന്നതുകൊണ്ടുള്ള രസവിച്ഛിത്തി വായനക്കാരോളം പുസ്തകകൎത്താവിന് അനുഭവപ്പെടാത്തതിൽ ആശ്ചൎയ്യമില്ല

വൎണ്ണനാരീതികൊണ്ടു ഭാഷാശുദ്ധിയേയും ഏറെക്കുറെ നിൎണ്ണയിക്കാം. പ്രകൃതപുസ്തകത്തിൽ തന്മയത്വമുള്ള വാക്യങ്ങൾ ആപാദമസ്തകം തപ്പിനോക്കിയിട്ടും കാണുന്നില്ല. നായികയുടെ ദുൎമ്മരണത്തിൽ നായകൻ വിലപിക്കുന്നതു നോക്കുക. "നിരൎത്ഥകമായ അശ്രുമോചനം കൊണ്ട് ആത്മാവിനെ ലഘൂകരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇനി ചന്ദ്രോദയം എന്തിനാണ്? വസന്തകാലം വ്യൎത്ഥമായിത്തീൎന്നു. വൎഷകാലത്തിന്റെ ആരംഭഡംബരങ്ങൾ നിഷ്ഫലംതന്നെ. കുമുദം, കുവലയം, കൽഹാരം മുതലായ പുഷ്പങ്ങൾ ഇനി വികസിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല......" ഈ വിലാപത്തിൽ ശോകസ്പൎശമുണ്ടെന്ന് ഒരു മലയാളിക്കു തോന്നുകയില്ല. അപൂൎവ്വസംസ്കൃതപദം തേടിപ്പിടിക്കാനുള്ള ബുദ്ധിമുട്ടിന്റെ പ്രതീതിയാണുണ്ടാവുക. അപ്രകാരം തന്നെ രുമണ്വാൻ രാജാവിനെ ആശ്വസിപ്പിക്കാൻ ചെയ്യുന്ന പ്രസംഗവും ശോകശമനത്തിനു പൎയ്യാപ്തമാവുന്നില്ല.

"നിങ്ങളുടെ ഭൎത്താവു കുളികഴിഞ്ഞു" എന്നു ചേടി രാജകുമാരിയോടും "നിങ്ങൾ പറയുന്നതു ശരിതന്നെ" എന്നു രാജകുമാരി ചേടിയോടും പറയുന്നു. പരസ്പരം നിങ്ങൾ എന്ന സൎവ്വനാമം പ്രയോഗിച്ചു ചേടിയേയും രാജകുമാരിയേയും അഭിമുഖസംഭാഷണം ചെയ്യിക്കുന്നതു ഭാഷാമൎമ്മം അറിയാത്തതുകൊണ്ടെന്നോ കരുതുവാൻ ന്യായമുള്ളു. ധാത്രി, പത്മാവതിയെ കൊച്ചമ്മ എന്നു വിളിക്കുന്നതും ഭംഗിയായിട്ടില്ല. വസന്തകൻ രാജാവിനെ നിങ്ങൾ എന്നു വിളിക്കുന്നതും രുചികരമല്ല. ഇംഗ്ലീഷിൽ 'you' എന്നും തമിഴിൽ 'നീ' എന്നും ആരോടും പറയാം. മലയാളത്തിനു അതത്ര മൎയ്യാദയല്ല.

പ്രകൃതപുസ്തകത്തിലെ ഗദ്യരീതി പഴയ ചംബുപ്രബന്ധങ്ങളുടെ അനുകരണമാണെന്നു തോന്നുന്നു. സംഭാഷണഭാഷ എഴുത്തുഭാഷ എന്ന് ഭാഷയ്ക്കു രണ്ടു രീതികൾ ഉണ്ടല്ലോ. കഥാപാത്രങ്ങളുടെ സംഭാഷണം അവരുടെ നിലയ്ക്കും വിലയ്ക്കും ചേൎന്ന സംഭാഷണരീതിയിലല്ലെങ്കിൽ നീ

രസം തോന്നുന്നവരോടു കോപിച്ചിട്ടാവശ്യമില്ല. അപൂൎവ്വസംസ്കൃതപദങ്ങളും മലയാളപദങ്ങളും മോരും മുതിരയുംപോലെ കലൎത്തി പ്രയോഗിച്ചിരിക്കുന്ന വക്രവാക്യങ്ങൾ ഈ പുസ്തകത്തിൽ ആദ്യന്തം സ്ഥലം പിടിച്ചിരിക്കുന്നു. "ജനങ്ങൾ ദൈവത്തെ ഉപാലംഭനം ചെയ്തുപോകുന്നു." "സ്വശ്രാമ്യതവൎഷിയായ കരപല്ലവം" ഇത്യാദി പ്രയോഗങ്ങൾ അസ്ഥാനസ്ഥങ്ങളെന്നോ സഹൃദയന്മാൎക്കു തോന്നും. വിസ്തരഭയത്താൽ ചുരുക്കുന്നു.

ഇതരഭാഷാശൈലി സ്വീകരിക്കുന്നതു മലയാളയുവതിയെ പരദേശിവേഷം കെട്ടിക്കുന്നതുപോലെ അഭംഗിയായിരിക്കും. ഉദയനൻ സംസ്കൃതശൈലീപ്രയോഗംകൊണ്ടും വായനക്കാരെ ശല്യപ്പെടുത്തുന്നുണ്ടു്. "ഇപ്രകാരം ഓരോന്നു് ആലോചിച്ചുകൊണ്ടു ചിന്താശൂന്യയായി ആഭരണങ്ങളൊന്നുമണിയാതെ അവ്യാജസുന്ദരമായ ശരീരം വഹിച്ചുകൊണ്ടു മഞ്ഞിനാൽ മൂടപ്പെട്ട ചന്ദ്രലേഖപോലെ മങ്ങിയ ശരീരകാന്തിയോടുകൂടി മഹാറാണിയുടെ സന്ദേശം വഹിച്ചുകൊണ്ടു ചേടി അവിടെ വന്നു." ആലോചിച്ചുകൊണ്ടിരിക്കുന്നതു ചിന്താശൂന്യതയാണൊ? ചിന്താശൂന്യയായതും അവ്യാജസുന്ദരമായ ശരീരം വഹിച്ചതും മററും പ്രസ്തുതവാചകംകൊണ്ടു ചേടിയല്ലെന്നു പറയുവാൻ നിവൃത്തിയില്ല. എന്നാൽ സന്ദൎഭംകൊണ്ടു് അങ്ങനെ വരാവുന്നതുമല്ല. നിരൎത്ഥകങ്ങളും വിപരിതാൎത്ഥദ്യോതകങ്ങളുമായ വാക്യങ്ങൾ ഒരു പാഠപുസ്തകത്തിൽ കടന്നുകൂടുന്നതു സ്വീകാൎയ്യമായിരിക്കുമോ?

പുസ്തകനിൎമ്മാതാവിൻെറ പാടവവും പരിചയവും അനുസരിച്ചിരിക്കും വാക്യഭംഗിയും തന്മയത്വവും. എന്നാൽ ഗ്രന്ഥകാരൻ കേവലം കവിയശഃപ്രാപ്തി മാത്രമല്ലാതെ ധനസമ്പാദനേച്ഛുവും കൂടിയാകയാൽ തന്നാൽ രചിതമായ പുസ്തകത്തെ ഒരു പാഠപുസ്തകമാക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യുന്നതിനിടയ്ക്കു് അച്ചുപിഴകൂടാതെയെങ്കിലും പുസ്തകം പ്രസിദ്ധപ്പെടുത്തേണ്ടതായിരുന്നു. "നാരീരത്നങ്ങൾ കാവ്യചരിത്രത്തിൽ കവികുലമായ ഭൃതമായി പ്രകാശിക്കുന്നു" എന്നിത്യാദി അക്ഷരങ്ങൾക്കു സ്ഥാനമാററവും സ്ഥാനഭ്രംശവും വന്നുപോയതിരിക്കട്ടെ; "മഹത്വചനം," "വത്സരാജാവു വിരൂപിയല്ല," "പാതന്ത്ര്യപരിധി" എന്നിത്യാദി വ്യുല്പത്തിദാൎഢ്യക്കുറവിനു മകുടോദാഹരണമായ തെററുകളും സുലഭമായി കാണാം. "സ്നിഗ്ദ്ധജനസംവിക്തമായ ദുഃഖം, വൈദുഃഖം" തുടങ്ങിയ വൎണ്ണവിഴുങ്ങിപ്പിഴകളും ഉദയനശരീരത്തിൽ സ്ഥലംപിടിച്ചിട്ടുണ്ടു്. ഇതെല്ലാം ഒഴിവാക്കിയാൽ ഇതിൽനിന്നു് ഏഴാംക്ലാസ്‌വിദ്യാൎത്ഥികൾക്കു് എന്തുകിട്ടുമെന്നു വായനക്കാർ തീൎച്ചയാക്കട്ടെ.

# ജീവിതസഹായവും വിദ്യാഭ്യാസവും

(ജി. രാമൻ മേനോൻ എം. എ, ബി. എൽ.)

ഇപ്പോൾ ഭൂലോകമൊട്ടുക്ക്, ഏറക്കുറെ പ്രചരിച്ചിട്ടുള്ള സ്കൗട്ടിംഗ്പ്രസ്ഥാനം, സാധാരണ ജീവിതകാര്യങ്ങളിൽ, സഹായിക്കുന്നതിനും ഒട്ടൊക്കെ സ്വതന്ത്രമായി പ്രവൎത്തിക്കുന്നതിനും യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. സാധാരണവിദ്ധ്യാഭ്യാസത്തിന്റെയും ഉദ്ദേശ്യം മിക്കവാറും ഇതുതന്നെയായിരിക്കണം. അതുകൊണ്ടു സ്കൗട്ടിംഗ്പ്രസ്ഥാനവും, വിദ്ധ്യാഭ്യാസവും തമ്മിൽ വളരെ അടുപ്പമുണ്ടെന്നു വ്യക്തമാകുന്നു. കാലദേശാവസ്ഥകളെ പരിഗണിച്ചു യുക്തിയുക്തമായി നടത്തിയാൽ, ഇവ രണ്ടും ഒന്നായിത്തീരുമെന്നുതന്നേ പറയാം. ഇപ്രകാരം ചെയ്താൽ നമ്മുടെ വിദ്ധ്യാഭ്യാസരീതിയിൽ ഇപ്പോഴുള്ള ഗൌരവമേറിയ ന്യൂനതകൾ പരിഹരിക്കപ്പെട്ടുന്നതുമാണ്. ഈ ആന്തരത്തെ മുൻനിറുത്തിക്കൊണ്ടു നമ്മുടെ രാജ്യത്തിലെ സ്ഥിതിക്കു യോജിക്കത്തക്കവണ്ണം സ്കൗട്ടിംഗിനെ പ്രായോഗികമാക്കുന്നതിനു ചില നിൎദ്ദേശങ്ങൾ ചെയ്യുന്നതിനു ശ്രമിക്കാം.

ഇപ്പോൾ നമ്മുടെ രാജ്യത്തിൽ നടപ്പിലിരിക്കുന്ന സ്കൌട്ടിംഗ് പ്രസ്ഥാനം, ഇംഗ്ലീഷ്പള്ളിക്കൂടങ്ങൾ സംബന്ധിച്ചും പ്രത്യേകിച്ചു പണക്കാരുടെ സംരക്ഷണയിലുള്ള യുവജനങ്ങളുടെയിടയിലും മാത്രമാണു പ്രചരിച്ചിട്ടുള്ളതു്. എന്നാൽ ഈ പ്രസ്ഥാനത്തിന്റെ സാരാംശമായ ജീവിതസഹായത്തെ പരിഗണിക്കുമ്പോൾ ഇതു സാമാന്യജനങ്ങളുടെയിടയിൽ കൂടുതൽ ആവശ്യകമായിരിക്കുന്നു. ഈ ആവശ്യം നിൎവഹിക്കത്തക്കവണ്ണം ഈ പ്രസ്ഥാനത്തിന്റെ പ്രായോഗികവശങ്ങളിൽ വേണ്ട ഭേദഗതികൾ ഇവിടത്തെ പരിതസ്ഥിതികളനുസരിച്ചു നടപ്പാക്കിയാൽകൊള്ളാം.

ആദ്യമായി സ്കൗട്ടിംഗിന്റെ സ്വഭാവത്തെക്കുറിച്ചു കുറച്ചു പ്രസ്താവിക്കാം. ഇതുകൊണ്ടു പരിശീലനം സിദ്ധിക്കേണ്ട ഭൂരിപക്ഷം യുവജനങ്ങളേയും സംബന്ധിച്ചിടത്തോളം ഇതൊരു പ്രത്യേകതൊഴിലല്ല. എന്നാൽ പ്രധാനപ്പെട്ട മിക്കതൊഴിലുകളിലും സാമാന്യപരിശീലനവും സാമാന്യജ്ഞാനവും ഇതുകൊണ്ടു സിദ്ധിക്കുന്നു. സ്കൗട്ടിംഗ് ഒരു പ്രത്യേകതൊഴിലായി നടത്തുന്നവരും ഉണ്ടു്. യുദ്ധകാൎയ്യങ്ങളിൽ സാധാരണമായി സ്കൗട്ടിംഗ് നടത്തുന്നതു സാമൎത്ഥ്യവും, ധൈൎയ്യവും ഉള്ള ഒരു യോദ്ധാവുതന്നെയായിരിക്കും. സൈന്യത്തിന്റെ മുമ്പേപോയി, ശത്രുക്കൾ എവിടെയാണെന്നും മററും കണ്ടുപിടിച്ചു സേനാനായകനെ അറിയിക്കുന്നതാണു സൈനികസ്കൗട്ടിന്റെ കൃത്യം. ഇതു സൈന്യത്തിന്റെ രക്ഷയ്ക്കു വളരെ പ്രധാനവും അതു നടത്തു

ന്നയാളുടെ ജീവനു വളരെ അപായകരവുമായ ജോലിയാണെന്നു വ്യക്തമാണല്ലൊ. ശത്രുക്കളം അറിയാതേയോ, അവരുടെ കൈയിൽ അകപ്പെടാതേയോ ഈ ജോലി നടത്തുന്നതിനു വളരെ സാമൎത്ഥ്യവും, ക്ഷമയും, വിവേകവും, സൂക്ഷ്മശ്രദ്ധയും, വേഗതയും വേണ്ടിയിരിക്കുന്നു. ഇതൊക്കെ, വളരെ നാളത്തെ പരിശീലനംകൊണ്ടേ സിദ്ധിക്കയുള്ളു. പരിഷ്കൃതജനങ്ങൾ അധികമായി പ്രവേശിച്ചിട്ടില്ലാത്ത ഭൂഭാഗങ്ങളിൽ സഞ്ചരിച്ചു ദേശസ്വഭാവങ്ങൾ മനസ്സിലാക്കുക, വേട്ട നടത്തുക, അത്തരം പ്രദേശങ്ങളിൽ താമസിച്ചു കൃഷി മുതലായ തൊഴിലുകൾ നടത്തുക മുതലായ ജോലികളെല്ലാം ഒരുമാതിരി സ്കൌട്ടിംഗ്തന്നെയാണ്. ഇവ യുദ്ധസംബന്ധമായിട്ടുള്ളവയല്ലെങ്കിലും, ഇവയിലും അപകടങ്ങൾ ധാരാളമുണ്ട്. സൂക്ഷ്മനിരീക്ഷണത്തിലും കാട്ടിൽ വഴിയറിയുന്നതിലും, ആരോഗ്യം സംരക്ഷിക്കുന്നതിലും കാട്ടുജന്തുക്കളിൽനിന്ന് അപകടമുണ്ടാകാതെ സൂക്ഷിക്കുന്നതിലും, മററും സാമൎത്ഥ്യമില്ലാത്തവർ ഇത്തരംജോലികളിൽ ഏർപ്പെട്ടാൽ, അപകടമുണ്ടാകുന്നതു നിശ്ചയമാണല്ലൊ. ഇത്തരം ജോലികളിൽ വിജയികളായിട്ടുള്ളവരെല്ലാം മേൽപറഞ്ഞ കാൎയ്യങ്ങളിൽ നല്ല സാമൎത്ഥ്യവും മനസ്സാന്നിധ്യവും ധൈൎയ്യവും മററുള്ളവരെ സഹായിക്കുന്നതിൽ താല്പൎയ്യവും ഉള്ളവരായിരുന്നു. ആവശ്യപ്പെട്ടാൽ സ്വന്തം ജീവനെ അപകടത്തിലാക്കിയും ഇത്തരം ജോലികൾചെയ്യാൻ സന്നദ്ധതയുള്ളവർ ധാരാളമുണ്ടായിരുന്നവയും ഉള്ളവയും ആയ രാജ്യങ്ങളാണ് ഇന്ന്, ഐശ്വൎയ്യത്തിലും ജനക്ഷേമത്തിലും മുന്നിട്ടുനില്ക്കുന്നതു്.

ഇപ്പോൾ നടപ്പിലിരിക്കുന്ന സാമാന്യമായ സ്ക്കൌട്ടിംഗ്പ്രസ്ഥാനത്തിൻെറ പ്രധാന പ്രചാരകൻ ഒരു ബ്രിട്ടീഷുകാരനായ ബേഡൻപൌവൽ പ്രഭു അവർകളാണ്. ക്രിസ്ത്വാബ്ദം 1900-ാംമാണ്ടിടയ്ക്കു് ബ്രിട്ടീഷ്കാർ തെക്കേ ആഫ്റിക്കയിൽ ബോവർമാരോടു നടത്തിയ യുദ്ധത്തിനിടയ്ക്കാണു പ്രായം കുറവായ ചെറുപ്പക്കാരുടെ പരിശീലനമെന്ന നിലയിൽ സ്ക്കൌട്ടിംഗിനു പ്രാമാണ്യം ലഭിച്ചതു്. അന്ന് അതുപയോഗിച്ചതു് ഒരു വിനോദമായിട്ടോ സരസപരിശീലനമായിട്ടോ അല്ല; അത്യാവശ്യത്തിനായിട്ടാണ്. ബ്രിട്ടീഷ്കാൎക്കു സുശിക്ഷിതമായ സൈന്യവുംമററും ആരംഭത്തിൽ തന്നെ ഇൻഡ്യയിൽനിന്നും മററും ഭാഗ്യം കൊണ്ട് കുറച്ചൊക്കെ എത്തിക്കാൻ സാധിച്ചു. എന്നാൽ, യുദ്ധരംഗത്തിൽ പല സ്ഥലങ്ങളിലും ബ്രിട്ടീഷ് ഭാഗത്തു് ആളുകളുടെസംഖ്യ വളരെ കുറവും, ബോവർമാരുടെ സംഖ്യ ധാരാളവും ആയിരുന്നു. അതുകൊണ്ടു ബ്രിട്ടീഷ് സൈന്യനായകന്മാൎക്കു സ്വന്തം ഭാഗത്തുണ്ടായിരുന്ന മുതിൎന്ന ബാലന്മാരെക്കൂടെ ചില അത്യാവശ്യസൈനികജോലികൾക്കായി പരിശീലിപ്പിക്കയും സംഘടിപ്പിക്കയും ചെയ്യേണ്ടിവന്നു. അന്നത്തെ അനുഭവങ്ങളിൽ നിന്ന് ഈ പ്രസ്ഥാനം ചെറുപ്പക്കാൎക്കു വളരെ

ഗുണപ്രദമായ ജീവിതപരിശീലനത്തിന് എത്രയും അനുയോജ്യമാണെന്നു പ്രാരംഭപ്രവൎത്തകന്മാൎക്കു ബോദ്ധ്യമായി. സേനാനായകോദ്യോഗത്തിൽ നിന്നു പിരിഞ്ഞതിൽ പിന്നെ ബേഡൻപൌവൽപ്രഭു, രാജ്യസേവനത്തിനും മനുഷ്യസമുദായസഹായത്തിനും എത്രയും ഉപയുക്തമായ ഈ പ്രസ്ഥാനത്തെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കയാണ്. ഇതിനെ ഈ മഹാൻ വിവരിച്ചിരിക്കുന്നതു്, ഏകദേശം താഴെ പറയുന്ന വിധത്തിലാണ്.

പ്രായം തികഞ്ഞവർ, ചെറുപ്പക്കാൎക്ക് ആരോഗ്യപ്രദങ്ങളായ പരിതസ്ഥിതികൾ ഉണ്ടാക്കിക്കൊടുക്കയും ഇവരിൽ ശരിയായ പൌരത്വം വികസിപ്പിക്കുന്ന സുസ്ഥാപിത പ്രവൃത്തികളിൽ ഇവരെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നതിനുള്ള ഒരു സരസപ്രവൎത്തനമാണു സ്കൌട്ടിംഗ്. ശരിയായ വിദ്യാഭ്യാസത്തിന്റെ വിവരണവും ഇതിൽ നിന്നു ഭിന്നമല്ല. അതുകൊണ്ട് ഇവ രണ്ടും കഴിയുന്നിടത്തോളം ഒന്നാകത്തക്കവണ്ണം വിശാലമായ ഒരു പദ്ധതിയിൽ, ഇവയെ സംഘടിപ്പിക്കുന്നതു ഗുണകരമായിരിക്കും. നമ്മുടെ വിദ്യാഭ്യാസരീതിയിൽ ഇപ്പോഴുള്ള പ്രധാനന്യൂനതകളെ ഗണ്യമായ വിധത്തിൽ പരിഹരിക്കുന്നതിനു സ്കൌട്ടിംഗ്പ്രസ്ഥാനത്തെ കാലദേശാവസ്ഥകളനുസരിച്ചു പ്രയോഗിക്കാവുന്നതാണ്. ജീവിതസഹായം എന്ന ആന്തരതത്വമനുസരിച്ചു വിദ്യാഭ്യാസത്തെ പരിഷ്കരിച്ചാൽ, സ്കൌട്ടിംഗും അതിൽ ഉൾപ്പെട്ടിരിക്കും. പ്രവൎത്തനരീതിയിലുള്ള (Project method) വിദ്യാഭ്യാസം ഈ പദ്ധതിയനുസരിച്ചുള്ളതാണ്.

ഇപ്പോൾ സ്കൌട്ടിംഗു് ചില ഇംഗ്ലീഷ് സ്കൂളുകളോട് അനുബന്ധിച്ചു നടത്തുന്നുണ്ടെങ്കിലും, അതു സ്കൂൾസമയത്തിനും പാഠപദ്ധതിക്കും പുറമെയാണ്. ഇതു വേണ്ടിടത്തോളം ഗുണപ്രദമല്ല. ഇവയിൽ ഒന്നിൽ അധികം ശ്രദ്ധയുള്ളവർ മറേറതിൽ മോശക്കാരാകുന്നതു സാധാരണയാണ്. സ്കൌട്ടിംഗും സാധാരണവിദ്യാഭ്യാസവും തമ്മിൽ ഈ വൈപരീത്യം ഉണ്ടാകാത്ത വിധത്തിൽ, രണ്ടിലും വേണ്ട ഭേദഗതികൾ വരുത്തി അവയെ സംഘടിപ്പിക്കണം. സ്കൌട്ടിംഗിനു പാഠപദ്ധതിയിലും പാഠശാലാസമയത്തിലും പരീക്ഷകളിലും സ്ഥാനം നൽകണം. ഇതിനായിട്ടു വിദ്യാൎത്ഥികളിൽനിന്നു പ്രത്യേകഫീസും മററും ഈടാക്കുന്നതു് അഭിലഷണീയമല്ല. നമ്മുടെ നാട്ടിൽ വിദ്യാൎത്ഥികളിൽ, മഹാഭൂരിപക്ഷക്കാർ, അവരുടെ മുഴുവൻ സമയവും അദ്ധ്യാപകന്മാരുടെ മേൽനോട്ടത്തിലൊ, പാഠശാലയിലൊ, അതിനോടനുബന്ധിച്ച വിദ്യാൎത്ഥിമന്ദിരത്തിലൊ അല്ല കഴിച്ചുകൂട്ടുന്നതു്. മിക്കവരും വിദ്യാഭ്യാസകാലത്തും അധികസമയവും അവരവരുടെ ഗൃഹങ്ങളിൽത്തന്നെ താമസിക്കുന്നു. അതുകൊണ്ടു വിദ്യാൎത്ഥികളുടെ ഗൃഹങ്ങളേയും സ്കൌട്ടിങ്ങ് പരിശീലനത്തിനുപയോഗിക്കാൻ ശ്രമിക്കണം. വാസ്ത

വത്തിൽ അവരവരുടെ ഗൃഹങ്ങളിലുള്ള മുതിന്നയാളുകളുടെ മേൽനോട്ടത്തിൽ സാധാരണജീവിതജോലികളിൽ യുക്തമായവിധത്തിൽ സാഹായികജോലികൾ യുവജനങ്ങളെക്കൊണ്ടു നടത്തിക്കുന്നതാണു്, ഏററവും ഗുണപ്രദവും കാൎയ്യക്ഷമവുമായ വിദ്യാഭ്യാസവും സ്റ്റേറ്റിംഗ്പരിശീലനവും. ഇതിനു സൗകൎയ്യം കുറവായവരെ പള്ളിക്കൂടങ്ങൾ വഴി സഹായിക്കാൻവേണ്ട ഏൎപ്പാടുകൾ ചെയ്താൽ മതി. പള്ളിക്കൂടങ്ങളിൽ പഠിച്ചവരെ മാത്രമെ വിദ്യാഭ്യാസയോഗ്യത നിൎണ്ണയിക്കുന്നതിനുള്ള പരീക്ഷകളിൽ ചേൎക്കു എന്നുള്ള ഇപ്പോഴത്തെ ഏൎപ്പാടു നമ്മുടെ രാജ്യത്തിൻെറ സ്ഥിതിഗതികളിൽ യഥാൎത്ഥവിദ്യാഭ്യാസത്തിനു വളരെ ഹാനികരമായിരിക്കുന്നു. നമ്മുടെ പരീക്ഷകളുടെ സ്വഭാവത്തിലും ഒരു പരിവൎത്തനം ആവശ്യകമാണു്.

# ശ്രീമാൻ, ആർ. ഈശ്വരപിള്ള അവർകൾ.

(കെ. പരമേശ്വരൻപിള്ള ബി. ഏ., ബി. എൽ- റിട്ടയാർഡ് രജിസ്ട്രേഷൻ ഡയറക്ടർ.)

എൻെറ വന്ദ്യഗുരുനാഥനും ഒരു ഉത്തമപുരുഷനും തിരുവിതാംകൂറിലെ വിദ്യാഭ്യാസവകുപ്പിൽ ഒരു മാതൃകാദ്ധ്യാപകൻ എന്ന നിലയിൽ അനശ്വരമായ കീൎത്തിയും സ്നേഹബഹുമാനവും സമ്പാദിച്ച മാന്യദേഹവും ആയ ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകളെപ്പററി എൻെറ സ്മരണകൾ എഴുതി അയച്ചുകൊടുത്താൽ കൊള്ളാമെന്നു ഒരപേക്ഷ ഒരു മാന്യനിൽനിന്നു ഈ എനിക്കുകിട്ടി. മടികൊണ്ടുംമററും പത്രങ്ങളിലൊ മാസികകളിലൊ പ്രസിദ്ധം ചെയ്യുന്നതിനുള്ള ലേഖനങ്ങൾ ഒന്നും ഞാൻ അയച്ചുകൊടുക്കാറില്ല. എന്നാൽ എൻെറ വന്ദ്യഗുരുവിനെ പലഅവസരങ്ങളിലും ഞാൻ സ്മരിക്കാറുണ്ടു്. ആ സ്മരണകളെ ആകപ്പാടെ ഒന്നു പുതുക്കുന്നതിനു ഇതൊരവസരമാണല്ലൊ എന്നുദ്ദേശിച്ചു് ഈ ചെറിയ ലേഖനം എഴുതുന്നതാണു്. അക്ഷരാഭ്യാസം തുടങ്ങിയമുതൽ ബി. എൽ. പരീക്ഷയിൽ ജയിക്കുന്നതുവരെ പല മഹാന്മാരും എൻെറ ഗുരുക്കന്മാരായിരുന്നെങ്കിലും, അഞ്ചുവയസ്സിൽ എൻെറ വീട്ടിൻെറ ഇറയത്തുവച്ചു് എന്നെ ഹരിഃ, ശ്രീ മുതലുള്ള അക്ഷരങ്ങൾ എഴുതാനും വായിക്കാനുംപഠിപ്പിച്ച എൻെറ കുഡുംബഗുരുവായ ശംകു ആശാനേയും ആലപ്പുഴ ഇംഗ്ലീഷുസ്കൂളിൽ അഞ്ചും ആറും

ഫാറങ്ങളിൽ എന്റെ ഉപാദ്ധ്യായനും ആ സ്കൂളിലെ പ്രഥമാദ്ധ്യാപകനു മായിരുന്ന ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകളേയും പററി എന്റെ മനസ്സിലുണ്ടായിട്ടുള്ള ഭക്തിബഹുമാനങ്ങൾപോലെ മററാരേയും പററിയുണ്ടായിട്ടില്ല. അതിനുള്ള പ്രത്യേകകാരണം അവരുടെ മനസ്സിൽ എന്നെക്കുറിച്ചുണ്ടായിരുന്ന സ്നേഹം തന്നെയാണ്. ഞാൻ ഈശ്വരപിള്ളസ്സാറിന്റെ കീഴിൽ പഠിച്ചതു ഏകദേശം അൻപതു കൊല്ലത്തിനു മുൻപാണ്. ഞാൻ "അപ്പർഫോത്ത്" അതായതു് ഇപ്പോഴത്തെ നാലാംഫാറത്തിൽ പഠിക്കുമ്പോഴാണ് അദ്ദേഹം ആലപ്പുഴ സ്കൂളിലെ ഹെഡ്മാസ്റ്ററായി വന്നതു്. അന്ന് അദ്ദേഹത്തിനു മുപ്പത്തിരണ്ടോ മുപ്പത്തിമൂന്നോ വയസ്സിൽ കൂടുതൽ പ്രായമുണ്ടായിരുന്നുവെന്നു തോന്നുന്നില്ല. ഇത്ര ചെറുപ്പത്തിൽ ഒരാളെ ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി അന്നും ഇന്നും നിയമിച്ചിട്ടുണ്ടോ എന്നു സംശയമാണ്. അദ്ദേഹത്തിനേക്കാൾ കൂടുതൽ സർവീസും പ്രായവും ഉള്ളവർ അന്നു ഡിപ്പാർട്ടുമെന്റിൽ ഇല്ലാതിരുന്നിട്ടല്ലാ അദ്ദേഹത്തിനെ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നിയമിച്ചതു്. അദ്ദേഹത്തിന്റെ പ്രത്യേകയോഗ്യതകളെ പററി അന്നു വിദ്യാഭ്യാസമേലദ്ധ്യക്ഷന്മാരായിരുന്ന മിസ്റ്റർ റാസ്സ്, ഡാക്ടർ ഹാർവി ഇവൎക്കു നേരിട്ടറിവും വിശ്വാസവും ഉണ്ടായിരുന്നതുകൊണ്ടാണ് അദ്ദേഹത്തെ ആ സ്ഥാനത്തേക്ക് ഉയർത്തിയതു്. പിന്നീട് അദ്ദേഹത്തിനു ഡിപ്പാർട്ടുമെന്റിൽ യാതൊരു പ്രോത്സാഹനവും ഇല്ലാതെ വന്നതിനുകാരണം അദ്ദേഹത്തിന്റെ പ്രത്യേകയോഗ്യത തന്നെയായിരിക്കണം. മിസ്റ്റർ ഈശ്വരപിള്ള ആലപ്പുഴ വന്നപ്പോൾ ആ സ്കൂളിൽ അഞ്ചാംഫാറംവരെ മാത്രമെ ഉണ്ടായിരുന്നുള്ളു. അദ്ദേഹം അവിടെ വന്ന് ഒന്നോ രണ്ടോ കൊല്ലം കഴിഞ്ഞപ്പോൾ ആറാംഫാറം അതായതു മട്രിക്കുലേഷൻ ക്ലാസുകൂടി അനുവദിച്ച് ആ സ്കൂൾ ഒരു പൂർണ്ണഹൈസ്കൂളായി ഉയർത്തപ്പെട്ടു. അന്നു തിരുവിതാംകൂറിൽ തിരുവനന്തപുരം, കോട്ടാർ, കൊല്ലം ഈ മൂന്നു സ്ഥലങ്ങളിലേ മട്രിക്കുലേഷൻ ക്ലാസുള്ള സർക്കാർ ഹൈസ്കൂളുകൾ ഉണ്ടായിരുന്നുള്ളു. ഇന്നത്തേപ്പോലെ അന്ന് ഓരോ വിഷയം പഠിപ്പിക്കുന്നതിന് ഓരോ അദ്ധ്യാപകന്മാർ ഉണ്ടായിരുന്നില്ല. അഞ്ചാംഫാറത്തിൽ എല്ലാ വിഷയങ്ങളും ഹെഡ്മാസ്റ്ററായ മിസ്റ്റർ ഈശ്വരപിള്ള തന്നെയാണു പഠിപ്പിച്ചുവന്നതു്. മട്രിക്കുലേഷൻ ക്ലാസു വന്നപ്പോൾ സയൻസ് പഠിപ്പിക്കുന്നതിനു കെമിസ്ട്രിയിൽ ബി. ഏ. ജയിച്ച ഒരു അസിസ്റ്റന്റിനെ കൂടി നിയമിച്ചു. ആദ്യമായി ആ സ്ഥാനത്തു നിയമിക്കപ്പെട്ടതു ഡിസ്ട്രിക്ട്പോലീസ്സൂപ്രണ്ടായിരുന്ന് ഇപ്പോൾ പെൻഷൻ പററി വിശ്രമം എടുക്കുന്ന മിസ്റ്റർ കെ. പത്മനാഭൻതമ്പി. ബി. ഏ, ബി. എൽ. ആയിരുന്നു. മിസ്റ്റർ തമ്പിയ്ക്ക് അന്ന് ഇരുപത്തിഒന്നോ ഇരുപത്തിരണ്ടോ വയസ്സിൽ കൂടുതൽ പ്രായമുണ്ടായിരുന്നില്ല. ബാഹ്യമായി മാ

ത്രം നോക്കിയാൽ മിസ്റ്റർ ഈശ്വരപിള്ളയും മിസ്റ്റർ പത്മനാഭൻതമ്പിയും തമ്മിൽ വ്യത്യാസം കാണുമെങ്കിലും ആന്തരമായ ഉത്തമഗുണങ്ങൾ രണ്ടുപേൎക്കും ഒരുപോലെതന്നെയാണ്. * മിസ്റ്റർ തമ്പി ഡിപ്പാർട്ടുമെൻറു മാറിയെങ്കിലും ഗവമ്മേൻറു സവ്വീസ്സിലെ പ്രോത്സാഹനം രണ്ടുപേൎക്കും ഏകദേശം ഒരുപോലെതന്നെയിരുന്നു.

മിസ്റ്റർ ഈശ്വരപിള്ള ക്ലാസിൽ പഠിപ്പിക്കുന്ന രീതിതന്നെ മററുള്ളവരിൽനിന്നും വ്യത്യാസപ്പെട്ടതായിരുന്നു. അന്നത്തെ ഹെഡ്മാസ്റ്റരന്മാൎക്കു ശമ്പളം കുറവും ജോലി കൂടുതലുമായിരുന്നു. വിശ്രമത്തിന് ഒട്ടും സമയമില്ല. അന്നു പഠിത്തം ആരംഭിക്കുന്നതു കാലത്തു് ഒൻപതുമണിക്കാണ്. മിസ്റ്റർ ഈശ്വരപിള്ള പതിനഞ്ചുമിന്നിട്ടിനുമുമ്പു കണിശമായും സ്കൂളിൽ വരും. ഒൻപതുമണി മുതൽ നാലുമണി വരെ; ഉച്ചയ്ക്കു് ഒരു മണിക്കൂർ ഒഴിച്ചു്, ആറുമണിക്കൂർ നേരം പഠിപ്പിക്കുന്ന ജോലിതന്നെയാണ്. കണക്കൊഴിച്ചു മറെറല്ലാ വിഷയങ്ങളും അരമണിക്കൂർനേരം പഴയ പാഠങ്ങളും അരമണിക്കൂർനേരം പുത്തൻപാഠവുമാണു പഠിപ്പിച്ചുവന്നതു്. ഇംഗ്ലീഷു പദ്യങ്ങൾ (Poetry) പഠിപ്പിക്കുന്നതിന് അദ്ദേഹത്തിനു പ്രത്യേകപാണ്ഡിത്യവും വാസനയും ഉണ്ടായിരുന്നു. ആ ഒരു മണിക്കൂർനേരം എത്ര രസമായിട്ടുള്ളതാണെന്നു് അനുഭവിച്ചവൎക്കു മാത്രമെ അറിവാൻ കഴിയുകയുള്ളു. സാധാരണ ഫലിതമായി സംസാരിക്കുന്നയാളല്ലെങ്കിലും പഠിപ്പിക്കുന്നതിനിടയ്ക്കു വിജ്ഞാനപ്രദമായ ഫലിതങ്ങൾ വന്നുകൊണ്ടിരിക്കും. മഹാരാജാവിന് ഉടവാളെന്നപോലെ ഒരു അദ്ധ്യാപകനു ചൂരൽവടിയും ആവശ്യമാണെന്നുള്ള നിലയ്ക്കു് ഒരു ചൂരൽവടി മിസ്റ്റർ ഈശ്വരപിള്ളയുടെ മേശപ്പുറത്തു് എല്ലായ്പ്പോഴും ഇരിക്കുമെങ്കിലും അതുകൊണ്ടുള്ള പ്രയോഗം വളരെ ചുരുക്കമായിട്ടെ ഉണ്ടാകാറുള്ളു. ഒരു സ്കൂൾമാസ്റ്റൎക്ക് അത്യാവശ്യം വേണ്ടതും ഇന്നത്തെ സ്കൂൾമാസ്റ്റരന്മാരിൽ വളരെ ചുരുക്കമായി കാണുന്നതുമായ ഒരു ഗുണം സ്നേഹത്തോടും അനുകമ്പയോടുംകൂടി അധികാരം നടത്തുക എന്നുള്ളതാണ്. ആ ഗുണം മിസ്റ്റർ ഈശ്വരപിള്ളയ്ക്കു പരിപൂൎണ്ണമായി ഉണ്ടായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിൻെറ ശിഷ്യന്മാൎക്കു പ്രത്യേകിച്ചും സ്കൂളിലുള്ള എല്ലാ വിദ്യാൎത്ഥികൾക്കും പൊതുവായും അദ്ദേഹത്തെക്കുറിച്ചു ഭക്തിയോടും ബഹുമാനത്തോടും കൂടിയ ഭയമാണ് ഉണ്ടായിരുന്നതു്. മിസ്റ്റർ ഈശ്വരപിള്ള അദ്ദേഹത്തിൻെറ മുറിയിലുള്ള കസേരയിൽ ഇരിക്കയല്ലാതെ ഓരോ ക്ലാസുകളിലും ഉള്ള വാദ്ധ്യാന്മാർ ശരിയായി പഠിപ്പിക്കുന്നുണ്ടോ എന്നു നോക്കുന്നതിനുംമററും വളരെ ചുരുക്കമായിട്ടെ ചുററി നടക്കാ

* രാജാകേശവദാസൻെറ വംശജനായ ഇദ്ദേഹം ഇതഃപര്യന്തം കാണ്മാൻ കഴിയാത്ത ഒരു മേധാവിയായിരുന്നു. അദ്ദേഹം വാൎദ്ധക്യപീഡിതനെങ്കിലും ഒരു ശിശുവിനെപോലെ സോല്ലാസം ജീവിതം നയിക്കുന്നു. (ഗ്ര. പത്രാധിപർ)

വുള്ളു. ഹെഡ്മാസ്റ്ററുടെ രീതി അനുസരിച്ചുതന്നെ അവരും യഥാശക്തി പ്രവൎത്തിച്ചുവന്നു. അതിനാൽ കുട്ടികളെക്കുറിച്ചു വാദ്ധ്യാന്മാൎക്കോ വാദ്ധ്യാന്മാരെപ്പററി കുട്ടികൾക്കോ ഹെഡ്മാസ്റ്ററുടെ അടുക്കൽ പരാതി പറയേണ്ട ആവശ്യം ഉണ്ടായിരുന്നില്ലെന്നുതന്നെ പറയാം.

ഏതെങ്കിലും ഒരു ദൂഷ്യം മിസ്റ്റർ ഈശ്വരപിള്ളയെപ്പററി പറവാനുണ്ടെങ്കിൽ അതു് അദ്ദേഹം കുട്ടികളുടെ കായികമായ കളികളിലും വിനോദങ്ങളിലും മററും പങ്കുകൊള്ളുകയോ അവരെ അതിലേക്കു് ഉത്സാഹപ്പെടുത്തുകയോ ചെയ്തുവന്നിട്ടില്ലെന്നുള്ളതാണു്. അതു് അദ്ദേഹത്തിൻെറ ദേഹസ്ഥിതികൊണ്ടാണെന്നു് എല്ലാവൎക്കും അറിയാമായിരുന്നതുകൊണ്ടു് ആൎക്കും അതിനെപ്പററി പരാതിയുണ്ടായിരുന്നില്ല. വീട്ടിൽനിന്നും കാലത്തു സ്കൂളിലേക്കും വൈകുന്നേരം സ്കൂളിൽനിന്നും വീട്ടിലേക്കും ഉള്ള നടപ്പുമാത്രമായിരുന്നു അദ്ദേഹത്തിൻെറ വ്യായാമം. വെള്ളശരായിയും, വെള്ളലാംഗ്കോട്ടും കസവുതലപ്പാവും, തൃശ്ശിനാപ്പിള്ളി ജോഡും ധരിച്ചു നെററിയിൽ ചന്ദനപ്പൊട്ടുമിട്ടു മിസ്റ്റർ ഈശ്വരപിള്ള നടന്നുവരുന്നതു ഞാൻ ഇപ്പോഴും നല്ലതിന്മണ്ണം ഓൎമ്മിക്കുന്നുണ്ടു്. ഏകദേശം മൂന്നു മൈലോളമുള്ള ആ നടപ്പു് അദ്ദേഹത്തിൻെറ ദേഹസ്ഥിതിക്കു മതിയായ വ്യായാമമായിരുന്നു.* കൂടക്കൂടെ ജലദോഷം മാത്രമല്ലാതെ മററു പറയത്തക്ക സുഖക്കേടുകൾ ഒന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അതു് അദ്ദേഹത്തിൻെറ മിതമായ ആഹാരവും മിതമായ ജീവിതവും കൊണ്ടാണെന്നുള്ളതിനു സംശയമില്ല. "നിത്യതൃപ്തോ നിരാശ്രയഃ". എന്നുള്ള തത്വം അനുസരിച്ചു ജീവിതം നയിച്ചുവന്നതുകൊണ്ടു് ഈശ്വരൻ അദ്ദേഹത്തിനു മനശ്ശാന്തിയും ആരോഗ്യത്തോടുകൂടിയ ദീൎഘായുസ്സും കൊടുത്തിട്ടുണ്ടു്. ഇതിൽ കൂടുതലായ ഒരനുഗ്രഹം മനുഷ്യനു കിട്ടേണ്ടതില്ലെന്നാണു് എൻെറ അഭിപ്രായം.

ഞാൻ ആലപ്പുഴസ്കൂൾ വിട്ടതിനുശേഷം ഈശ്വരപിള്ളസ്സാറിനെ പലപ്പോഴും കാണാറുണ്ടെങ്കിലും ദിവസംപ്രതി എന്നപോലെ കാണുന്നതിനും അദ്ദേഹത്തിൻെറ യോഗക്ഷേമങ്ങൾ അടുത്തറിയുന്നതിനും സംഗതിവന്നതു് ഉദ്ദേശ്യം ഇരുപതുകൊല്ലം കഴിഞ്ഞു ഞാൻ പറവൂർതാലൂക്കു തഹശീൽദാരായി വന്നതിനുശേഷമാണു്. അന്നു് അദ്ദേഹം പറവൂർ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. ഞാൻ പറവൂർ വന്നു കുറച്ചു കഴിഞ്ഞ ഉടനെ മിസ്റ്റർ ഈശ്വരപിള്ളയെ ഒരു റയിഞ്ച് ഇൻസ്പെക്ടരായി പ്രമോഷൻ ചെയ്തു നിയമിച്ചു. അദ്ദേഹത്തിൻെറ യോഗ്യതകളെ അപ്പോഴെങ്കിലും ഗവൎമ്മേൻറു് അറിഞ്ഞല്ലോ എന്നുള്ള സന്തോഷം അദ്ദേഹത്തിൻെറ അഭ്യുദയകാംക്ഷികൾക്കു് ഉണ്ടായി എങ്കിലും ആ സന്തോഷം വളരെനാൾ നിലനി

* അടുത്തകാലംവരെ പറവൂർവച്ചും വൈകീട്ടുമാത്രം നടക്കാറുണ്ടായിരുന്നു. (ഗ്ര. പ.)

ന്നില്ല. ഒരു വഷമൊ മറെറാ കഴിഞ്ഞു് ഒരു റയിഞ്ച് ഇൻസ്പെക്ടരെ കുറവു ചെയ്തതോടുകൂടി അദ്ദേഹത്തിൻെറ ആ ഉദ്യോഗവും നിന്നുപോകയും അദ്ദേഹം പൂൎവ്വസ്ഥിതിയിൽ പറവൂർഹെഡ്മാസ്റ്ററായി വരികയും ചെയ്തു. അതിൽ പിന്നീട് ഉദ്യോഗത്തിൽ ഇരിക്കണമെന്നുള്ള ആശ തീരെ വിടുകയും പെൻഷൻപററി വിശ്രമിക്കുന്നതാണു നല്ലതെന്നു കരുതി അദ്ദേഹം പെൻഷന് അപേക്ഷിക്കയും ചെയ്തു. പെൻഷൻപററിയതിനുശേഷം അദ്ദേഹം പറവൂർതന്നെ സ്ഥിരവാസം ഉറപ്പിച്ചു.

സാധാരണ മനുഷ്യൎക്കുണ്ടാകാറുള്ള ദുഃഖം അദ്ദേഹത്തിനും ഉണ്ടാകാതെ ഇരുന്നില്ല. അതു് അദ്ദേഹത്തിൻെറ സഹധൎമ്മചാരിണിയുടെ അകാലമരണം നിമിത്തം ഉണ്ടായതാണ്. ശാന്തമനസ്സനും സ്ഥിരപ്രജ്ഞനും ആയ അദ്ദേഹം ദുഃഖിച്ചുകരയുന്നതു് അന്നാണു ഞാൻ കണ്ടതു്.

ഉദ്യോഗകോവണിയിൽ പെട്ടെന്നു മുകളിലത്തെ പടിയിലേക്കു കയറി മൂന്നുദിവസത്തേക്കു "ടാം ടാം" കേൾക്കുന്നതിനു മിസ്റ്റർ ഈശ്വരപിള്ളയ്ക്കു് ഇടയായില്ല എങ്കിലും ഒരു മനുഷ്യൻെറ പ്രത്യേകിച്ചു് ഒരു സ്കൂൾമാസ്റ്ററുടെ നിലയ്ക്കു വിലമതിക്കാത്തതും ശാശ്വതവുമായ യശസ്സ് അദ്ദേഹം സമ്പാദിച്ചിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. തിരുവിതാംകൂറിലെ വിദ്യാഭ്യാസകാൎയ്യങ്ങളെപ്പററി ചിന്തിക്കുന്നതിനും വിലയുള്ള അഭിപ്രായം പറയുന്നതിനും പ്രാപ്തിയും പരിചയവും പാണ്ഡിത്യവുംകൊണ്ടു് ഇന്നു തിരുവിതാംകൂറിലുള്ളവരിൽ പ്രഥമസ്ഥാനം മിസ്റ്റർ ഈശ്വരപിള്ളയ്ക്കാണെന്ന് അദ്ദേഹത്തിനെപ്പററി അറിഞ്ഞിട്ടുള്ളവൎക്കു ബോദ്ധ്യമുണ്ടു്. അങ്ങനെയുള്ള ഒരാൾ തിരുവിതാംകൂറിൽ നിയമിക്കുന്ന വിദ്യാഭ്യാസസംബന്ധമായ കമ്മിററികളിൽ മെമ്പർസ്ഥാനത്തിനു യോഗ്യനായി വരികയില്ലല്ലൊ. മിസ്റ്റർ ഈശ്വരപിള്ള അദ്ദേഹത്തിൻെറ മുൻഗാമിയായി ആലപ്പുഴ സ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്ന വന്ദ്യവയോധികനായ മിസ്റ്റർ കുഞ്ഞുണ്ണിമേനവനെപ്പോലെ ശതാഭിഷേകവും കഴിച്ചു മനഃശാന്തിയോടുകൂടി ഇനിയും ദീൎഘകാലം ജീവിച്ചിരിക്കട്ടെ.

## ഹൃദയഗീത.

(ഓണപ്പാട്ടു്)

നാലാങ്കൽ കൃഷ്ണപിള്ള ബി. ഏ. (ആണേഴ്സ്)

**സത്യപ്രകാശമേ! യെന്നെയൊന്നു**
**നിത്യതയിങ്കലേക്കെന്നെയത്തും!**

നിന്നിൽനിന്നൊന്നും വഴഞ്ഞിടുന്ന
നിർമ്മലതേജസ്സു പുൽകുവാനും,
നിന്നുടെ നിശ്ശബ്ദരാഗഗാന
മൊന്നുകേട്ടാനന്ദം കൈക്കൊൾവാനും,
ഉന്നതമാകിന ഭാഗ്യമെന്നാ-
ണെന്നെ വരിപ്പതീജീവിതത്തിൽ?

ലോകത്തെയാകെ വിളക്കിടുന്നോ-
രാകർമ്മമാകും വെളിച്ചമേ! നീ
വാരൊളിപ്പൊമ്പുലർ വേളയിങ്കൽ
താരുകൾക്കാമോദമേകിടുന്നു;
അന്ധകാരംനീക്കി വാനിനും, നീ
ബന്ധുരമാം കാന്തിയേകിടുന്നു;
ദിവ്യഗോളങ്ങൾ തൊട്ടിങ്ങെഴുമീ
പ്പുൽക്കൊടിയോളമമോഘയാകും
സച്ചിദാനന്ദമരന്ദസാര-
മിച്ഛാനുകൂലം നീയേകിടുന്നു

സത്യപ്രകാശമേ! യെന്നെയൊന്നു
നിത്യതയിങ്കലേക്കെന്നുയർത്തും?

ഘോരനിരാശദാവാനലനിൽ
ഛാരമായിപ്രാണിതീരുംമുമ്പിൽ,
ശൂന്യതയായിടും വങ്കടലിൽ
ഇപ്പാഴ്മണൽത്തരിതാഴുംമുമ്പിൽ,
ക്രൂരിരുൾഗ്ഗർത്തത്തിലന്ധനാമീ-
മാനുഷകീടം പതിക്കുംമുമ്പിൽ,
ഞാനാംകരിയില, യാടലാകും
വങ്കൊടുങ്കാററിൽപ്പറക്കുംമുമ്പിൽ,
എന്നിനി, യെന്നിനി, നീ പൊഴിക്കും
ധന്യമാംതേജഃ സ്ഫുലിംഗകങ്ങൾ.

... ... ... ...

സത്യപ്രകാശമേ! യെന്നെയൊന്നു
നിത്യതയിങ്കലേക്കെന്നുയർത്തും?

നിന്തിരുമുമ്പിൽവന്നെത്തുവാനാ-
യെൻവിഭോ! കെല്പില്ലെനിക്കുചെററും;
നിൻമഹൽക്കീർത്തനം പാടിടാനാ-

യെൻനാവിനില്ല തരിമ്പുംശക്തി;
താവകദിവ്യമാം പ്രേമപൂരം
താങ്ങുവാനീഞാനശക്തനല്ലോ;
നിന്നുടെദീപ്തമഹസ്സുകണ്ടാൽ
നിസ്സാരൻ ഞാൻ വീഴാം, മൂർച്ഛയിങ്കൽ;
എങ്കിലും നിന്നടുത്തെത്തുവാനാ-
യെന്നുടെമാനസം വെമ്പിടുന്നു!!
... ... ... ...
സത്യപ്രകാശമേ! യെന്നെയൊന്നു
നിത്യതയിങ്കലേക്കെന്നെയത്തും?

# അജ്ഞാതമായ ഒരംശം.

(പി. എസ്. അനന്തനാരായണശാസ്ത്രീ)

രാമനാട്ടത്തിലെ 'പ്രിയതമശ്രീരോഹിണിജന്മനഃ' എന്ന പദത്തിന്റെ അൎത്ഥത്തെപ്പററി ശ്രീമാന്മാരായ പി. കൃഷ്ണൻനായരും, പി. വി. കൃഷ്ണൻനായരും തമ്മിൽ നടത്തിവരുന്ന വാഗ്വാദം ഞാനും കൈരളിയിൽ കാണുകയുണ്ടായി. അതിൽ എനിക്ക് അജ്ഞാതമായികിടക്കുന്ന ഒരംശം മനസ്സിലാക്കിയല്ലാതെ വാദത്തിന്റെ ഗൌരവം നിൎണ്ണയിപ്പാൻ നിവൃത്തിയില്ലാതായിരിക്കുന്നു. എനിക്കു മനസ്സിലാവുന്നേടത്തോളം വാദത്തിന്നു തീരെ അടിസ്ഥാനമില്ലാതെയാണ് തോന്നുന്നതു്. എങ്കിലും ഞാൻ അറിഞ്ഞിട്ടില്ലാത്ത ഒരംശം അതിൽ അന്തർഭവിച്ചിരിക്കാമെന്നു വിചാരിച്ച് അതറിവാനുള്ള കൌതുകത്തോടുകൂടിയാണ് ഈ ലേഖനം എഴുതുന്നതു്.

'രോഹിണീ' ശബ്ദത്തിന്നു രോഹിണീനക്ഷത്രം എന്നൎത്ഥമായാൽ ലക്ഷണയുടെ അപേക്ഷയില്ലെന്നു ശ്രീമാൻ പി. കൃഷ്ണൻനായർ സ്ഥാപിച്ചുകാണുന്നു. ഇതു് എങ്ങനെ സാധുവാകും? നക്ഷത്രഗോളത്തിലല്ല മനുഷ്യന്റെ ജനനം വിവക്ഷിച്ചിട്ടുള്ളതു്, പിന്നെയൊ, നക്ഷത്രയുക്തനായ ചന്ദ്രനോടുകൂടിയ കാലത്തിൽ മാത്രമാണ്. 'നക്ഷത്രേണ യുക്തഃ കാലഃ' എന്ന പാണിനീസൂത്രംകൊണ്ടു വിധിച്ചിട്ടുള്ള തദ്ധിതപ്രത്യയം 'ലുബവിശേഷേ' എന്ന സൂത്രംകൊണ്ടു ലോപിച്ചിട്ടാണു കാലവാചകമായ 'രോഹിണീ' ശബ്ദം സിദ്ധിക്കുന്നതു്. അതിൽനിന്നും വന്നിട്ടുള്ള ജാതാൎത്ഥപ്രത്യയത്തിന്നുകൂടി ലോപം വരുത്തിയാൽ ആ കാലത്തിൽ ജനിച്ച സ്ത്രീ എന്നൎത്ഥം. കാലാൎത്ഥകശബ്ദത്തിൽ ഒരു തദ്ധിതപ്രത്യയ ലോപവും, ലോപസ്ഥലത്തി

ലെല്ലാം ലക്ഷണപറയുന്ന മതത്തിൽ, 30 ഡിഗ്രി ലക്ഷണയും ഉണ്ട്. രണ്ടാമത്തെ പ്രത്യയം—ജാതാൎത്ഥപ്രത്യയം—കൂടി ലോപിച്ചാൽ ലക്ഷണയുടെ ഡിഗ്രി 60 ആകും. ഈ ശബ്ദങ്ങൾ തമ്മിൽ ആലങ്കാരികദൃഷ്ട്യാ എന്തുഭേദമാണു വരുവാനുള്ളതെന്നു മനസ്സിലാകുന്നില്ല. ഒന്നുകിൽ രണ്ടും മുഖ്യാൎത്ഥത്തിൽ പ്രയുക്തം. അല്ലെങ്കിൽ രണ്ടും ലാക്ഷണികം. ആദ്യത്തെ ലക്ഷണ സാക്ഷാൽ സംബന്ധം; രണ്ടാമത്തേതു സംബദ്ധസംബന്ധം. ഈ ഭേദം ഉണ്ടെങ്കിലും ആദ്യത്തേതു ലക്ഷണയല്ലെന്നു വരുന്നതു എങ്ങനെ? ഈ അംശം വ്യക്തമായി വിവരിച്ചാൽ മദ്ധ്യസ്ഥന്മാരായ മാദൃശന്മാൎക്കു വാദമുഖം എന്താണെന്നു ധരിക്കാമായിരുന്നു. ശ്രീമാൻ പി. കൃഷ്ണൻനായരാണ് ഈ ഭാഗം വിശദീകരിപ്പാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതു്. പത്രാധിപാപരാധംനിമിത്തം അദ്ദേഹം കൈരളിയെവിട്ടു രംഗം മാററി ലേഖനം അയച്ചിരുന്നില്ലെങ്കിൽ ഈ ലേഖനത്തിന്നും ആ പത്രം തന്നെയാണ് ന്യായമായ പ്രകടനസ്ഥാനം. ശ്രീമാൻ പി. കൃഷ്ണൻനായർ മറുപടി അയപ്പാനുള്ള അവശതയിൽ അകപ്പെട്ടരുതെന്നു വിചാരിച്ചാണ് ഈ ലേഖനം 'ഗുരുനാഥ'നായക്കുന്നതു്. ശേഷം വേണമെങ്കിൽ വഴിയെ.

# ന്യായപ്രകാശിക.

(വിദ്വാൻ, വൈ. നാരായണയ്യർ.)

133. കദളീഫലന്യായം.

വാഴ, കുലച്ചുകഴിഞ്ഞാൽ അതിനു ജന്മസാഫല്യം വരുന്നു; കായുമൂത്തു കന്നുകൾ പിരിച്ചു നട്ടുവാനുള്ള പരുവം വന്നശേഷം ആ വാഴയ്ക്കു് വളൎച്ചയില്ല; മരണമായി. ഇതരജീവികളുടെ ആവശ്യത്തിനുവേണ്ടി അതു കുലയ്ക്കുന്നു, ആ ഉദ്ദേശം നിറവേറിക്കഴിഞ്ഞാൽ മരിക്കുന്നു. പരോപകാരത്തെ ലാക്കാക്കി ജീവിക്കുന്ന കൎമ്മയോഗികളുടെ ആത്മത്യാഗം ഈ ന്യായംപോലെയാകുന്നു. വൃശ്ചികഗൎഭം, അശ്വതരീഗൎഭം, കദളീഫലം—ഈ മൂന്നു ന്യായങ്ങളും ആത്മത്യാഗത്തിനു ദൃഷ്ടാന്തങ്ങളാണെങ്കിലും ആനുപൂൎവ്വികമായ മഹിമാതിശയംകൊണ്ടു മൂന്നിന്നും ഭേദമുണ്ടെന്നു വിശ്ലേഷണം ചെയ്തുനോക്കുമ്പോൾ വെളിവാകും.

134. കംബളനിൎണ്ണേജനന്യായം.

നിൎണ്ണേജനം=അലക്കുവേല. കമ്പിളി പരുപരുത്തതാണ്. അതിനെ നനച്ചു് കാലിന്മേൽ അടിച്ചു അഴുക്കുകളയുന്നുവെന്നിരിക്കട്ടെ. (മു

ണ്ടടിച്ചു നനയ്ക്കുന്നവർ ചിലർ കുത്തിപ്പിഴിയും, ചിലർ കല്ലിന്മേലിട്ടടിക്കും, ചിലർ കാലു കല്ലിന്മേൽവെച്ചു കല്ലിലും കാലിലും മുണ്ടു് ഞൊറിഞ്ഞു വീഴത്തക്കവണ്ണം അടിക്കും. ഒടുവിൽപറഞ്ഞ രീതി ഇവിടെ എടുത്തുകൊള്ളണം) പരുത്ത കമ്പിളി കാലിന്മേലിട്ടടിച്ചോ, കമ്പിളി നനച്ചു കാലുകൊണ്ടു മർദ്ദനംചെയ്തോ അഴുക്കുകളയുമ്പോൾ കമ്പിളിയിലെ അഴുക്കും കാലിലെ അഴുക്കും നീങ്ങുന്നുണ്ടു്. ഒററ പ്രവൃത്തികൊണ്ടു രണ്ടുഫലം ഇവിടെ സിദ്ധിച്ചു. ഏകവൃന്തഫലദ്വയന്യായത്തിലും ഫലം രണ്ടുതന്നെ; എന്നാൽ രണ്ടു ഫലവും കർത്താവു് മുൻകൂട്ടി ഉദ്ദേശിച്ചതുതന്നെയാണു്. പ്രസ്തുതന്യായത്തിലാകട്ടെ ഉദ്ദിഷ്ടഫലത്തിനപുറമേ താനറിയാതെ വേറൊന്നുകൂടി ഭവിക്കുന്നു. സേചനതർപ്പണന്യായം എന്നു മറെറാരു ന്യായമുണ്ടു്. അതിലും രണ്ടുകാര്യമൊന്നിച്ചു സാധിക്കുന്ന ഒററ പ്രവൃത്തിതന്നെ. ഭേദം ആ ന്യായപ്രസംഗത്തിൽ സൂചിപ്പിക്കാം.

135. കപികാപിശന്യായം.

കാപിശം=കപിശവർണ്ണമായ മദ്യവിശേഷം. കുരങ്ങും കള്ളും പോലെ. കുരങ്ങോ നിസർഗ്ഗചപലമായ ജന്തു; അതു കള്ളുംകൂടികുടിച്ചു എന്നിരിക്കട്ടെ; ചാപല്യത്തിനു അളവുണ്ടോ? അനാശാസ്യധർമ്മത്തിനു വളരാൻ വളംവെച്ചുകൊടുക്കുക എന്ന ആശയത്തിൽ ഈ ന്യായത്തെ അനുബന്ധിക്കാം. ഇതു സംബന്ധിച്ചു് ഹൃദയംഗമമായ ഒരു പദ്യം പ്രസിദ്ധമാകുന്നു:—

“മർക്കടസ്യ സുരാപാനം മദ്ധ്യേ വൃശ്ചികദംശനം
തന്മദ്ധ്യേ ഭൂതസഞ്ചാരം യദ്വാ തദ്വാ ഭവിഷ്യതി”

കുരങ്ങു് കള്ളുകുടിച്ചു, അതിനിടയിൽ ഒരു കരിന്തേളുകുത്തി, ആ യവസരംനോക്കി ഒരു അറുകൊലയും ആ ശരീരത്തിൽ ആവേശിച്ചു.

“തീക്കട്ടതേച്ചു പലവാറുതിളച്ച നെയ്യിൽ
നീക്കം വെടിഞ്ഞുടൽ വറുത്തു വെളിക്കുവാങ്ങി
വാക്കത്തികൊണ്ടു വിധി കൊത്തിയരിഞ്ഞു ലക്ഷം
തോക്കങ്ങൊഴിച്ചപടി തോന്നലിൽനിന്നു പാവം.”

ഇതിനു സദൃശമായ സാരാലങ്കാരവിശിഷ്ടമായ ആശയങ്ങളിൽ ഈ ന്യായം പ്രയോഗിക്കാം.

136. കപിചടകന്യായം.

“കുരങ്ങും കുരുവികളും” എന്ന കഥയാണു് ഇതിനുമൂലം.

ഒരു ചാലമരത്തിന്റെ കൊമ്പുകളിൽ നെയ്ത്തുകാരെ അതിശയിക്കുന്ന കലാവൈദഗ്ദ്ധ്യത്തിന്റെ മകുടോദാഹരണങ്ങളായ വിധത്തിലുള്ള കൂട്ടുകൾ പണിതീർത്തു അസംഖ്യം കുരുവികൾ പാർത്തിരുന്നു. ഒരു പെരുവഴിയിൽ ഒരു കുരങ്ങു നനഞ്ഞൊലിച്ചുകൊണ്ടു് ആ മരച്ചുവട്ടിൽ അഭയം പ്രാ

പിച്ചു. ഭ്രാന്തകമ്പിയായ ഒരു കുരുവി, കുരങ്ങിനോട്:— "ഹേ! കപിവര! കേവലം കൊക്കുകൊണ്ടുമാത്രം ഞങ്ങൾ കൂട്ടുകെട്ടി മഴ നനയാതെ പാക്കുന്നവല്ലോ! മനുഷ്യസദൃശനായ അങ്ങേക്കും മനുഷ്യരെപ്പോലെ ഗൃഹങ്ങൾ തീൎത്ത് സസുഖം അധിവസിക്കരുതോ?" എന്നു പറഞ്ഞു. "എടാ! ചെറുപറവേ! നീയോ എന്നെ ഗുണദോഷിക്കാൻ" എന്നു കപി കയൎത്തു; "കൂട്ടുകെട്ടാൻ അറിഞ്ഞുകൂടെങ്കിലും കൂട്ടുപൊളിക്കാനറിയാം" എന്നു പറഞ്ഞു് മരത്തിൽക്കയറി കൂട്ടുകളെല്ലാം വലിച്ചുപറിച്ചുകളഞ്ഞു് കുരുവികളെ വഴിയാധാരമാക്കി. മൂൎഖന്മാരെയും ദുഷ്ടന്മാരെയും ഉപദേശിച്ചാൽ തനിക്കു നാശമാണു ഫലം—ഇത്തരം പ്രകൃതങ്ങളിൽ പ്രകൃതന്യായത്തെ പ്രയോഗിക്കുന്നു.

## 137. കരിബൃംഹതന്യായം.

ബൃംഹിതം എന്നാൽ ആനയുടെ ശബ്ദം എന്നൎത്ഥമാകുന്നു. എങ്കിലും കരിബൃംഹിതം എന്ന പ്രയോഗം തെററല്ല; അൎത്ഥപ്രതീതിക്കു ശീഘ്രതയേ ഉള്ളു. ഒപ്പു്, കൈയൊപ്പു്; മാല, പുഷ്പമാല; തേൻ, പൂന്തേൻ ഇവയിലെ രണ്ടാംപദങ്ങളുടെ പ്രയോഗസാധുത്വം പ്രസ്തുത ന്യായംപോലെയാണ്. ഗോബലീവൎദ്ദം, കരികളഭം എന്നീ ന്യായങ്ങൾ നോക്കുക.

## 138. കാകദധിഘാതന്യായം.

കാക്കയേയും ദധിഘാതകജന്തുക്കളേയും സംബന്ധിച്ച ന്യായം. തിണ്ണയിൽ ഒരു ബാലനിരിക്കുന്നു. അവൻെറ അടുക്കൽ തയിർ കൊണ്ടുവച്ചിട്ടു്, "കുട്ടാ! കാക്കകൊത്താതെ നോക്കിക്കൊള്ളൂ" എന്നു പറഞ്ഞിട്ടു് അമ്മ കൃത്യാന്തരത്തിനായി പോയി. പൂച്ചവന്നു തയിരുകുടിച്ചപ്പോൾ ബാലൻ നോക്കി വെറുതേയിരിക്കുന്നു. തള്ള തിരിയെ വന്നപ്പോൾ പൂച്ച തയിരുകുടിക്കുന്നു, കൊച്ചൻ നോക്കി രസിക്കുന്നു! "എന്തടാ പൂച്ചയെ ഓടിക്കാത്തതു്" എന്നു അമ്മ ശാസിച്ചു. "കാക്ക വന്നില്ലല്ലോ അമ്മേ!" എന്നാണു കുട്ടൻെറ മറുപടി. അമ്മയുടെ ആജ്ഞയിൽ കാക്കയെന്ന വാക്കാണ് ഉപയോഗിച്ചതെങ്കിലും അതിൻെറ ആശയം തയിരിനെ നഷ്ടപ്പെടുത്തുന്ന ജന്തുക്കൾ എന്നാണല്ലൊ! വാക്കിൻെറ വാച്യാൎത്ഥമല്ല, വക്താവിൻെറ ആശയത്തിനനുസരിച്ച അൎത്ഥമാണു ഗ്രഹിക്കേണ്ടതു്. ആമാതിരി സന്ദൎഭങ്ങളിൽ ഈ ന്യായത്തെ പ്രവേശിപ്പിക്കണം.

## 139. കൃത്വാചിന്താന്യായം.

കൃത്വാ=മനസികൃത്വാ=സങ്കല്പിച്ചിട്ടു്. വേദാന്തഗ്രന്ഥങ്ങളിലും മററും സ്വസിദ്ധാന്തങ്ങളെന്നു അഭേദ്യമായവിധം സ്ഥാപിക്കുന്നതിനായി, ഗ്രന്ഥകാരൻതന്നെ സംശയങ്ങളെ അവതരിപ്പിച്ചു് പൂൎവ്വപക്ഷങ്ങൾ എടുത്തിടുകയും, അനന്തരം ഉത്തരപക്ഷിയായിനിന്നു അവയെ യുക്തിയുക്തമായി ബന്ധിക്കയും ചെയ്യാറുണ്ടു്. "പ്രതിപക്ഷി ഇന്നവിധം പറയു

ന്നുവെങ്കിൽ" എന്നിങ്ങനെ ശങ്കകളെ കല്പനചെയ്തു് ആ സന്ദേഹങ്ങളെ നിവൎത്തിക്കുവാൻ ചിന്തചെയ്യുക എന്നാശയം. ദുൎഗ്രഹങ്ങളായ വിഷയങ്ങളെപ്പററി ക്ഷുരകഷമായി ചൎച്ചചെയ്തു സ്വമതം സ്ഥാപിക്കേണ്ടിവരുമ്പോൾ "കൃതചിന്തനം" ആവശ്യപ്പെട്ടും.

## 140. കൂപഖനകന്യായം.

കിണററിനേയും കിണറു കുഴിക്കുന്നവനേയും സംബന്ധിച്ചന്യായം. കിണറു കുഴിക്കുമ്പോൾ മണ്ണും ചെളിയും പുരണ്ടു് ഉടുതുണിയും ഉടലും മലിനമായിപ്പോകുന്നു; എങ്കിലും മുഴുവൻ കുഴിച്ചുകഴിഞ്ഞാൽ കിട്ടുന്ന ജലംകൊണ്ടു് അതു മുഴുവൻ കഴുകിക്കളഞ്ഞു് അവൻ ശുദ്ധനായിത്തീരുന്നു. വിഗ്രഹാരാധനകൊണ്ടുള്ള ദോഷം തജ്ജന്യമായ അദ്വൈതബോധത്താൽ നീങ്ങുന്നുവെന്നു്, ഈ ന്യായം ഉദാഹരിച്ചു് ആചാൎയ്യന്മാർ സ്ഥാപിക്കുന്നു.

## 141. ഗന്ധൎവ്വനഗരന്യായം.

ആകാശത്തിൽ വിവിധവൎണ്ണങ്ങളിലുള്ള മേഘപടലങ്ങൾ ഒന്നുചേൎന്നു നില്ക്കുന്നതു കാണുമ്പോൾ, ഒരു മനോഹരമായ നഗരത്തിന്റേയും, ഉന്നതങ്ങളായ സുവൎണ്ണസ്തൂപികകളുടേയും ആകൃതി ചിലയവസരങ്ങളിൽ തോന്നാറുണ്ടു്. എന്നാൽ അവ വാസ്തവനഗരങ്ങളോ ഹൎമ്മ്യങ്ങളോ അല്ല. ദൂരദൃഷ്ടിക്കു് അങ്ങനെ തോന്നിക്കുന്നുവെന്നുമാത്രം. ഇതിനെ ഗന്ധൎവ്വനഗരമെന്നു പറയുന്നു. ഗന്ധൎവ്വപഥത്തിൽ അഥവാ "സുരസിദ്ധാദിമഹാസുകൃതസരണിയിൽ" സ്ഥിതിചെയ്യുന്നതായി തോന്നുന്നതുകൊണ്ടു് അതു ഗന്ധൎവ്വന്മാരുടെ മോഹനമായ നഗരമാണോ എന്നു ശങ്കിക്കാം. ഒന്നുമില്ലാത്തതിൽ വല്ലതും ഉണ്ടെന്നുള്ള കേവലമായ പ്രതീതിയെ പ്രസ്തുത ന്യായംകൊണ്ടു വ്യവഹരിക്കുന്നു.

## 142. ചക്രഭ്രമണന്യായം.

ചക്രം കറക്കിവിടുന്നവൻ തന്റെ കറക്കു നിറുത്തിയാലും പിന്നെയും കുറെനേരംകൂടി കറങ്ങിയശേഷമേ ചക്രത്തിന്റെ കറക്കം നില്ക്കുന്നുള്ളു. ഒരു ദേഹിക്കു് ജ്ഞാനം സിദ്ധിച്ചുകഴിയുന്ന മാത്രയിൽ മോക്ഷം കിട്ടുന്നില്ല; പ്രാരബ്ധകൎമ്മങ്ങൾ ഒടുങ്ങിയതിൽപിന്നീടേ മുക്തി സിദ്ധിക്കുന്നുള്ളു. അതു് പ്രസ്തുതന്യായംപോലെയാണത്രെ!

ലൗകികമായ മറെറാരു ഉദാഹരണം പറയാം. വ്യാഘ്രം തന്റെ നേൎക്കു പാഞ്ഞുവരുന്നതായി ഒരുവൻ സ്വപ്നം കാണുന്നു; ഭയപ്പെടുന്നു; ഭയംകൊണ്ടു് നെഞ്ചിടിക്കുന്നു. ഉടൻതന്നെ സ്വപ്നം നീങ്ങി കണ്ണുതുറക്കുന്നു;

താൻ ബന്ധുജനങ്ങളുടെ മദ്ധ്യെ ഗൃഹാന്തർഭാഗത്തിൽ സ്ഥിതിചെയ്യുന്നുവെന്ന് അവനു സമ്പൂർണ്ണവിശ്വാസം വരുന്നു; എങ്കിലും നെഞ്ഞിടിപ്പു തീരുന്നില്ല; സ്വപ്നത്തിൽ തുടങ്ങിയ നെഞ്ഞിടിപ്പു ജാഗ്രദവസ്ഥവന്നശേഷവും അല്പംകൂടി നീണ്ടുനില്ക്കുന്നു. ഇതു് ചക്രഭ്രമണന്യായംപോലെയാകുന്നു.

### 143. ചിത്രാംഗനാന്യായം.

ചിത്രത്തിലുള്ള സ്ത്രീ വിവാഹത്തിനു കൊള്ളുകയില്ല. അതു് വാസ്തവസ്വരൂപത്തിന്റെ ഒരു പ്രതിഭാസം മാത്രമാകുന്നു. "ഏട്ടിലെ ചുരക്കായ് കറിക്കു് ആകുകയില്ല." "ഓലയിൽ ശക്കരയെന്നെഴുതി നക്കിയാൽ മധുരിക്കയില്ല." ഈ ചൊല്ലുകളെല്ലാം ചിത്രാംഗനാന്യായംപോലെയാണു്.

# പ്രഫസർ മാക്സ്മുള്ളർ.

(ടി. സുധാകരൻ)

സംസ്കൃതഭാഷാഭിജ്ഞന്മാരുടെ ഇടയിൽ സുഗ്രഹീതനാമാവായ പ്രഫസർ ഫ്രഡറിക്ക് മാക്സ് മുള്ളർ 1823—ൽ പ്രഷ്യയിൽ ഡെസ്സ് എന്ന സ്ഥലത്തു ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായിരുന്ന വില്യംമുള്ളർ ഒരു നല്ല കവിയും അദ്ധ്യാപകനും ഗ്രന്ഥശാലാധിപനുമായിരുന്നു. അദ്ദേഹത്തിന്റെ കവിതകൾ ജർമ്മനിയൊട്ടാകെ സുപ്രസിദ്ധങ്ങളാകുന്നു. മാക്സ്മുള്ളരുടെ മാതാവു ഡെസ്സവിലെ പ്രധാന മന്ത്രിയായിരുന്ന വോൻബാസഡ്യൂവിന്റെ പുത്രിയായിരുന്നു. ഇങ്ങിനെ ഒരു ഉൽകൃഷ്ടകുഡുംബത്തിലെ അംഗമായിട്ടാണു മാക്സ്മുള്ളർ ജനിച്ചതു്.

മാക്സ്മുള്ളൎക്കു കഷ്ടിച്ചു നാലുവയസ്സു പ്രായമായപ്പോൾ അദ്ദേഹത്തിന്റെ പിതാവു പരലോകംപ്രാപിച്ചു. അനന്തരം അദ്ദേഹത്തേയും സഹോദരിയേയും വളൎത്തിക്കൊണ്ടുപോന്നതു മാതാവുതന്നെയായിരുന്നു. 1829 മുതൽ 1835 വരെ മാക്സ്മുള്ളർ ഡെസ്സവിലെ ഹൈസ്കൂളിൽ പഠിച്ചു. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വളരെ മോശമായിരുന്നതിനാൽ തലവേദനയുടെ ഉപദ്രവം ഇടയ്ക്കിടയ്ക്കുണ്ടായിരുന്നു. എങ്കിലും അദ്ദേഹം തന്റെ ശ്രദ്ധയെമുഴവൻ വിദ്യാഭ്യാസവിഷയങ്ങളിൽ അൎപ്പിച്ചു. ബാല്യകാലത്തിൽതന്നെ അദ്ദേഹം ചെറിയ കവിതകൾ രചിക്കാറുണ്ടായിരുന്നു.

1836-ൽ തന്റെ പതിമ്മൂന്നാമത്തെവയസ്സിൽ മാക്സ്മുള്ളർ വിദ്യാഭ്യാസാർത്ഥം ലീപ്പ്സിഗ്ഗിലേയ്ക്കു പോയി. അവിടെവെച്ച് അദ്ദേഹത്തിന്നു ലാററിൻഭാഷയിൽ നല്ല ജ്ഞാനം സിദ്ധിച്ചു. പ്രകൃതിയിൽനിന്നു ജ്ഞാനത്തെ സമ്പാദിക്കുവാൻ അദ്ദേഹം ഇടയ്ക്കിടയ്ക്കു സ്വിററ്സർലൻഡിൽ പോകാറുണ്ടായിരുന്നു.

1841-ൽ ആണ്ടുതോറും ആറു പവൻവീതമുള്ള ഒരു സ്കോളർഷിപ്പോടുകൂടി അദ്ദേഹം ലീപ്പ്സിഗ്ഗ് സർവ്വകലാശാലയിൽ പ്രവേശിച്ചു. ഇക്കാലത്തുതന്നെ സുപ്രസിദ്ധനായിരുന്ന പ്രഫസർ ഹെർമാൻ ബ്രൊക്ക്ഹാസുമായി പരിചയപ്പെട്ടവാൻ അദ്ദേഹത്തിന്നു സൌകര്യംലഭിച്ചു. മാക്സ്മുള്ളർ ആദ്യമായി സംസ്കൃതഭാഷയെക്കുറിച്ചു മനസ്സിലാക്കിയതു് ഈ പണ്ഡിതനിൽനിന്നായിരുന്നു. തൽഫലമായി അദ്ദേഹം തന്റെ സകലശക്തികളേയും സംസ്കൃതഭാഷാപഠനത്തിനായി വിനിയോഗിച്ചു.

1844-ൽ മാക്സ്മുള്ളർ ബെർലിനിൽപോയി സംസ്കൃതംപഠിക്കുവാൻ തുടങ്ങി. ധനദൌർല്ലഭ്യംമൂലം അദ്ദേഹത്തിന്നു പല കഷ്ടതകളും അനുഭവിക്കേണ്ടിവന്നു. ബെർലിനിൽവെച്ച് രണ്ടു മഹാപണ്ഡിതന്മാരുമായി പരിചയപ്പെട്ടവാൻ അദ്ദേഹത്തിന്നു സാധിച്ചു. ഇവർ പ്രഫസർ ഫ്രാൻസ്ബോപ്പും പ്രഫസർ ഷെല്ലിങ്ങും ആയിരുന്നു. ഇവരുടെ സഹായം മാക്സ്മുള്ളരുടെ സംസ്കൃതപഠനത്തിന്നു വളരെ ഉപയുക്തമായിത്തീൎന്നു.

1845-ൽ കൂടുതൽ സംസ്കൃതപഠനത്തിന്നായി മാക്സ്മുള്ളർ പാരീസിലേയ്ക്കുപോയി. അവിടെ അദ്ദേഹം പ്രഫസർ ഫ്രാൻസോയ് ബർനോഫിന്റെ ശിഷ്യനായിത്തീൎന്നു. പാരീസിൽവെച്ച് അദ്ദേഹം ഫ്റെഞ്ച്, ഇംഗ്ലീഷ്, സെൻഡ്, ബങ്കാളി, പേർഷ്യൻ എന്നീഭാഷകളും പഠിച്ചു.

പാരീസിൽവെച്ചു മാക്സ്മുള്ളർ സായനാചാൎയ്യരുടെ വ്യാഖ്യാനത്തോടുകൂടിയ ഋഗ്വേദത്തെ പ്രസിദ്ധപ്പെടുത്തുവാൻ ശ്രമിച്ചുതുടങ്ങി. പ്രഫസർ ഹോറസ്ഹെയ്മാൻ വിൽസണും ബാരൺവോൺ ക്രിസ്ത്യൻ ചാറത്സ്ബുൺസണും ഈ വിഷയത്തിൽ അദ്ദേഹത്തെ വളരെസഹായിച്ചു. ഹീബ്രു, അറബിക്ക്, നോർസ്, പേർഷ്യൻ എന്നീ നാലു ഭാഷകളിലും ബുൺസണു നല്ല ജ്ഞാനമുണ്ടായിരുന്നതിനാൽ, അദ്ദേഹവുമായിട്ടുള്ള പരിചയം മാക്സ്മുള്ളൎക്കു വളരെ സഹായകമായിത്തീൎന്നു. അദ്ദേഹം മാക്സ്മുള്ളറെ വിക്ടോറിയരാജ്ഞിയ്ക്കു പരിചയപ്പെടുത്തിക്കൊടുത്തു.

1848 മേമാസത്തിൽ മാക്സ്മുള്ളർ ഓക്സ് ഫോർഡ് സർവ്വകലാശാലയിൽ ചെന്നുചേൎന്നു. അൻപതുവൎഷകാലത്തോളം സംസ്കൃതഭാഷാഭിവൃദ്ധിയ്ക്കുവേണ്ടി പരിശ്രമിച്ചുകൊണ്ടു് അദ്ദേഹം അവിടെ താമ

സിച്ചു. 1851-ൽ അദ്ദേഹത്തിന്നു ഓക്സ്ഫോർഡിലെ എം. ഏ. ബിരുദ് കിട്ടി. കാലതാമസമെന്ന്യേ, അദ്ദേഹം അവിടത്തെ ഭാഷാസാഹിത്യപ്രഫസറായി.

ഇംഗ്ലണ്ടിലും അമ്മേരിക്കയിലും ജമ്മനിയിലുമുള്ള പല മാസികകളിലെയ്ക്കും മാക്സ്മുള്ളർ സാഹിത്യസംബന്ധമായ ലേഖനങ്ങളയച്ചിട്ടുണ്ട്. 1859-ൽ അദ്ദേഹം സംസ്കൃതസാഹിത്യചരിത്രമെന്നൊരു പുസ്തകം പ്രസിദ്ധപ്പെടുത്തി.

ചാറത്സ്കിങ്സ്ലിയുടേയും എഫ്. ഏ. ഫ്റൌഡിൻേറയും ഭാൎയ്യമാരുടെ സഹോദരിയായിരുന്ന ജോർജിയാന അഡെലെയ്ഡ്ഗ്രെൻഫെൽഡ് എന്ന യുവതിയെ മാക്സ്മുള്ളർ വിവാഹം ചെയ്തു. വിക്ടോറിയാമഹാരാജ്ഞിയ്ക്കു മാക്സ്മുള്ളറെ വലിയ ബഹുമാനമായിരുന്നു. രാജ്ഞി പലപ്പോഴും അദ്ദേഹത്തെ കൊട്ടാരത്തിലേക്കു ക്ഷണിക്കാറുണ്ടായിരുന്നു. താഴെചേൎക്കുന്ന പദ്യം രാജ്ഞിയുടെ ആവശ്യപ്രകാരം മാക്സ്മുള്ളർ നിൎമ്മിച്ചതാകുന്നു.

രാജ്ഞീപ്രസാദനീ ലോകപ്രാണാദിനീ
പാഹീശ്വര
ലക്ഷ്മോനീ പ്രഭാസിനീ ശത്രുപ്രഹാസിനീ
പാഹീശ്വര
ഏഹി അസ്മദീശ്വര ശത്രൂൻപ്രതിസ്സിര
ഉദ്ധിദ്ധിതാൻ തച്ഛദ്മനാശയ
മായാശ്ച പാശയ പാഹ്യസ്മദാശ്രയ
സൎവ്വാൻജനാൻ
ത്വദ്രത്നഭൂഷിതാം രാജ്യേ ചിരോഷിതാം
പാഹീശ്വര
രാജ്യപ്രപാലിനീം സദ്ധൎമ്മശാലിനീം
താം സ്തോത്രമാലിനീം
പാഹീശ്വര

1886-ൽ ആൽബെർട്ട്ഹാളിൽവച്ചു കൊളോണിയൽ ആൻഡ് ഇന്ത്യൻ എക്സിബിഷൻ ഉൽഘാടനംചെയ്ത അവസരത്തിൽ ഈ ഗീതമാണത്രെ ചൊല്ലിയത്.

1865-നും 1874-നുംമദ്ധ്യെയുള്ള കാലത്തു മാക്സ്മുള്ളർ സാഹിത്യപ്രോത്സാഹനത്തിന്നായി വളരെ യത്നിച്ചിട്ടുണ്ട്. അദ്ദേഹം ഒരു സംസ്കൃതവ്യാകരണം പ്രസിദ്ധപ്പെടുത്തി. കേശവചന്ദ്രസേനനും ബീറാംജി മലബാറിയുമായി അദ്ദേഹം സാരഗൎഭങ്ങളായ പല എഴുത്തുകുത്തുകളും നടത്തീട്ടുണ്ട്.

1875-ൽ മാക്സ്മുള്ളർ തൻെറ ഉദ്യോഗം രാജിവച്ച ജൎമ്മനിയിലേക്കു പോകുവാൻ നിശ്ചയിച്ചു. എന്നാൽ ഓക്സ്ഫോർഡ്സവ്കലാശാലക്കാരുടെ നിരന്തരമായ അപേക്ഷകൾമൂലം അദ്ദേഹത്തിന്നു കീഴടങ്ങേണ്ടതായിത്തന്നെയാണു വന്നതു്. നാല്പത്തെട്ടു പുസ്തകങ്ങളിലായി അദ്ദേഹം പൌരസ്ത്യമതതത്വങ്ങളെ പാശ്ചാത്യർക്കു വെളിപ്പെടുത്തിക്കൊടുത്തു. 1888-ൽ മതത്തിൻെറ ഉത്ഭവത്തെക്കുറിച്ചും വളൎച്ചയെക്കുറിച്ചും അദ്ദേഹം ചെയ്ത പ്രസംഗങ്ങൾ സുപ്രസിദ്ധങ്ങളാകുന്നു. ഈ പ്രസംഗങ്ങളെ ഗുജറാത്തി, മറാത്തി, തമിഴ്, ബങ്കാളി, സംസ്കൃതം, ഹിന്ദി മുതലായ ഭാഷകളിലെല്ലാം തർജ്ജിമ ചെയ്തിട്ടുണ്ട്.

അനന്തരം മാക്സ്മുള്ളരുടെ നാമം ഇന്ത്യയിലെ പണ്ഡിതന്മാരുടെ ഇടയിലെല്ലാം പരന്നു. വിജയനഗരം രാജാ അദ്ദേഹത്തിന്നു പല സഹായങ്ങളും ചെയ്തുകൊടുത്തു.

മാക്സ്മുള്ളരുടെ ഒടുവിലത്തെ കൃതി ഒരു സ്വജീവചരിത്രമാകുന്നു. "ഓൾഡ്ലോങ്ങ്സൈൻ" എന്നു പേരായ അതു പ്രസിദ്ധപ്പെടുത്തിയതു് 1899-ലായിരുന്നു. 1900 ഒക്ടോബർ 27-ാംതീയതി തൻെറ എഴുപത്തിഏഴാമത്തെവയസ്സിൽ മാക്സ്മുള്ളർ പരലോകംപ്രാപിച്ചു. അദ്ദേഹത്തിൻെറ ശവസംസ്കാരം നടത്തിയതു് ഓക്സ്ഫോർഡിൽ ഹോളിവെൽ എന്ന സ്ഥലത്തായിരുന്നു. വിക്ടോറിയ മഹാരാജ്ഞിയും ജൎമ്മൻചക്രവൎത്തിയും ശവസംസ്കാരത്തിന്ന് ഹാജരുണ്ടായിരുന്നു.

തൻെറ ആരാധ്യരാജ്യമായിരുന്ന ഇന്ത്യയെ സന്ദർശിക്കുവാൻ മാക്സ്മുള്ളൎക്കു സാധിച്ചിട്ടില്ല. ഇതു വിധിവിഹിതമെന്നേ പറയാനുള്ളു. ഇന്ത്യയെക്കുറിച്ചും ഹിന്ദുമതത്തെക്കുറിച്ചും സംസ്കൃതഭാഷയെക്കുറിച്ചും മാക്സ്മുള്ളൎക്കുണ്ടായിരുന്ന ബഹുമാനത്തിന്നു കൈയ്യും കണക്കുമില്ല. സംസ്കാരത്തിൻെറ പുരോഗതിയിൽ ഇന്ത്യയ്ക്കുള്ള യഥാൎത്ഥസ്ഥാനത്തെ ലോകത്തിന്നു മനസ്സിലാക്കിക്കൊടുത്തതു് അദ്ദേഹമാകുന്നു. അതിനാൽ ഇന്ത്യാക്കാരായ നാമെല്ലാവരും അദ്ദേഹത്തിനോട് എന്നന്നേയ്ക്കും കടപ്പെട്ടവരാകുന്നു.

# കുറിപ്പുകൾ.

## പ്രകൃതിയുടെ ദിവ്യസഖ്യം.

പ്രകൃതിയുടെ സാഹചര്യംകൊണ്ടു മനുഷ്യവർഗ്ഗത്തിന്റെ പല വ്രണങ്ങളും ശമിപ്പിക്കാൻ സാധിക്കുമെന്നു കവികളും തത്വജ്ഞാനികളും പണ്ടേതന്നെ പാടിയിട്ടുണ്ട്. നമുക്കിന്നുള്ള പല വൈഷമ്യങ്ങളും അതുമായിട്ടുള്ള അസഖ്യം നിമിത്തമാണെന്നും അവർ പറയുന്നു. ഇക്കാലത്തു നമുക്കു നമ്മുടെ മാതാവായ ഭൂമിയെക്കുറിച്ചു പ്രത്യക്ഷജ്ഞാനം ഇല്ല. ഉള്ളതു രണ്ടാം കൈവശംവഴിക്കു മാത്രമാണ്. നമ്മൾ പുസ്തകങ്ങളിലും പത്രങ്ങളിലുംനിന്നു വല്ലതും ഗ്രഹിക്കുന്നുണ്ടാവാം. നാം ഭൂമിയുമായിട്ട് അല്പം അടുത്തു പരിചയിക്കയാണെങ്കിൽ നാം അതിനെ കുറച്ചുകൂടി ഭക്തിപൂർവ്വം വിശ്വസിക്കയും സ്നേഹിക്കയും ചെയ്യുന്നെങ്കിൽ പക്ഷെ നമുക്ക് ഇത്രയും ആപല്ക്കുഴികളും വഴിയുണ്ടാവുകയില്ലായിരുന്നു. നാസ്തികത്വം നഗരത്തിലെ ഉല്പന്നമാണ്; നാട്ടിലേതല്ല. ഗ്രാമവാസിക്കു ജീവിതത്തെപ്പറ്റി വലിയ ബഹുമാനമുണ്ട്. അയാൾ താൻ അധീനനായിരിക്കുന്ന ശക്തികളുടെ സാന്നിദ്ധ്യത്തിൽ വിനയാനതനായി ഭവിക്കുന്നു. അതുകൊണ്ട് അയാൾ ബുദ്ധിവൈഭവത്തിൽ അനുദ്ധതനും വികാരങ്ങളിൽ നിർമ്മത്സരനും ആണ്.

അവിശ്വാസം പരീക്ഷണശാലയുടെ സന്താനമാണ്. അവിടെ പ്രകൃതിയെ നാം അതിന്റെ മൃതരൂപത്തിലാണു കാണുന്നതു്. അവിടെ അതിനെ ഖണ്ഡശഃഛേദിക്കയും അപഗ്രഥനം ചെയ്കയും കുപ്പിയിലാക്കി അടയ്ക്കുകയും ചെയ്യുന്നു. പ്രകൃതിയുമായി അടുത്തു പെരുമാറാത്തതുകൊണ്ട് നഗരവാസികൾ അതിന്റെ നിഗൂഢരഹസ്യങ്ങളേയൊ ഭാവഭേദങ്ങളേയൊ ഗ്രഹിക്കയൊ അതിന്റെ സൃഷ്ടിശക്തിയുടെ ശാന്തവും ദീർഘവും മന്ദപ്രവൃദ്ധവും ആയ പ്രവാഹത്തിന്റെ ആകർഷണത്തിൽ ഉൾപ്പെടുകയൊ ചെയ്യുന്നില്ല. ഗ്രാമവാസികൾക്കു ജീവിക്കണമെങ്കിൽ പ്രകൃതിയുടെ ഭൗതികശക്തികളെ പൂർണ്ണമായി വിശ്വസിക്കണമെന്നു നല്ലതുപോലെ അറിയാം. ഇപ്രകാരം ഈ ശക്തികളുടെ ഒരംശം അയാളുടെ ആത്മാവിൽ പ്രവേശിച്ച് അയാളെ ശുദ്ധിചെയ്ത് അഹങ്കാരവും ഗർവ്വവും നശിപ്പിക്കയും ചിലപ്പോൾ അയാളെ ലൗകികശക്തിബോധം കൊണ്ട് ഉൽകൃഷ്ടചിത്തനാക്കുകയും ചെയ്യുന്നു.

ഒരു ഉന്മിഷിതമായ ആത്മാവിനും ഉണർച്ചയുള്ള മനസ്സിനും ലോകത്തിന്റെ അനിർവ്വചനീയമായ വൈശിഷ്ട്യത്തേയും നിഗൂഢചൈതന്യ

ത്തേയും ഗ്രഹിക്കാതെ അതിന്റെ സൗന്ദര്യത്തേയും മാഹാത്മ്യത്തേയും കുറിച്ചു ചിന്തിക്കാൻ നിവൃത്തിയില്ല. ഒരു ചിന്താശീലനായ മനുഷ്യനു പ്രകൃതി എന്നതു ചൈതന്യയുക്തമായ അതീതപ്രകൃതി തന്നെയാണ്. പ്രപഞ്ചം എന്നതു സങ്കുചിതമായ നിത്യതത്വമാണ്. അപരിമിതമായ വസ്തുവിനെ പരിമിതമായ മനസ്സിനു ഗോചരമാക്കുകയാണ്. ഒരു മഞ്ഞുതുള്ളിക്കു സൂര്യനെ പ്രതിഫലിപ്പിപ്പാൻ ശക്തിയുള്ളതുപോലെ തന്നെ നിത്യചൈതന്യത്തെ മനുഷ്യന്റെ പ്രേമഭക്ത്യത്ഭുതകലിതമായ മനസ്സിനു പ്രതിബിംബിപ്പിക്കുവാൻ സാധിക്കും.

ഈ ഉൽകൃഷ്ടമായ അർത്ഥത്തിലാണു മനുഷ്യൻ ഈശ്വരന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ലോകം സ്രഷ്ടാവിന്റെ വിഹാരസ്ഥലവും പ്രവർത്തിരംഗവുമായിട്ടു—മനുഷ്യന്റെ അജ്ഞാനശമനത്തിന്നായിട്ടു—നിർമ്മിക്കപ്പെട്ടിരിക്കുന്നു. താൻ അധിവസിക്കുന്ന ലോകത്തിന്റെ രഹസ്യങ്ങളുടെ നിരന്തരമായ അനാവരണംകൊണ്ടു മനുഷ്യൻ പ്രതിക്ഷണം ആത്മാഭിവൃദ്ധിയെ പ്രാപിക്കയും തന്റെ ഭാവിയേയും മഹിമയേയും കുറിച്ചു പൂർണ്ണജ്ഞാനം സമ്പാദിക്കയും ചെയ്യുന്നു. ഈ നിലയിൽ വീക്ഷിക്കുന്നതായാൽ ലോകം ഇതിവൃത്തത്തിലും ഉദ്ദേശ്യത്തിലും ദൈവീകവും നടനവിഷയത്തിൽ മാനുഷീകവുമായ അദ്ധ്യാത്മനാടകത്തിന്റെ രംഗവിധാനമാണ്.

## പാഠ്യപുസ്തകനിർണ്ണയം.

പാഠ്യപുസ്തകക്കുഴപ്പം തിരുവിതാംകൂറിൽ മാത്രമല്ല, മററു ദിക്കുകളിലും ഉണ്ടെന്നാണു കാണുന്നതു്. ഇതു പലയിടത്തും ഒരപരിഹാര്യമായ ദോഷമായി തീർന്നിട്ടുണ്ടെന്നുള്ളതിനു തെളിവു് ആവശ്യമില്ല. എഡ്യുക്കേഷനൽ റവ്യൂ എന്ന മാസിക ഇങ്ങനെ പറയുന്നു.

പാഠ്യപുസ്തകങ്ങളെ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ചു പല ദിക്കിലും ജനങ്ങൾക്കു വലിയ അതൃപ്തിയുണ്ടെന്നുള്ളതു് ഒരു പരസ്യമായ കാര്യമാണ്. ഈയിടെ പഞ്ചാബിൽ ഈ കുഴപ്പം മൂർദ്ധന്യതയെ പ്രാപിച്ചതായി കാണുന്നു. ഇവിടെ ഇവയെ സംബന്ധിച്ചു ശുപാർശകളും സേവപിടിത്തവും അതിക്രമിച്ചതിനാൽ ഗവൺമെന്റിൽനിന്നും ഒരു വിചാരണക്കമ്മെററിയെ ഏർപ്പെടുത്തുകയും ആ കമ്മററി ചില നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ പാഠ്യപുസ്തകക്കമ്മെററിക്കു പകരം മന്ത്രിമാർ നിശ്ചയിക്കുന്ന ഇരുപത്തേഴുപേരടങ്ങിയ ഒരു ഉപദേഷ്ടൃസംഘത്തെ ഏർപ്പെടുത്തണമെന്നും ആ സംഘം സർവ്വഥാ മന്ത്രിസഭയുടെ ആജ്ഞയ്ക്കു വശംവദരായിരിക്കണമെന്നും തീരുമാനിച്ചിട്ടുണ്ടു്. പുസ്തകങ്ങളുടെ വില കുറയ്ക്കണമെന്നും അതു യോഗ്യതയുള്ള കമ്മററിയെ ചുമതലപ്പെടുത്തണമെന്നും അ

ഭിപ്രായപ്പെട്ടിട്ടുണ്ട്. ഓരോ ക്ലാസിലൊ ഓരോ വകുപ്പിലൊ (പ്രാഥമികമൊ മദ്ധ്യമമൊ) ഐച്ഛികമായി അഞ്ചു പുസ്തകങ്ങളിൽ കൂടുതൽ പാടില്ലെന്നും അവയെ പരിശോധിക്കുന്നതിനു വിദ്യാഭ്യാസമേലദ്ധ്യക്ഷൻ ഏർപ്പാടു ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. ഇതിലേക്ക് ഒരുകൂട്ടം യോഗ്യന്മാരായ രഹസ്യവിമർശകന്മാരെ മേലദ്ധ്യക്ഷൻ സ്വാധീനത്തിൽ വയ്ക്കേണ്ടതാണ്. ഇവരുടെ പരിശോധനാഫലം ഉപദേശസംഘത്തിലേക്കു ഡയറക്ടർ സമർപ്പിക്കേണ്ടതാണ്. സ്വീകരിക്കപ്പെട്ട ഐച്ഛികപുസ്തകങ്ങൾ 1937—38 ഈ ആണ്ടുകളിൽ ആരംഭംമുതല്ക്കു് ഉപയോഗപ്പെടുത്തണമെന്നു കമ്മററി ശുപാർശ ചെയ്യുന്നു. പാഠ്യപുസ്തകങ്ങളുടെ പരിശോധനയും അംഗീകരണവും അഞ്ചുകൊല്ലത്തിലൊരിക്കൽ വേണ്ടതാണ്. അപ്പോൾ മുമ്പംഗീകരിക്കപ്പെട്ട പുസ്തകങ്ങളും വീണ്ടും അംഗീകരണത്തിനായി സമർപ്പിക്കപ്പെടേണ്ടതുമാണ്. ഈ ശുപാർശകളെ മററു സംസ്ഥാനങ്ങളും സവിസ്തരം പര്യാലോചിക്കണം. എന്തുകൊണ്ടെന്നാൽ അസംഖ്യം വിദ്യാർത്ഥികളുടേയും രക്ഷാകർത്താക്കന്മാരുടേയും താല്പര്യത്തെ ബാധിക്കുന്ന ഈ വിഷയത്തിൽ എത്രതന്നെ ശ്രദ്ധയും ജാഗരൂകതയും അവലംബിച്ചാലും അധികമായി പോകുന്നതല്ല.

ഈ ഏർപ്പാട് എത്രമാത്രം കാര്യക്ഷമമായിരിക്കുമെന്നു കണ്ടുതന്നെ വേണം അറിയാൻ. തിരുവിതാംകൂറിലും ഏതാണ്ടീവിധമുള്ള ഏർപ്പാടുണ്ടെന്നാണു തോന്നുന്നതു്. എന്നാൽ വലിയ ഫലമുണ്ടെന്നു പറവാൻ കാലമായിട്ടില്ല. ഇങ്ങനെയുള്ള കമ്മററികളേയും ഉപദേഷ്ടസംഘത്തേയും ഏർപ്പെടുത്തിയാൽ മാത്രം പോരാ അവയിലെ അംഗങ്ങൾ സ്വാർത്ഥതയോടും, നീതിയോടും, കൃത്യബോധത്തോടുംകൂടി വേല ചെയ്യുന്നവരായിരിക്കണം. എന്നാൽ വല്ല ഫലവും ഉണ്ടായേക്കാമെന്നു തോന്നുന്നു. അല്ലെങ്കിൽ വിദ്യാർത്ഥികളും അവരുടെ രക്ഷാകർത്താക്കന്മാരും കടലിൽ തന്നെ. പാഠ്യപുസ്തകങ്ങളെ എഴുതുന്നതിൽ എത്രമാത്രം അശ്രദ്ധയുണ്ടോ അത്രമാത്രം അശ്രദ്ധ അവയെ നിശ്ചയിക്കുന്നതിലും ഉണ്ടെന്നു പറയപ്പെട്ടിരിക്കുന്നു. പ്രയാസംകൂടാതെ എഴുതുന്ന പുസ്തകങ്ങൾ അഥവാ യാതൊരു ചിന്താശക്തി ഉപയോഗപ്പെടുത്താതെ രചിക്കുന്ന പുസ്തകങ്ങൾ വിദ്യാർത്ഥികളെ രസിപ്പിക്കുന്നതിനൊ, അവരുടെ ചിന്തയെ ഉദ്ദീപിപ്പിക്കുന്നതിനൊ, അവരുടെ ജ്ഞാനത്തെ വദ്ധിപ്പിക്കുന്നതിനൊ ഉപയോഗപ്പെടുന്നതല്ല. ഇങ്ങനെയുള്ള പല പുസ്തകങ്ങളും പാഠ്യപുസ്തകങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നതായി കാണപ്പെടുന്നുണ്ട്. വിദ്യാർത്ഥികളുടെ ഭാഷയെ സംസ്കരിക്കുക, അവരുടെ ജ്ഞാനത്തെ വദ്ധിപ്പിക്കുക, അവരുടെ ചിന്തയെ ഉത്തേജിപ്പിക്കുക, അവൎക്ക് ഉത്തമാദർശങ്ങൾ നൽകുക, മനസ്സിനെ സന്തോഷിപ്പിക്കുക, അവരിൽ കൃത്യാകൃത്യബോധത്തെ അങ്കുരിപ്പിക്കുക മുതലായ കൃത്യങ്ങൾ നിവ്വഹി

പ്പാൻ പര്യാപ്തമല്ലാത്ത പുസ്തകങ്ങൾ അവരുടെ കൈകളിൽ കൊടുക്കുന്നതിനു മുമ്പു നാം രണ്ടുതവണ ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിനൊന്നിനും ഉപയോഗപ്പെടാത്ത പുസ്തകങ്ങളെ കമ്മിററിക്കയക്കാതിരിപ്പാൻ വല്ല ഏർപ്പാടും ഉണ്ടായിരുന്നാൽകൊള്ളാം. ഏതായാലും ഈ വിഷയത്തിൽ അധികാരികൾ കൂടുതൽ ശ്രദ്ധ പതിപ്പിച്ചാൽ കൊള്ളാമെന്നു തോന്നുന്നു.

## വിദ്യാഭ്യാസവും ജീവിതവും.

സർവതോമുഖമായ വിദ്യാഭ്യാസപുരോഗമനപ്രസ്ഥാനം നമ്മുടെ സാമുദായികവും സാമ്പത്തികവുമായ കാര്യങ്ങളിൽ സമൂലമാററം വരുത്തുന്നതിനുള്ള പ്രസ്ഥാനത്തോടു യോജിച്ചിരിക്കണം. നമ്മുടെ വിദ്യാഭ്യാസപ്രസ്ഥാനത്തിൻെറ പിന്നിൽ ഒരു സുനിശ്ചിതമായ സാമുദായികോദ്ദേശ്യം ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ അതിനെ കൂടാതെ പ്രയോജനമൊ വിലയൊ ഉള്ള കാര്യങ്ങൾ ഒന്നും സാധിക്കാൻ കഴികയില്ല. നമ്മുടെ വിദ്യാഭ്യാസപ്രവർത്തകന്മാർ പലപ്പോഴും വിദ്യാഭ്യാസവൃത്തിയുടെ ചില വശങ്ങളിൽ പ്രത്യേകം പാണ്ഡിത്യം സമ്പാദിക്കാറുണ്ട്. ഇതു നോക്കുമ്പോൾ ഒരു നല്ല കാര്യമാണ്. എന്നാൽ അവരുടെ വ്യാപാരപരിധി അവശ്യമായും ചുരുങ്ങിയിരിക്കാനെ തരമുള്ളു. ഇതു വർജ്ജിക്കേണ്ട ഒരു ദോഷമാണ്. ഇപ്രകാരമുള്ളവർ ഗൗരവമേറിയ ജീവിതപ്രശ്നത്തോടു വിദ്യാഭ്യാസത്തിനുള്ള ബന്ധത്തെ വിസ്മരിക്കാനിടയുണ്ട്. അവർ സാധാരണമായ സാമുദായികപ്രസ്ഥാനത്തോടു വിഘടന ഉണ്ടാവാനിടയുണ്ട്. നേരെമറിച്ചു നമ്മുടെ വിദ്യാഭ്യാസപ്രവർത്തകന്മാരുടെ കൂട്ടത്തിൽ പ്രായോഗികമനുഷ്യൻ എന്നഭിമാനിക്കുന്നവരും ധാരാളം ഉണ്ട്. ഇവരാകട്ടെ ഭീരുക്കളെ ഭയപ്പെടുത്തുന്ന ഏതു ദുർഘടഘട്ടത്തേയും സഹിക്കാൻ തയ്യാറുള്ള അത്യുത്സാഹികളായും സാഹസികന്മാരായും നിരോധിക്കാൻ ഒരുക്കമുള്ളവരാണ്. ഇങ്ങനെയുള്ള പ്രായോഗികമനുഷ്യർക്കും പ്രത്യേകവിദഗ്ദ്ധന്മാർക്കും അധികാരികളിൽനിന്നും വളരെ തുച്ഛങ്ങളും ഉപദ്രവകരങ്ങളുമായ പരിഷ്കാരങ്ങളെ മാത്രമെ മന്ദമന്ദമായി അപഹരിക്കാൻ സാധിക്കയുള്ളു. സമുദായത്തിലെ ഉയർന്നവരുടെ രക്ഷയ്ക്കുവേണ്ടി നമ്മുടെ ജനതയുടെ ഭൂരിഭാഗത്തിനു നിർദ്ദയമായും നിരന്തരമായും നിഷേധിക്കപ്പെട്ട അവകാശങ്ങളെ പററി തീവ്രമായി വാദിക്കുന്നതിന് ഇവർ അപ്രാപ്തന്മാരാണ്. നിസ്സാരമായ സ്വാർത്ഥചിന്തയില്ലാത്തവരും ഒരു പുതിയതും എല്ലാവരുടേയും അവകാശങ്ങളെ രക്ഷിക്കുന്ന സമുദായത്തിൻെറ സൃഷ്ടിയിൽ അല്പമായിട്ടെങ്കിലും സഹായിക്കുന്നതിനും അത്യാഗ്രഹമുള്ളവരും ആയ പുരുഷന്മാരേയും സ്ത്രീകളേയും അവരുടെ കൊടിക്കീഴിൽ ചേർക്കുന്നതിന് ഇവർക്ക് സാധിക്കയില്ല. ഇന്നത്തെ കൊള്ളാവുന്ന വിദ്യാഭ്യാ

സപ്രവൎത്തകന്മാരോടു നിർബന്ധിച്ചു ചോദിക്കുന്നതായാൽ ഇൻഡ്യയിലെ വിദ്യാഭ്യാസപ്രവൎത്തകന്മാരുടെ ഇടയിൽ (പക്ഷേ ക്ഷന്തവ്യമായിരുന്നേക്കാം) വിദ്യാഭ്യാസസംബന്ധമായ പരമാദൎശം നിശ്ശേഷം ഇല്ലെന്നു സമ്മതിക്കാതിരിക്കയില്ല. നമ്മുടെ സാമ്പത്തികവും സാമുദായികവും രാഷ്ട്രീയവുമായ ജീവിതത്തിനോടു ഘടിപ്പിച്ചു സഹചരിപ്പിക്കാതെ നമുക്കു നമ്മുടെ ആദൎശത്തെ വിദ്യാഭ്യാസപരിഷ്കാരത്തോടു ഘടിപ്പിക്കാൻ സാധിക്കയില്ല. വിജയത്തിൽ പൎയ്യവസാനിക്കണമെന്നു നാം ആശിക്കുന്ന ഏതു വിദ്യാഭ്യാസപ്രസ്ഥാനത്തിലും ഒരുൽബുദ്ധമായ സാമുദായികോദ്ദേശ്യം ഉണ്ടായിരിക്കണമെന്നു ഞാൻ വീണ്ടും പറയുന്നു.

# പുസ്തകാഭിപ്രായം.

## ജലന്ധരവിജയം.

ഗ്രന്ഥകൎത്താക്കൾ:— 1. വെമ്പിളിയസ്സ ലക്ഷ്മണൻനമ്പൂരിപ്പാട്ട്.
2. വിദ്വാൻ ഏളയിടത്തു് നീലകണ്ഠൻനമ്പൂരി.

പൂൎവ്വകാവ്യകാരന്മാരുടെ രീതിയെ അനുസരിച്ചു് എട്ടു സൎഗ്ഗങ്ങളായി ഉണ്ടാക്കിയ ഒരു ലഘുകാവ്യമാണു ഞങ്ങളുടെ മുമ്പിലിരിക്കുന്ന 'ജലന്ധരവിജയം'. ശിവാംശസംഭൂതനായ ജലന്ധരൻ ദേവേന്ദ്രനെ യുദ്ധംചെയ്തു തോല്പിച്ചു ദേവലോകത്തുനിന്നു് ഓടിക്കയും അശരണനായി ഭവിച്ച ഇന്ദ്രൻ മഹാവിഷ്ണുവിനെ സ്മരിച്ചപ്പോൾ ഭക്തവത്സലനായ ഭഗവാൻ ഉടനെ ജലന്ധരനോടു യുദ്ധത്തിന്നു പുറപ്പെടുകയും, അദ്ദേഹത്തിനും അപജയം സിദ്ധിച്ചുവെങ്കിലും അസുരാധിപന്റെ വീൎയ്യപരാക്രമങ്ങളെ ഓൎത്തു വിസ്മയിച്ചു് എന്തു വരമാണു വേണ്ടതെന്നു് അയാളോടു ചോദിച്ചതിൽ അസുരൻ നിന്ദാഭാവത്തോടുകൂടി തന്റെ ഗോപുരദ്വാരത്തിൽ കാവൽനില്ക്കുവാൻ വിഷ്ണുവിനോടു് ആജ്ഞാപിക്കയും വേറെ ഉപായമൊന്നുമില്ലെന്നുകരുതി വിഷ്ണു അതനുസരിക്കയും ചെയ്തു എന്നാണു കഥയുടെ ചുരുക്കം.

തന്നുടൽക്കുടയകാർനിറം തുലോം
വന്നുചേൎന്ന ഹൃദയത്തിനും സ്വയം
എന്നുടൻ പ്രകൃതികൊണ്ടു കാട്ടിനാ-
നെന്നുമാളുകളെയാ ജലന്ധരൻ.

എന്നാണ കവി നായകനെ വണ്ണിച്ചിരിക്കുന്നതു്. ഇങ്ങനെയുള്ള അസുരന്റെ പീഡകളിൽനിന്ന ജനങ്ങളെ രക്ഷിക്കാൻ മഹാവിഷ്ണുവിന സാദ്ധ്യമല്ലെങ്കിൽ ആക്കാണ സാധിക്കുന്നതു്? കൃത്യാകൃത്യോപദേശം ചെയ്യുക എന്നതു കാവ്യത്തിന്റെ ഉദ്ദേശ്യങ്ങളിൽ ഒന്നല്ലെന്ന വാദിക്കുന്നതായാൽതന്നെ ഒരു കാവ്യം വായനക്കാരെ അധമ്മനിരതന്മാരാകാൻ സഹായിക്കുകയാണെങ്കിൽ അതു കുറെ കഷ്ടമല്ലെ? ദുഷ്ടന്മാക്ക ചിലപ്പോൾ ലോകത്തിൽ വിജയം സിദ്ധിക്കുന്നതായി കാണുന്നുണ്ടെങ്കിലും കാവ്യലോകത്തിൽ അങ്ങിനെ വരാതിരിക്കാൻ കവികൾ ശ്രദ്ധിക്കേണ്ടതാണു്. ആട്ടക്കഥയെ അനുസരിച്ചുണ്ടാക്കിയതുകൊണ്ടാണ പ്രസ്തുത കൃതിക്കു ന്യൂനത പററിപ്പോയതെന്നു ഞങ്ങൾക്കുതോന്നുന്നു. നായകൻ ദേവേന്ദ്രനെ ജയിച്ചതോടുകൂടി കഥ അവസാനിപ്പിച്ചിരുന്നെങ്കിൽ ഇന്ദ്രന്റെ അഹങ്കാരത്തിന് തക്കതായ ശിക്ഷ കിട്ടിയെന്ന സമാധാനപ്പെടാമായിരുന്നു. അതിനാൽ ഇതിലെ അവസാനത്തെ സഗ്ഗം അനാവശ്യമായിപ്പോയി എന്നാണ ഞങ്ങളുടെ അഭിപ്രായം.

ഇതിലെ എല്ലാ ശ്ലോകങ്ങളും കവികളുടെ വാസനയേയും പാണ്ഡിത്യത്തേയും വിളിച്ചുപറയുന്നുണ്ടു്. മാതിരി കാണിപ്പാൻ രണ്ടു ശ്ലോകങ്ങൾ താഴെ ചേക്കുന്നു.

1. ബിലമതിലിവിടെസ്സുദ്രാഗികാമീജനത്താ-
ലലസമപഹരിക്കപ്പെട്ടു പട്ടെന്നമൂലം
വിലസിനമണിസംഘാതാംശുവെച്ചെന്നൊട്ടപ്പൂ
നലമിയലിനമുഗ്ദ്ധസ്ത്രീകൾ ചീനാംശുബുദ്ധ്യാ.

2. കരൾകവരുമിതിന്നുള്ളഗൃദ്ധ്രാവള്യലക്ഷ്മീ-
ഭരബഹുലബലത്താലിങ്ങഹസ്സെന്ന രാവും
ഇരവുഗഢുവിതെന്നോ, ഹന്ത! ശൂലീഗളോദ്യൽ
ഗ്ഗരളതിമിരശക്ത്യാ വാസരം താനുമോപ്പൂ.

എന്നാൽ 'സമീപമേല്പതിന സമീഹയാക്കമി—ല്ല, മീനലോചനയിലമീലിതാശയാൽ' 'സുധാശനക്ക സുരകുലത്തോടുണ്ടനേ—കധാ കരൾ ത്തടമതിലുററമത്സരം' എന്നിങ്ങനെ മിക്കശ്ലേകങ്ങളിലേയും പാദാന്തസ്ഥപദങ്ങളെ അപകടമായി മുറിച്ചതുകൊണ്ടു ശ്രവണസുഖത്തിന്നു ഭംഗം വന്നിട്ടുണ്ടു്. "പറപറന്നുഭയന്നു ഖഗേശചരൻ—ചറയിലോറയിലോട്ട മതേവിധം' എന്നും 'വളരുമാ സുരകീത്തിമുഴക്കി കൈ—വളവിലാളവിലാപരവത്തെയും' എന്നുംമററും പ്രയോഗിച്ചിരിക്കുന്നതു പ്രാസഭ്രമംമൂലമാണെന്നുള്ളതിന്നു സംശയമില്ല. ഇങ്ങനെ ചില ദോഷങ്ങൾ പറവാനുണ്ടെങ്കിലും, ഇതു് ആകപ്പാടെ നല്ല കാവ്യങ്ങളുടെ കൂട്ടത്തിൽ ഗണിക്കാമെന്നുതന്നെയാണു് ഞങ്ങളുടെ അഭിപ്രായം.

## 3. കഥാദീപിക.

ഗ്രന്ഥകർത്താ:—വെൺമിളിയസ്സ് ലക്ഷ്മണൻ നമ്പൂരിപ്പാട്.

പ്രസ്തുതകൃതിയിൽ അഭിനവഭീഷ്മൻ, ധീരനിശ്ചയം, ഹേമപ്രഭ, കർമ്മയോഗി എന്നീ നാലു ഖണ്ഡകാവ്യങ്ങൾ അടങ്ങിയിരിക്കുന്നു. ആദ്യത്തേതു പിതൃപ്രീത്യർത്ഥം സ്വായത്തമായ രാജ്യാവകാശം ഉപേക്ഷിച്ച ചിററൂർ രാജകുമാരൻെറ കഥയും രണ്ടാമത്തേതു ശ്രീകൃഷ്ണവിലാസത്തിൻെറ കർത്താവായ പ്രഭാകരപട്ടേരിയെപ്പററി കേട്ടിട്ടുള്ള സുപ്രസിദ്ധമായ ഐതിഹ്യവും, മൂന്നാമത്തേതു മഹാഭാരതത്തിൽ മാർക്കണ്ഡേയപർവ്വത്തിൽനിന്നെടു ധർമ്മവ്യാധൻെറ കഥയും ആകുന്നു. സ്വാർത്ഥത്യാഗത്തിൻേറയും ഗുരുഭക്തിയുടേയും സ്വകർമ്മാനുഷ്ഠാനത്തിൻേറയും മാഹാത്മ്യങ്ങളാണു് ഈ കഥകളിൽനിന്നു മനസ്സിലാക്കാനുള്ളതു്. ഹേമപ്രഭ വെറും ഒരു കെട്ടുകഥയാണു്. ‘കാമത്തിനും കണ്ണില്ലെന്നു’ മാത്രമല്ലാതെ ഇതിൽനിന്നൊന്നും പഠിക്കാനില്ല. നമ്പൂരിപ്പാട്ടിലെ കവിതക്കു സഹജമായുള്ള ഗുണങ്ങൾ പ്രസ്തുതകൃതിയിലും ഏറെക്കുറെ തെളിഞ്ഞുകാണുന്നുണ്ടു്. ‘ആഡംബരപ്രകടനത്തിലുള്ള അലങ്കാരപ്രയോഗം കാൺകയില്ല. ഭാവം എവിടെയും പ്രസന്നം. ശബ്ദത്തിന്നു് ഒരിടത്തും സാഹങ്കാരമായ തള്ളൽ ഇല്ലെന്നുതന്നെ പറയാം” എന്നു് അവതാരികകർത്താവു പറഞ്ഞിട്ടുള്ളതിനോടു ഞങ്ങൾ മിക്കവാറും യോജിക്കുന്നു. പക്ഷെ കവിക്കു സംസ്കൃതവൃത്തങ്ങളെപ്പോലെ ദ്രാവിഡവൃത്തങ്ങൾ അത്രതന്നെ സ്വാധീനമല്ലെന്നും വെളിവാകുന്നുമുണ്ടു്. ദ്രാവിഡവൃത്തങ്ങളിൽ എഴുതപ്പെടുന്ന കവിതക്കു് അവശ്യം വേണ്ടതായ ലാളിത്യം എന്ന ഗുണം ഇതിന്നു കുറെ കുറവാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ഈ പുസ്തകത്തിൻെറ അച്ചടിയെപ്പററി ഒരു വാക്കു പറയാതിരിപ്പാൻ ധൈര്യമില്ല. ഇത്ര മോശമായി അച്ചടിച്ച പുസ്തകങ്ങൾ ഞങ്ങൾ അധികം കണ്ടിട്ടില്ല. ഇതിൽ അച്ചടിപ്പിഴകൾ കണക്കിലധികം ഉണ്ടെന്നു മാത്രമല്ല അച്ചടിദൂഷ്യം വായനക്കാരെ വളരെ ക്ലേശിപ്പിക്കുകയും ചെയ്യുന്നുണ്ടു്. എത്രനല്ല കൃതികളായാലും അവയെ ഈ മാതിരി അച്ചടിപ്പിച്ചു വിടുന്നപക്ഷം, അർഹിക്കുന്ന പ്രചാരം അവയ്ക്കു് ഒരിക്കലും ഉണ്ടാകുന്നതല്ലെന്നു ഗ്രന്ഥകാരനും പ്രസാധകനും ഓർത്താൽനന്നായിരിക്കും.